
# മലങ്കരസഭ

THE MALANKARA

OCTOBER 2020

MALAYALAM MONTHLY,
Vol-64, Issue-10_ ₹20




10 YEARS ANNIVERSARY

പരിപാലനയുടെ പത്ത് വർഷങ്ങൾ

‘കടമ മറന്നാലും, കരുണ മറക്കരുത്’

# ദീപമെ നയിച്ചാലും



## L.L. Dr.Zachariah Mar Theophilos Metropolitan

**(മൂന്നാം ഓർമ്മ)**

17 August 1952
24 October 2017


**കാരുണ്യത്തിന്റെ നിർത്ധരി,**
**പാവങ്ങളുടെ മെത്രാപ്പോലീത്തായിക്ക് പ്രണാമം**

With Prayer

Of ZMART Foundation

Reg. No. 31/IV/2019 F.9/87, Haritha Nagar Colony, Chevarambalam P.O., Kozhikode-673017
e-mail: zmartfoundation@gmail.com

**Best wishes from**
**The Diocese of Ahmedabad**
**At the onset of our prayerful celebrations on completing a Glorious Decade!**





**THE ORTHODOX**
**DIOCESE OF AHMEDABAD**
**CONSTITUTED ON 2ND OF MARCH, 2009 (KALPANA NO. 93/2009)**
**BY H.H. MORAN MAR BASELIOS MARTHOMA DIDYMOS I**

MALANKARA METROPOLITAN & CATHOLICATE OF THE EAST:
**H. H. MORAN MAR BASELIOS MARTHOMA PAULOSE II**
DIOCESAN METROPOLITAN: **H. G. DR. GEEVARGHESE MAR YULIOS**

DIOCESE OFFICE: ST. THOMAS BISHOP'S HOUSE, ST. MARY'S SCHOOL CAMPUS, NARODA, AHMEDABAD, GUJARAT.

**REGION: INDIA AND SULTANATE OF OMAN**
INDIA: GUJARAT, RAJASTHAN & MADHYAPRADESH
SULTANATE OF OMAN: MUSCAT, GHALA, SOHAR & SALALAH






# എം.ഒ.സി. ബുക്സ്

## മലങ്കര ഓർത്തഡോക്സ് സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണ വിഭാഗം

Mob.: 0481-2561305
e-mail: mocpublications@gmail.com

**Branches:** Erayilkadavu Kottayam | Parumala Seminary | Devalokam Aramana

ഭദ്രാസന കേന്ദ്രങ്ങളിൽ പുസ്തക ശാലകൾ പ്രവർത്തിക്കുന്നു

പരിശുദ്ധ സുന്നഹദോസിന്റെ അംഗീകാരത്തോടെ ജർമ്മൻ ഭാഷയിൽ വി. കുർബ്ബാന ക്രമം പ്രസിദ്ധീകരിക്കുന്നു.




` 750

### പരിഷ്ക്കരിച്ച വി. ഏവൻഗേലിയോൻ പ്രസിദ്ധീകരിച്ചു

ഭാഷാശുദ്ധി വരുത്തിയ പുതിയ ഏവൻഗേല്യോൻ പ്രസിദ്ധീകരിച്ചു. 2016–ൽ പ്രസിദ്ധീകരിച്ച വിശുദ്ധ ഏവൻഗേല്യോൻ പുസ്തകം 2020 നവംബർ 1 മുതൽ 30 വരെ തീയതികൾക്കകം കോട്ടയം, പരുമല എം.ഒ.സി. കൗണ്ടറുകളിൽ സ്വീകരിച്ച് പുതിയ പുസ്തകം പകരം നൽകുന്നതുമാണ്.

നല്ലയിനം കുന്തിരിക്കം ലഭ്യമാണ്.



എം.ഒ.സി. പ്രസിദ്ധീകരണങ്ങൾ, പള്ളി സാധനങ്ങൾ കൊറിയർ വഴി മുഖേന എത്തിച്ചു നൽകുന്നതാണ്
ബന്ധപ്പെടുക:
0481–2561305, 8111925411



കോവിഡ് 19 മഹാമാരിയെതുടർന്ന് എം.ഒ.സി. പ്രസിദ്ധീകരണങ്ങൾ 5 മുതൽ 35 വരെ വിലക്കിഴിവിൽ ലഭ്യമാണ്.



പ്രൂഫ് റീഡിംഗിന് (മലയാളം) ആളെ ആവശ്യമുണ്ട്.
ഫോൺ: 9447289237



സഞ്ചരിക്കുന്ന പുസ്തക ശാലയുടെ സേവനം ലഭ്യമാണ്.
ഫോൺ : 8111925411








മലങ്കരസഭ
ESTD. 1946
മാസിക

മലങ്കര സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണം . 2020 ഒക്ടോബർ . ലക്കം 10 . പുസ്തകം 64. വില `

വ്യവഹാര രഹിത മലങ്കരസഭ
എന്നതാണ് സ്വപ്നം.
അതാണ് പ്രാർത്ഥന.
അതിനുവേ ണ്ടിയാണ് പരിശ്രമങ്ങൾ.
അതിനെചൊല്ലിയാണ് പഴിചാരലുകൾ.
അതിനെ പ്രതിയാണ് അധിക്ഷേപങ്ങൾ.
അതിനിടയിലാണ് ആതുരതകൾ.
എന്നിട്ടും,
പ്രത്യാശ വെടിയുന്നില്ല.
പ്രയത്നങ്ങൾ ഒടുങ്ങുന്നില്ല.
പ്രതിസന്ധികളിൽ തളരുന്നില്ല.
നിരുപാധികമായ ഈ ദൈവാശ്രയത്തിന്റെ മലങ്കര നസ്രാണിമുഖമാണ്
പ. ബസേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതീയൻ
കാതോലിക്കാ ബാവാ.
പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായി
ദൈവീക പരിപാലനയുടെ ഒരു ദശാബ്ദക്കാലം പിന്നിടുന്ന
പരിശുദ്ധ പിതാവിന് സഭാ മക്കളുടെ പ്രാർത്ഥനാശംസകൾ...!

*  *  *

അകലം പാലിക്കാനാണ് ഇക്കാലം ആവശ്യപ്പെടുന്നത്.
ഒരു പക്ഷേ, കൊറോണാക്കാലത്തിനു മുമ്പേ തന്നെ
ഹൃദയം കൊണ്ടകലം ശീലിച്ചുപോയതുകൊണ്ട്
ഇപ്പോൾ നമ്മിലേറെപ്പേർക്കും അത്ര ഖേദമുണ്ടാവില്ല.
ഒരുമിച്ച് നില്ക്കാനാവാത്ത വിധം
വല്ലാത്തൊരു ഭയവും അവിശ്വാസവും മനുഷ്യർക്കിടയിൽ വർദ്ധിക്കുന്നു.
മനുഷ്യൻ മനുഷ്യനെ പുറത്താക്കികൊണ്ട ിരിക്കുകയാണ്;
തന്റേതായ ശരികൾക്ക് പുറത്തേക്ക് തള്ളിക്കളയുകയാണ്.
ശരിക്കും, ഈരണ്ട് പേരെ ചേർത്ത് വെച്ചാണ്
ക്രിസ്തു ശിഷ്യന്മാരെ അയച്ചതെന്ന തിരുവെഴുത്തോർക്കണം.
എന്നിട്ട്, ഒരുമിച്ച് നടക്കാനാവാതെ പോകുന്ന
നമ്മുടെ ക്രിസ്തുശിഷ്യത്വത്തെയോർത്ത് ലജ്ജിക്കണം.
സത്യമായും,
വിഭജനങ്ങൾ ഏറ്റും വിധമാണ് പുത്തൻ ചരിത്രനിർമ്മിതികൾ പെരുകുന്നത്.
ഓർമ്മകളിലേക്ക് പകയുടെ കട്ട പിടിച്ച ഇരുട്ട് നിറയ്ക്കുന്നു.
ഒടുവിൽ,
ഹത്രാസിലേക്ക് പോലും ഒരുമിച്ച് നീങ്ങാൻ പുതിയ ഇന്ത്യയ്ക്കാവാതെ പോകുന്നു.
തന്റേതല്ലാത്ത കാരണങ്ങൾ കൊണ്ട് ചിതറിപ്പോകുന്ന
പാവം മനുഷ്യരിലേക്കാണ് നാമിനിയുമെത്തേണ്ടത്.
മനുഷ്യനെ തേടുന്ന വെളിച്ചത്തിന്റെ സാക്ഷികളായ
ചില ഏകാന്ത പഥികരെ ഓർത്തെടുക്കുന്നുണ്ട് ഈ ലക്കമത്രയും.
ഇങ്ങേയറ്റം നമ്മുടെ പ്രിയപ്പെട്ട നോബിൻ ഫിലിപ്പ് അച്ചൻ വരെ അതിലുൾപ്പെടുന്നു.

സഖേർ

**മലങ്കരസഭ മാസിക**
കാതോലിക്കേറ്റ് അരമന,
ദേവലോകം,
കോട്ടയം-04
ഫോൺ: 0481- 2573234

**പ്രസിഡന്റ്**
ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത
**ചീഫ് എഡിറ്റർ**
ഫാ. സഖറിയ നൈനാൻ ചിറത്തലാട്ട്
**മാനേജിങ് എഡിറ്റർ**
ഫാ. ഷാലു ലൂക്കോസ് തിരുമംഗലം
**സബ് എഡിറ്റർ**
ഫാ. അലക്സ് തോമസ് നാഴൂരിമറ്റത്തിൽ

**അംഗങ്ങൾ**
ഫാ.ഡോ.റ്റി.ജെ. ജോഷ്വാ
ഫാ. എബ്രഹാം തോമസ് കടക്കാമണ്ണിൽ
അഡ്വ.ബിജു ഉമ്മൻ
പ്രൊഫ. തോമസ് കുരുവിള
ജിജി ജോൺസൺ

മൊബൈൽ: 9744648617, 9947804477, ഇ-മെയിൽ: malankarasabha1946@gmail.com, sabhamasika@yahoo.com,

8 പരിപാലനയുടെ 10 വർഷങ്ങൾ
പ. ബസേലിയോസ് മാർത്തോമ പൗലോസ് ദ്വിതീയൻ ബാവ /
ഫാ. സഖറിയാ നൈനാൻ

10 സാക്ഷി
ഡോ. ഏബ്രഹാം മാർ സെറാഫിം

20 നിയോഗം നേരോടെ നിറവേറ്റുന്ന പരിശുദ്ധ പിതാവ്
അഡ്വ. ബിജു ഉമ്മൻ

22 ആത്മാവിൽ എരിഞ്ഞ റമ്പാച്ചൻ
ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്

24 ജീവിത പുസ്തകം
ടി.കെ

26 പ്രകാശം പരത്തിയ പുണ്യ ജീവിതം
ഫാ. സിബി തോമസ്/പി.ഡി. ബേബി പാറയ്ക്കൽ

29 കടമ മറന്നാലും കരുണ മറക്കരുത്
ഫാ. അജി ഏബ്രഹാം നിലമ്പൂർ


33 മാർ തേവോദോസിയോസ് കാരുണ്യത്തിന്റെ കർമ്മയോഗി
ഫാ. രാജു തോമസ് റമ്പാൻ, ഭിലായി

39 നാം ഏക ശരീരം
ഫാ. കെ. എം. ജോർജ്

പംക്തികൾ
വേദധ്യാനം
പഴയ നിയമ പഠനം
പുതിയ നിയമ പഠനം
ആരാധനാ പഠനം
മനഃപൂർവം
കുടുംബവിശേഷം.

പരിപാലനയുടെ പത്ത് വർഷങ്ങൾ

മലങ്കരസഭ
THE MALANKARA SABHA



മുഖചിത്രം
റ്റിറ്റസ് പി ശാമു. പഴഞ്ഞി

കല
അമേക, കൊച്ചി

സർക്കുലേഷൻ മാനേജർ
കെ.എ. ജോൺ
9744648617
അക്കൗണ്ടന്റ്
ബിജു വർക്കി
9947804477
ഗ്രാഫിക് ഡിസൈൻ
ജിന്റോ കറിച്ചി
9947124980

Bank
S.B.I Devalokam, Account Name
& Number- Malankara Sabha
(57017053203)
IFSC Code - SBI N 0070820

Read online:
www.malankarasabhaonline.com



# മഹാപുരോഹിത സന്ദേശം

'ജീവനുള്ളവരെയും മരിച്ചവരെയും വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാൻ ഇരിക്കുന്നവനും തന്റെ രാജ്യത്തിന് അവസാനമില്ലാത്തവനുമായ യേശുമശിഹായിൽ ഞങ്ങൾ വിശ്വസിക്കുന്നു' എന്ന പൗരസ്ത്യ സഭയിലെ വിശ്വാസപ്രമാണത്തിലെ പ്രഖ്യാപനം ക്രിസ്തീയ ജീവിതത്തിലെ നിത്യതയെയും പ്രത്യാശയെയും അതിന്റെ ആഴത്തിലും സമഗ്രതയിലും പ്രതിഫലിപ്പിക്കുന്നുണ്ട്. പരിശുദ്ധ സ്ലീബാ പെരുന്നാളിന് ശേഷമുള്ള പരിശുദ്ധ സഭയുടെ ഞായറാഴ്ച വായനകളിൽ പ്രത്യേകമായും കർത്താവിന്റെ രണ്ടാമത്തെ വരവിന്റെ ലക്ഷണങ്ങളെയും, 'വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനായി നോക്കിപ്പാർക്കുന്ന' ഓരോ വിശ്വാസിയുടെയും ജീവിതത്തിൽ ഉണ്ടായിരിക്കേണ്ട നിതാന്ത ജാഗ്രതയെയും ഉണർവിനെയും ഓർമ്മപ്പെടുത്തുന്നുണ്ട്. ലോകം എനിക്കും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു എന്ന് സത്യമായും ജീവിതംകൊണ്ട് സക്ഷിക്കുവാൻ കഴിയുമ്പോൾ മാത്രമാണ് നമ്മുടെ വിശ്വാസജീവിതം ക്രിസ്തുയേശുവിൽ കേന്ദ്രീകൃതമായി മാറുന്നത് എന്ന് നാം മറന്നുപോകരുത്. പ്രാർത്ഥനകൊണ്ടും സ്നേഹംകൊണ്ടും ദാനംകൊണ്ടും നേടിയെടുക്കേണ്ട ദൈവരാജ്യത്തിന്റെ നിത്യ സന്തോഷാനുഭവങ്ങളെ ധനത്തിനുവേണ്ടിയും നൈമിഷികമായ സുഖങ്ങൾക്കുവേണ്ടിയും നഷ്ടപ്പെടുത്തുന്ന ഒരു തലമുറയുടെ പ്രതിനിധികളായി ക്രിസ്ത്യാനിക്ക് ജീവിക്കുവാൻ അവകാശമില്ല. ദൈവമക്കൾക്ക് വാഗ്ദാനം ചെയ്തിട്ടുള്ള നിത്യജീവന്റെ അനുഭവങ്ങളെ പ്രാപിക്കുവാനായി ഈ ലോകത്തിന് ക്രൂശിക്കപ്പെട്ട ജീവിതം നയിച്ച് ദൈവത്തെ പ്രതിഫലിപ്പിച്ചവരാണ് പ. പരുമല തിരുമേനിയെപ്പോലുള്ള വിശുദ്ധന്മാർ. പരുമല പുണ്യവാളന്റെ പെരുന്നാൾ വീണ്ടും സമാഗതമാകുമ്പോൾ ആ പരിശുദ്ധ സാക്ഷ്യജീവിതം നമ്മോട് സംവദിക്കുന്നത് നിർമ്മലമായ ദൈവഭക്തിയുടെയും കഠിന തപസ്സിന്റെയും ഉദാത്തമനുഷ്യസ്നേഹത്തിന്റെയും വിനയത്തിന്റെയും വിശുദ്ധ ജീവിതത്തിന്റെയും ശ്രേഷ്ഠ പാഠങ്ങളെയാണ്. ഓരോ വിശുദ്ധനും സത്യത്തിന് സാക്ഷ്യം നിന്നവരാണ്. ദൈവസ്നേഹത്തെ കർമ്മപഥങ്ങളിൽ പ്രതിഫലിപ്പിച്ചവരാണ്. ലോകത്തിന് ദൈവത്തെ നഷ്ടപ്പെടാതിരിക്കുവാൻ പ്രാർത്ഥനയിൽ നിതാന്ത ജാഗ്രത പുലർത്തിയവരാണ്. പരിശുദ്ധ സഭയെ 'കൂദാശ് ഈത്തോയുടെ' അനുഭവത്തിൽ എന്നും പ്രതിഷ്ഠിച്ച് നിലനിർത്തിയവരാണ്. ഈ ഉത്തരവാദിത്വമാണ് ഓരോ സഭാമക്കൾക്കും നിർവ്വഹിക്കുവാനുള്ളത് എന്ന ബോധ്യം നമുക്കുണ്ടാകണം. നമുക്ക് സഞ്ചരിക്കുവാൻ വിശുദ്ധിയുടെ പുതുസാക്ഷ്യജീവിതപാത കാട്ടിത്തന്ന പ. പരുമല തിരുമേനിയുടെ പെരുന്നാൾ ആചരണം വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവൻ പ്രാപിക്കുവാൻ തക്കവണ്ണം നമുക്ക് അനുഗ്രഹദായകമായി തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

**ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**



ප. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ
/ഫാ. സഖറിയ നൈനാൻ

# 10 പരിപാലനയുടെ വർഷങ്ങൾ

**ප. സഭയുടെ പരമാധ്യക്ഷനായി പിന്നിട്ട പത്തു വർഷങ്ങളിലെ ദൈവ നടത്തിപ്പിന്റെ നാൾവഴികളെക്കുറിച്ച് പ. പിതാവ് മനസ്സ് തുറക്കുന്നു.**

ദൈവനിയോഗത്താൽ മലങ്കരസഭയുടെ പ്രധാന മേലധ്യക്ഷ പദവിയെന്ന സ്ഥാനമേറ്റതിന്റെ ഞെട്ടൽ ഇതുവരെയും മാറിയിട്ടില്ല എന്നതാണ് വാസ്തവം. ഇത് സ്വീകരിച്ച നിമിഷം മുതൽ ഇന്നെയോളം ഒരു ദൈവനിശ്ചയവും നടത്തിപ്പും ഒപ്പമുണ്ട് എന്നത് മനസ്സിലെ അനുഭവമാണ്. 2010 നവംബർ ഒന്നാം തീയതി ഭരണചുമതലയേറ്റതു മുതൽ സഭാ സംബന്ധിയായ എല്ലാ കാര്യങ്ങളിലും പ്രശ്നങ്ങളിലും പ്രതിസന്ധികളിലും അവസാന വാക്ക് പറയേണ്ട വ്യക്തി എന്ന നിലയിൽ മറുപടി നല്കാൻ ഞാൻ നിർബന്ധിതനാണ്. ചില സംഗതികളിൽ തുറന്ന് പ്രതികരിക്കാൻ പ്രയാസമുണ്ടാകും. പറഞ്ഞതിൽ ചിലത് അപ്രിയ സത്യങ്ങളായിരിക്കും. പറഞ്ഞതിന്റെയും പറയാത്തതിന്റെയും ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. (ചിരിയോടെ).

പൗരോഹിത്യ ജീവിതത്തിലെ എട്ടു വർഷത്തോളം ഏറണാകുളം പള്ളിയുടെ അസി. വികാരിയായി സേവനമനുഷ്ഠിച്ചു. ഭരണപരമായ കാര്യങ്ങളിൽ പ്രത്യേക പങ്കൊന്നും എനിക്കവിടെ ഉണ്ടായിരുന്നില്ല. ഇതല്ലാതെ മറ്റൊരു ഇടവക ഭരണ പരിചയവും ഉണ്ടായിട്ടുമില്ല. തുടർന്ന് മേല്പട്ട സ്ഥാനത്തേക്ക് വിളിക്കപ്പെട്ടു. അതുകൊണ്ട് തന്നെ ഭരണപരമായ ഏതൊരു വിഷയങ്ങളിലും ഒരു തീരുമാനമെടുക്കേണ്ടി വരുമ്പോൾ മൂന്ന് ഘടകങ്ങളാണ് ഇന്നും ഞാൻ മാനദണ്ഡങ്ങളാക്കുന്നത്. ഒന്നാമത്, ഈ വിഷയത്തിലുള്ള ദൈവത്തിന്റെ ആലോചന എന്തായിരിക്കും. രണ്ടാമത്തെ മാനദണ്ഡം നിയമ സംഹിതകളാണ്. ഈ വിഷയത്തിൽ നിയമം എന്താണ് അനുശാസിക്കുന്നത്. കാരണം, നിയമത്തിൽ നിന്നുള്ള വ്യതിചലനം ഭരണപരമായ കാര്യങ്ങളിൽ വീഴ്ച വരുത്തും. മൂന്നാമത്തേത്, എന്റെ മനസാക്ഷിയാണ്. പ്രാർത്ഥനയിൽ വെളിപ്പെടുന്ന ദൈവഹിതവും നിയമം നല്കുന്ന വ്യാഖ്യാനവും മനസാക്ഷിയുടെ ഉദ്ബോധനവും ഒരേപോലെ വരുന്നപക്ഷം പിന്നെ ഇടം വലം നോക്കാറില്ല. അത്തരത്തിൽ രൂപപ്പെടുന്ന തീരുമാനങ്ങളിൽ യാതൊരു വിധ ബാഹ്യസ്വാധീനവും ഉണ്ടായിട്ടുമില്ല.

2013 മുതലാണ് പരുമല ആശുപത്രിയിലേക്ക് കൂടുതൽ ശ്രദ്ധ പതിയുന്നത്. ചില അസുഖ



കരമായ സാഹചര്യങ്ങൾ അവിടെ ഉടലെടുത്ത പശ്ചാത്തലത്തിൽ ചില കടുത്ത തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതായി വന്നു. 2014 ജനുവരി ഒന്നാം തീയതി ബഹുമാനപ്പെട്ട എം.സി. പൗലൂസച്ചൻ മുഖ്യകാര്യദർശിയായി ആശുപത്രിയിൽ ചുമതലയേറ്റു. സ്നേഹപൂർവ്വമായ നിർബന്ധം അച്ചന്റെ മേൽ ചെലുത്തിയെന്നത് വാസ്തവമാണ്. പലതരത്തിലുള്ള ഉൾകലക്കങ്ങളെയും രാഷ്ട്രീയ സമ്മർദ്ദങ്ങളെയും സമരാഹ്വാനങ്ങളെയും കർശനമായ താക്കീതുകൾ കൊണ്ടാണ് നാം അതിജീവിച്ചത്. ദൈവകൃപയാൽ അന്താരാഷ്ട്ര നിലവാരമുള്ള ചികിത്സാ സൗകര്യങ്ങളോടെ അനുക്രമമായ പുരോഗതിയിലേക്കാണ് ആശുപത്രി മുന്നേറുന്നത്. വായ്പകളും ബാധ്യതകളും വീട്ടുവാൻ വകയുള്ള സാഹചര്യമാണ് നിലവിലുള്ളത്. വ്യക്തിപരമായ അനുഭവം പറഞ്ഞാൽ, എനിക്ക് രോഗം വന്നപ്പോൾ രണ്ട് കാര്യങ്ങളിലാണ് നിർബന്ധം പിടിച്ചത്. ഒന്ന്, പരുമല ആശുപത്രിയിൽ തന്നെയാകണം എന്റെ ചികിത്സ നടക്കേണ്ടത്. രണ്ടാമത്, വിദേശത്തേക്ക് ചികിത്സയ്ക്ക് പോകുവാൻ എന്നെ നിർബന്ധിക്കരുത്. പ. പരുമല തിരുമേനിയുടെ മദ്ധ്യസ്ഥതയും പ്രാർത്ഥനയും അനേകായിരങ്ങൾക്ക് സൗഖ്യം നല്കുന്ന ആസ്ഥാപനത്തോടു ചേർന്ന് എപ്പോഴും ഉണ്ടായിരിക്കും.

ഇനി വ്യവഹാരം സംബന്ധിച്ചുള്ള കാര്യമാണ്. തർക്കവിഷയങ്ങളിൽ മാത്രമല്ല സഭയുടെ എല്ലാ കാര്യങ്ങളിലും ഒരു ത്രിമാന വീക്ഷണം സ്വീകരിക്കാൻ ശ്രമിക്കാറുണ്ട്. സഭയുടെ ഭൂതകാല ചരിത്രം; വർത്തമാനകാല സ്ഥിതി; ഭാവികാല സ്വപ്നങ്ങൾ; ഇവ ഓരോന്നും ആലോചനയിൽ വരും. ചരിത്രഗതിയിൽ സഭ നേരിട്ട പരീക്ഷകളെയും പോരാട്ടങ്ങളെയും കുറിച്ച് വ്യക്തമായ ധാരണ എനിക്കുണ്ട്. വൈദേശിക അധിനിവേശങ്ങളും വേദശാസ്ത്രപരമായ തർക്കങ്ങളും അതിൽപ്പെടും. അതാതു കാലങ്ങളിൽ കോടതി വിധികളും ഭരണാധികാരികളുടെ ഇടപെടലും ഉണ്ടായിട്ടുണ്ട്. വർത്തമാന കാലത്ത് സ്വതന്ത്ര ഭാരതത്തിന്റെ പരമോന്നത നീതിപീഠം പ്രഖ്യാപിച്ച തർക്ക പരിഹാരമാണ് 2017 ജൂലൈ 3-ന് ഉണ്ടായ ബഹു. സുപ്രീം കോടതി വിധി. സഭയെ സംബന്ധിച്ചിടത്തോളം ഭൂതകാലത്തിലെ ഒരു രാജകീയ വിളംബരത്തിന് സമാനമായിട്ടാണ് നാമിതിനെ ഗണിക്കുന്നത്. ഇതിലൂടെ പ്രശ്നപരിഹാരത്തിന് ഒരു ജുഡീഷ്യൽ പ്ലാറ്റ്ഫോം ഉളവായിരിക്കുന്നു. എന്നാൽ നിയമപരമായ ഈ അടിത്തറയിൽ നിന്നുകൊണ്ടല്ലാതെ സൃഷ്ടിക്കാൻ ശ്രമിക്കുന്ന പരിഹാര ശ്രമങ്ങളോടാണ് എനിക്ക് എതിർപ്പുള്ളത്. കാരണം, അത്യുന്നതമായ ഒരു കോടതിവിധിയെപ്പോലും കൈയൂക്കും അതിക്രമവും പണക്കൊഴുപ്പും രാഷ്ട്രീയ ദുഃസ്വാധീനവും കൊണ്ട് മറിമടക്കാൻ ചിലർ ഇപ്പോഴും ശ്രമിക്കുന്നു. നമ്മുടെ മക്കളുടെ മക്കളുടെ കാലത്ത് ഇതിനെചൊല്ലി ഒരു വ്യവഹാരമുണ്ടാകാൻ പാടില്ല എന്നതാണ് നമ്മുടെ ആഗ്രഹം. അതിന് ഈ നിയമപരമായ അടിത്തറ ഉപയോഗപ്പെടുത്തണം എന്നത് മാത്രമാണ് നമ്മുടെ നിർബന്ധം. അതാണ് പലരും 'പിടിവാശിയായി' ആക്ഷേപിക്കുന്നതും. സർക്കാരിന് വേണമെങ്കിൽ നിയമങ്ങളുണ്ടാക്കാം. നീതി വൈകിപ്പിക്കാം. അതിൽ എനിക്ക് സങ്കടമില്ല. നമുക്കൊന്നേയുള്ളൂ. നമ്മുടെ വിശ്വാസികളെ നാം വഞ്ചിച്ചു എന്നു പറയാനിടവരരുത്. (ശബ്ദമുയർത്തി) വി. മാർത്തോമ്മാ ശ്ലീഹായുടെ പിൻതുടർച്ചയും പോർട്ടുഗീസ് പൂർവ്വകാലത്തെ നസ്രാണി പാരമ്പര്യവും നമ്മുടെ രക്തത്തിന്റെ ഭാഗമാണ്. അത് നഷ്ടമാക്കുന്ന ഒരു തീരുമാനത്തിലും എനിക്ക് പങ്കുണ്ടാവില്ല. നാം നമ്മുടെ ജനത്തെ വഞ്ചിച്ചു എന്ന പേരുദോഷം കേൾക്കാൻ എനിക്ക് ഇഷ്ടമല്ല. ഇപ്പോഴത്തെ നിലയ്ക്ക് നിലവിലുള്ള വിധിയും നിയമവും ഭരണഘടനാ വ്യവസ്ഥകളുമാണ് നമ്മുടെ തീരുമാനത്തിന് ആധാരമായി നിലകൊള്ളുന്നത്.

രാഷ്ട്രീയത്തിന്റെ അവസരവാദ നയങ്ങളോട് ചേർന്ന് സഭയുടെ സ്വാതന്ത്ര്യം പണയപ്പെടുത്താൻ നാം ഒരുക്കമല്ല. മാധ്യമങ്ങളെ പ്രീതിപ്പെടുത്താൻ എനിക്കറിയില്ല. സഹോദരീസഭകളുടെ തെറ്റിദ്ധാരണകൾ മാറിവരും എന്ന ഉറപ്പുണ്ട്. ഒറ്റപ്പെട്ടാലും ഇരട്ടപ്പെട്ടാലും എനിക്ക് വ്യസനമില്ല. ദൈവം എന്നെ ഒരു നിയോഗം ഏല്പിച്ചു എന്ന് ഞാൻ വിശ്വസിക്കുന്നു. അതിനാൽ തന്നെ മനുഷ്യരേക്കാൾ അധികമായി ദൈവത്തോടാണ് ഞാൻ പ്രധാനമായും ഉത്തരം പറയേണ്ടത്. തട്ടിക്കൂട്ട് സമാധാനം എന്ന കാൺമാൻ ഭംഗിയുള്ളതും കേൾപ്പാൻ ഇമ്പകരവുമായ ആപ്പിൾ പഴത്തിന്റെ പ്രലോഭനത്തിൽ വീണുപോകാൻ ഞാൻ തയ്യാറല്ല. നിയമപരമായ വ്യവസ്ഥയിൽ രൂപപ്പെടുന്ന സമാധാനം മാത്രമായിരിക്കും ശാശ്വതമായിത്തീരുന്നത് എന്നോർക്കണം.

ഇതുവരെയും ചർച്ചയ്ക്ക് പോകാതിരുന്ന സഭ ഇപ്പോൾ അപ്രകാരം ഒരു ചുവട് വെച്ചതിനും വ്യക്തമായ കാരണമുണ്ട്. നമ്മുടെ നീതി പൂർവ്വമായ ആവശ്യങ്ങളെ ഭരണാധികാരിയെ ബോധ്യപ്പെടുത്തുന്നതിനും അവ്യക്തതകൾ നീക്കുന്നതിനും വേണ്ടിയാണത്. എന്നാലിപ്പോഴും, ചർച്ചകൾ പുരോഗമിക്കുമ്പോഴും ആരാണ് വീണ്ടും കേസുകൾ നല്കുന്നത്? കോടതിവിധി അനുസരിക്കാൻ കൂട്ടാക്കാത്തവർ തന്നെ വീണ്ടും കോടതിയിലേക്ക് പോകുന്നു. അധാർമ്മികതയോടും സത്യസന്ധതയില്ലായ്മയോടും പോരാടുന്നത് ക്രിസ്തീയത തന്നെയെന്നാണ് എന്റെ വിശ്വാസം. എല്ലായ്പ്പോഴും നേര് നിരങ്ങിയേ വരൂ!

ഈ സഭ തന്റേതാണ് എന്ന ബോധ്യം എല്ലാവർക്കുമുണ്ടാകണം. അതിനായി പ്രാർത്ഥിക്കണം. ദൈവം ഭരമേല്പിച്ച ഈ സ്ഥാനം ആസ്വദിക്കാനുള്ളതായി ഇന്നെയോളം തോന്നിയിട്ടില്ല. സഭാസ്വാതന്ത്ര്യത്തെ പ്രതി ദൃഢനിശ്ചയമെടുക്കേണ്ടി വന്നതിനാൽ തന്നെ ഏറെ പ്രിയപ്പെട്ട പലരോടും മുഷിയേണ്ടതായി വന്നിട്ടുണ്ട്. സ്നേഹിതരും ചാർച്ചക്കാരും ഗുരുനാഥന്മാരുമൊക്കെ ചില നേരങ്ങളിൽ അകലം പാലിച്ചു നിന്നിട്ടുണ്ട്. അതിലൊന്നുമിപ്പോൾ ഭാരപ്പെടുന്നില്ല. ദൈവത്തോടുള്ള പ്രാർത്ഥന മാത്രമാണ് ശരണം. പ്രാർത്ഥിക്കുംതോറും പരീക്ഷകൾ ഏറുമെന്നാണ് വി. വേദപുസ്തകവും പിതാക്കന്മാരും നമ്മെ പഠിപ്പിച്ചിട്ടുള്ളത്. സംഘർഷങ്ങൾക്കിടയിലും ദൈവനടത്തിപ്പിന്റെ ബലം അനുഭവിക്കുന്നുണ്ട്. ഇന്നലെയും ഇന്നും നമ്മെ നടത്തുന്നവനായ ദൈവം തമ്പുരാൻ നാളെയും നന്മയിലേക്ക് നമ്മെ നയിക്കും എന്ന പ്രത്യാശയും പ്രാർത്ഥനയും മനസ്സിലെപ്പോഴുമുണ്ട്.

# സാക്ഷി

ഡോ. എബ്രഹാം മാർ സെറാഫിം

"എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരൂശലേമിലും യെഹൂദ്യയിൽ എല്ലാടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും."

അപ്പൊ. പ്രവൃത്തികൾ 1:8

സകല ജാതികളെയും ക്രിസ്തുശിഷ്യത്വത്തിലേക്ക് നയിക്കുവാനുള്ള വിളിയും നിയോഗവും ലഭിച്ചിട്ടുള്ളവരുടെ സഹജഭാവമാകേണ്ടതാണ് സാക്ഷ്യം. ഈ വിഷയം എല്ലാ ക്രൈസ്തവരുടെയും നിരന്തരധ്യാനം ആകേണ്ടതാണ്. മലങ്കരസഭയിൽ ഈ വിഷയം ഇപ്പോൾ സജീവചർച്ചാവിഷയമായത് 2017 ജൂലൈ 3-ലെ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിക്കു ശേഷമാണ്. ഈ പശ്ചാത്തലം ഈ വിഷയം കുറെക്കൂടെ ആഴമായി പഠിക്കുവാൻ നമുക്ക് പ്രേരണ നൽകുന്നു.

### ആരാണ് സാക്ഷി?

'മാർട്ടീറിയ' എന്ന ഗ്രീക്ക് പദമാണ് സാക്ഷിയെന്ന് തർജ്ജമ ചെയ്തിരിക്കുന്നത്. ദൈവത്തിന്റെ കൃപയും മഹത്വവും തന്റെ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും വെളിപ്പെടുത്തുന്ന വ്യക്തിയെയാണ് പുതിയനിയമത്തിൽ ഈ വാക്കുകൊണ്ട് സൂചിപ്പിക്കുന്നത്. ദൈവത്തിനുവേണ്ടിയും ദൈവരാജ്യ ത്തിനുവേണ്ടിയും തന്റെ ജീവനെ നൽകിയ വ്യക്തിയെ യാണ് പുതിയനിയമം സൂചിപ്പിക്കുന്നത്. മാർട്ടിറിയ അഥവാ സാക്ഷി എന്ന വാക്കിന്റെ ഉപയോഗം പുതിയനിയമത്തിൽ രണ്ടു തലങ്ങളിലായി കാണാം. ഒന്നാമത്തേത് വ്യക്തിതലം. രണ്ടാമത്തേത് സമൂഹതലം. സഭയുടെ സാക്ഷ്യം ഈ കാലത്ത് ചർച്ചാവിഷയമാകുമ്പോൾ ഈ രണ്ടു തലങ്ങളും പരിഗണിക്കപ്പെടണം. കാരണം, ഒരു സമൂഹത്തിന്റെ അഥവാ സഭയുടെ സാക്ഷ്യം എന്നത് ആ സമൂഹത്തിലെ വ്യക്തികൾ സാക്ഷ്യജീവിതം നയിക്കുമ്പോഴുണ്ടാകുന്ന പരിണാമമാണ്.

### ആദിമസഭയുടെ സാക്ഷ്യജീവിതം

അപ്പൊ. പ്രവൃത്തികൾ 2:44-47 വരെയുള്ള വാക്യങ്ങൾ ആദിമസഭയുടെ സാക്ഷ്യത്തിന്റെ നേർക്കാഴ്ചയാണ്. വ്യക്തിപരമായി തങ്ങൾക്കുണ്ടായിരുന്നതെല്ലാം വിറ്റ് - പങ്കിട്ട് - സകലവും പൊതുവക എന്ന് എണ്ണി. അവനവൻ ഇല്ലാതായി, ക്രൂശിതനായ ക്രിസ്തുവിന്റെ സ്വയംശൂന്യവൽക്കരണത്തിന്റെ പാതയിലൂടെ സഞ്ചരിക്കുവാൻ തുടങ്ങി. അങ്ങനെ ജീവിച്ച വ്യക്തികളുടെ കൂട്ടായ്മയായ സഭയിൽ അതിന്റെ പ്രതിസ്പന്ദനങ്ങൾ ഉണ്ടായി. പൊതുവക എന്നെണ്ണുവാനും കൂട്ടായ്മ ആചരിക്കുവാനും ഒരുമനപ്പെട്ട് ഭക്ഷണം കഴിക്കുവാനും വലിയ ആനന്ദം അനുഭവിക്കുവാനും ആ സമൂഹത്തിന് കഴിഞ്ഞു. സാക്ഷികളുടെ സമൂഹമായി സഭ മാറി. അങ്ങനെ സഭയുടെ സാക്ഷ്യം ലോകത്തിനു ബോദ്ധ്യമായി. അപ്പോൾ സഭയിലേക്ക് ആളുകൾ ഒഴുകിയെത്തുവാൻ തുടങ്ങി.



ഓർമ്മപ്പെരുന്നാൾ
നവംബർ 1,2 തീയതികളിൽ

### സാക്ഷ്യത്തെക്കുറിച്ചുള്ള ഈ കാലഘട്ടത്തിലെ ചർച്ചയുടെ പ്രശ്നം

എല്ലാ ചർച്ചകളും കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നത് സഭാഗാത്രത്തിന്റെ പൊതുവായ സാക്ഷ്യതലത്തിലാണ്. ചർച്ച ചെയ്യുമ്പോഴൊക്കെ ചർച്ച ചെയ്യുന്നവർ വിസ്മരിക്കുന്ന ഒരു പ്രധാന തലമുണ്ട്. അത് ചർച്ച ചെയ്യുന്നവരുൾപ്പെടെയുള്ളവരുടെ വ്യക്തിപരമായ സാക്ഷ്യത്തിന്റെ തലമാണ്. സഭാഗാത്രത്തിന്റെ സാക്ഷ്യത്തെക്കുറിച്ച് ആകുലപ്പെടുന്നവർക്ക് തങ്ങളുടെ വ്യക്തിജീവിതത്തിലെ സാക്ഷ്യമില്ലായ്മയെക്കുറിച്ച് യാതൊരു ആകുലതകളും ഉണ്ടാകുന്നില്ല. വ്യക്തിതലത്തിലെ സാക്ഷ്യജീവിതത്തിന് സ്വന്തമായ മാനദണ്ഡങ്ങൾ സൃഷ്ടിക്കുകയും അത്തരം ശരികളിൽ ജീവിക്കുകയും ചെയ്യുന്നവർ സഭാഗാത്രത്തിന്റെ സാക്ഷ്യത്തിന് വിശുദ്ധ വേദപുസ്തകത്തിന്റെ മാനദണ്ഡങ്ങൾ പാലിക്കണമെന്ന് ശഠിക്കുന്നു. വിശുദ്ധ വേദപുസ്തകത്തിന്റെ മാനദണ്ഡങ്ങൾ വച്ച് അളന്നാൽ ആർക്കുപറയാനാവും താൻ കർത്താവിന്റെ സാക്ഷിയാണെന്ന്. നമുക്കു ചുറ്റും പാർപ്പിടമില്ലാത്തവനും ഭക്ഷണമില്ലാത്തവനും അന്നന്നത്തെ അഷ്ടിക്കുവകയില്ലാത്തവനും ജീവിക്കുമ്പോൾ ഇന്നു താമസിക്കുന്ന വീടും ഉപയോഗിക്കുന്ന വാഹനവും കഴിക്കുന്ന ഭക്ഷണവും ധരിക്കുന്ന വസ്ത്രത്തിന്റെ വിലയും അവ എത്രയെണ്ണം വരെയാകാം എന്നതും ബാങ്കിലെയും അല്ലാത്തതുമായ നിക്ഷേപങ്ങളും ഒന്നും നമ്മുടെ സാക്ഷ്യജീവിതത്തോടുള്ള മനോഭാവത്തെ വെളിപ്പെടുത്തുന്നതല്ല. അവനവന്റെ ജീവിതത്തെ നേരിട്ട് ചോദ്യം ചെയ്യാതെ സമൂഹത്തിന്റെ ജീവിതത്തെ ചോദ്യം ചെയ്യുന്ന പൊള്ളത്തരത്തിന്റെ വക്താക്കളായി മാത്രമേ അത്തരക്കാരെ കാണുവാൻ കഴിയൂ. ആ വിധത്തിൽ നോക്കുമ്പോൾ സഭാസാക്ഷ്യത്തെക്കുറിച്ച് മുറവിളിക്കുന്നവർക്ക് അതിനെക്കുറിച്ച് പറയുവാൻ എന്ത് ധാർമ്മികതയുണ്ട് എന്നതും പ്രസക്തമാണ്. ഇവിടെ ഒരു നേരായ സമീപനം ആവശ്യമാണ്. സമൂഹത്തിന്റെ സാക്ഷ്യജീവിതത്തെക്കുറിച്ചുള്ള ആകുലതകളും ഒരു പരിധി വരെ നാണക്കേടും ചർച്ച ചെയ്യുമ്പോൾ തന്നെ വ്യക്തിജീവിതത്തിൽ

സാക്ഷ്യം നിർവ്വഹിക്കുന്നില്ലല്ലോ എന്നോർത്ത് അനുതപിക്കുവാനും വിശുദ്ധ വേദപുസ്തകം വ്യക്തികളുടെ സാക്ഷ്യ ജീവിതത്തിനു നിർവ്വചിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ സ്വീകരിച്ച് ക്രിസ്തുവിന്റെ സാക്ഷിയാകുവാൻ പരിശ്രമിക്കുന്നതിനുമാകണം.

### സാക്ഷ്യവും സാക്ഷ്യം പറച്ചിലും

വിശുദ്ധ വേദപുസ്തകത്തിലും ഇത് നാം കാണുന്നുണ്ട്. എന്നാൽ ഇന്നത്തെ സാക്ഷ്യം പറച്ചിലിന് നേട്ടങ്ങളുടെയും സമ്പാദ്യങ്ങളുടെയും കഥയേ പറയുവാനുള്ളു. പുതിയനിയമം മുന്നോട്ടുവച്ച സാക്ഷ്യത്തിന്റെ വിപരീതദിശയിലുള്ള ഒരു സഞ്ചാരമാണിത്. 'ട്രാൻസ്' പോലെയുള്ള സിനിമകൾ ഇത്തരം സാക്ഷ്യം പറച്ചിലിന്റെ പിന്നിലെ രഹസ്യകാര്യപരിപാടികളെയും വ്യാപാര മനഃസ്ഥിതിയെയും നല്ലതുപോലെ തുറന്നുകാട്ടുന്നുണ്ട്. ക്രിസ്തുവിന്റെ മനുഷ്യാവതാര രക്ഷണ്യപ്രവർത്തനങ്ങളിൽ പങ്കാളികളാവുക, അതിന്റെ ഫലം അനുഭവിക്കുന്നവരാവുക, അവന്റെ സാക്ഷികളാവുക തുടങ്ങിയ കാര്യങ്ങളിലൂടെ സഞ്ചരിക്കുന്നവർക്ക് എങ്ങനെയാണ് ക്രൂശിതനായ ക്രിസ്തുവിനെ ഒഴിവാക്കി സഞ്ചരിക്കാനാവുക? ഇന്നത്തെ സാക്ഷ്യം പറച്ചിലിൽ ക്രൂശും കഷ്ടാനുഭവവും അതുമൂലം സംഭവിക്കുന്ന ശുദ്ധീകരണവും ക്രിസ്തുവിനോടുള്ള യോജിപ്പും ഒഴിവാക്കപ്പെടുന്നു. ക്രൂശും കഷ്ടാനുഭവവും ഒഴിവാക്കി ഒരാൾക്ക് ക്രിസ്തുവിന്റെ സാക്ഷിയാകുവാൻ കഴിയില്ല. അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന ക്രിസ്തുവും അവൻ മൂലം ലഭിക്കുന്ന നേട്ടങ്ങളും മാത്രമായി സാക്ഷ്യം പറച്ചിൽ ചുരുങ്ങിയിരിക്കുന്നു. പൗരസ്ത്യ ആദ്ധ്യാത്മികതയുടെ ശക്തി, അത് ക്രിസ്തുവിന്റെ ജീവിതത്തിന്റെ സമസ്തമേഖലകളെയും ജീവിതത്തിൽ പ്രകടിപ്പിക്കുവാൻ വിശ്വാസിയെ പരിശീലിപ്പിക്കുന്നു എന്നതാണ്. പാശ്ചാത്യ ആദ്ധ്യാത്മികതയിൽ ക്രിസ്തുവിന്റെ കഷ്ടാനുഭവ തലം ഒഴിവാക്കപ്പെടുകയും ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് ലഭ്യമാകുന്ന ഭൗതീകനേട്ടങ്ങൾക്കും സുഖങ്ങൾക്കും പ്രഘമസ്ഥാനം നൽകപ്പെടുകയും ചെയ്യുന്നു. കഷ്ടതയുടെ തലം ഇല്ലാത്തതിനാലും ഭൗതീകനേട്ടങ്ങൾ ലഭ്യമാകുമെന്നതിനാലും ഈ ശൈലിക്ക് സ്വീകാര്യത കൂടുതലാണ്. ഈ ശൈലിയുടെ അതിപ്രസരം നമ്മുടെ സഭാമക്കളെയും വല്ലാതെ സ്വാധീനിച്ചിരിക്കുന്നു. സഭാ വിശ്വാസത്തിന്റെയും ആത്മികതയുടെയും കൈക്കാരന്മാരായ വൈദീകരെപ്പോലും ഈ ശൈലി ബാധിച്ചിരിക്കുന്നുവെന്നത് കാര്യമായി പരിഗണിക്കപ്പെടേണ്ടതാണ്. പരിശുദ്ധ പൗലോസ് ശ്ലീഹായുടെ 'ശരീരത്തിലെ മുള്ളും' അത് സഹിക്കുവാനുള്ള കൃപയും ഒക്കെ സാക്ഷ്യം പറച്ചിലുകാർ ശ്രദ്ധിക്കേണ്ടതാണ്. ക്രൂശ് ഒഴിവാക്കിയുള്ള സാക്ഷ്യം പറച്ചിലുകൾ അതിന്റെ ഉദ്ദേശ്യത്തെത്തന്നെ ബാധിച്ചിരിക്കുന്നു.

### പരിശുദ്ധ പരുമലതിരുമേനി എന്ന സാക്ഷി

പരിശുദ്ധ തിരുമേനിയുടെ സാക്ഷ്യജീവിതം ഇതിനോടു ചേർത്തു ചിന്തിക്കണം. ക്രിസ്തുവിന്റെ പാതയിലൂടെ പൂർണ്ണമായി ചരിക്കുവാനും വാക്കിലൂടെയും പ്രവൃത്തിയിലൂടെയും ജീവിതത്തിലൂടെയും ക്രിസ്തു സാക്ഷിയായിത്തീരുവാനും കിണഞ്ഞു ശ്രമിച്ച് വിശുദ്ധിയിലേക്ക് വളർന്ന ഒരു പിതാവിനെയാണ് നാം അനുസ്മരിക്കുന്നത്. സാക്ഷിയായി ജീവിക്കുന്നയാൾ വിശുദ്ധനായി മാറുമെന്ന പാഠമാണ് എല്ലാ വിശുദ്ധരുടെയും. ഈ പരിശുദ്ധന്റെ പെരുന്നാൾ അത്തരം ഒരു ക്രമത്തെ ഓർമ്മപ്പെടുത്തുകയും, ഒരു സാധാരണ മനുഷ്യന് അങ്ങനെയാവാൻ സാധിക്കുമെന്ന് ഉറപ്പു നൽകു കയും സാക്ഷിയും, വിശുദ്ധനും / വിശുദ്ധയുമാവാൻ പ്രേരണ നൽകുകയും ചെയ്യുന്നുണ്ട്. കൂടെ നാം ചോദിക്കേണ്ട പ്രധാന ചോദ്യം ഇതാണ്: ഞാൻ ക്രിസ്തുവിന്റെ സാക്ഷിയായില്ലെങ്കിൽ പിന്നെ ആരാകും അവന്റെ സാക്ഷി!

## പ. സഭയുടെ വിഭവശേഷി സമൂഹത്തിന്റെ പുനഃ സൃഷ്ടിക്കായി ഉപയോഗിക്കും : പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ്

കോവിഡ് രോഗ വ്യാപനം വർദ്ധിക്കുന്ന സാഹചര്യത്തിൽ സമൂഹത്തിന്റെ പുനഃസൃഷ്ടിക്കായി മലങ്കര ഓർത്തഡോക്സ് സഭയുടെ സമ്പൂർണ്ണ വിഭവശേഷിയും പൊതുസംവിധാനങ്ങളോടൊപ്പം ഉപയോഗിക്കുമെന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ ദേവലോകം അരമനയിൽ 2020 സെപ്റ്റംബർ 29 മുതൽ ഒക്ടോബർ 1 വരെ കൂടിയ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് തീരുമാനിച്ചു.

ക്വാറന്റീൻ കേന്ദ്രങ്ങളായി ഉപയോഗിക്കാൻ സഭയുടെ സാധ്യമായ എല്ലാ സ്ഥാപനങ്ങളും ദേവാലയത്തോട് അനുബന്ധിച്ചുള്ള കെട്ടിടങ്ങളും വിട്ടുകൊടുക്കാൻ തീരുമാനിച്ചു. ആൾതാമസം ഇല്ലാത്ത ഭവനങ്ങൾ വിട്ടുകൊടുക്കുവാൻ സഭാ വിശ്വാസികളോട് പരിശുദ്ധ സുന്നഹദോസ് ആഹ്വാനം ചെയ്തു. കോവിഡ് രോഗബാധിതരായി അവശത അനുഭവിക്കുന്നർക്ക് ജാതിമതഭേതമന്യേ സഹായങ്ങൾ എത്തിക്കാൻ ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തെ ചുമതലപ്പെടുത്തി. തൊഴിൽ നഷ്ടപ്പെട്ട പ്രവാസികൾക്ക് സഭയുടെ മാനവ ശാക്തീകരണ വിഭാഗത്തിന്റെ ചുമതലയിൽ വിവിധ തൊഴിൽ മേഖലകളിൽ പരിശീലനം നൽകും. രോഗവ്യാപനത്തിന്റെ ഭീതിയിലും ഏകാന്തതയിലും കഴിയുന്നവർക്ക് ഓർത്തഡോക്സ് മെഡിക്കൽ ഫോറത്തിന്റെയും വിപാസനയുടെയും നേതൃത്വത്തിൽ സൗജന്യ കൗൺസിലിംഗും ആരോഗ്യസേവനങ്ങളും ലഭ്യമാകും. ഇടവക തലത്തിൽ മെഡിക്കൽ ഫോറത്തിന്റെ പ്രവർത്തനം ശക്തമാക്കും. സമൂഹ്യ മാധ്യമങ്ങൾ വഴി വ്യാജ വാർത്തയും വ്യക്തിഹത്യയും ചെയ്യുന്ന സാഹചര്യത്തിൽ സൈബർ നിയമങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുവാൻ സർക്കാരിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു. സഭയുടെ ദൃശ്യമാധ്യമ സമിതിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകി. സഭയുടെ മിഷൻ സൊസൈറ്റിയുടെ പ്രവർത്തനങ്ങളെ വിശകലനം ചെയ്തു. മിഷൻ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിശ്വാസികളുടെ ബോധവത്കരണത്തിനുവേണ്ടിയുള്ള പദ്ധതികൾ രൂപപ്പെടുത്തി. സന്യാസ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കുവേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സമർപ്പിക്കുവാനുള്ള സമിതിയെ നിശ്ചയിച്ചു. വൈദിക സെമിനാരികൾ, പരുമല സെമിനാരി, പരുമല ആശുപത്രി, ബി-ഷെഡ്യൂളിൽപ്പെട്ട സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവയുടെ വാർഷികറിപ്പോർട്ടുകളും കണക്കുകളും അവതരിപ്പിച്ചു. സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ റിപ്പോർട്ട് അവതരിപ്പിച്ചു. പരിശുദ്ധ കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ കൂടിയ സുന്നഹദോസ് യോഗത്തിൽ കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് സഭയിലെ എല്ലാ മെത്രാപ്പോലീത്താമാരും സംബന്ധിച്ചു.

വേദവിചാരം — **ഡോ. യാക്കോബ് മാർ ഐറേനിയോസ്**

2020 ഒക്ടോബർ 18


### സ്ലീബായ്ക്കു ശേഷം അഞ്ചാം ഞായർ

വി: മത്തായി 23: 1–12

ശരീരം വിട്ടവരുടെ സ്ഥിതി എന്ത്? കൃത്യമായി പറയാൻ നമുക്കറിവില്ല. കർത്താവ് പറഞ്ഞുതന്നതാണ് നമുക്കുള്ള അറിവ്! ദൈവം ജീവനുള്ളവരുടെ ദൈവമാണ്; അബ്രഹാമിന്റെയും യിസഹാക്കിന്റെയും യാക്കോബിന്റെയും ദൈവം. അവരൊക്കെ എന്നേ മരിച്ചു പോയി! കർത്താവിന്റെ വാക്കുകൾ പറഞ്ഞു തരുന്നത്, ശരീരം വിട്ടവർ ജീവനുള്ളവർ തന്നെ എന്നത്രെ. പുനരുത്ഥാനം ലഭിക്കുന്ന ആത്മാക്കൾ മാലാഖമാർക്കു തുല്യമാകുന്നു. ഇതാണ് ധർമ്മിഷ്ഠരായവരുടെ സൗഭാഗ്യം. അവർ യാതൊന്നും അറിയാതെ ഉറങ്ങിക്കൊണ്ടിരിക്കുന്നവരാണെന്ന് പഠിപ്പിക്കുന്നത് എത്ര വികലം!

ദൈവം നൽകിയ കല്പനകളെല്ലാം കാച്ചിക്കുറുക്കിയെടുത്താൽ രണ്ടായി സംഗ്രഹിക്കാം. ദൈവത്തെ സ്നേഹിക്കുക, മനുഷ്യനെ സ്നേഹിക്കുക. സകല ന്യായപ്രമാണവും പ്രവചനങ്ങളും ഇവയിൽ ഉള്ളടങ്ങിയിരിക്കുന്നു. മനുഷ്യർ ആത്മ വിമർശനവും, ആത്മപരിശോധനയും നടത്തുമ്പോൾ ഇപ്പറഞ്ഞ രണ്ട് അളവുകോലുകളാണുപയോഗിക്കേണ്ടത്. സ്വജീവിതത്തിൽ ഇവ പാലിക്കാൻ ശ്രമിക്കാൻ സകല മനുഷ്യർക്കും ചുമതലയുണ്ട്. ദൈവത്തെ നമുക്കു ഭയവും സ്നേഹവുമുണ്ട്; എന്നാൽ, സാധാരണമായി സമസൃഷ്ടങ്ങളെ അങ്ങനെ കരുതുകയും സ്നേഹിക്കുകയും ചെയ്യാറില്ല എന്നതാണു വാസ്തവം!

നേതൃത്വവും അധികാരസ്ഥാനങ്ങളും കേവലം അലങ്കാരങ്ങളോ, ഭരണീയരിൽ നിന്ന് ആദരവും സ്തുതി വചനങ്ങൾ കേട്ടാനന്ദിക്കുന്നതിനുള്ള ഉപാധികളോ അല്ല. അധികാരവും ധനമോഹവും "തലയ്ക്കു പിടിച്ചാൽ" അത്തരക്കാരുടെ നേതൃത്വഗുണം ഇല്ലാതെയാവുകയായിരിക്കും ഫലം. ആരെയെങ്കിലും ബോദ്ധ്യപ്പെടുത്താനുള്ള പ്രവൃത്തികൾ തികച്ചും ഫലശൂന്യമായിരിക്കും. ആരാണ് വലിയവൻ? ചെറിയവനെപ്പോലും സ്നേഹിച്ച് ആദരിക്കുന്നവൻ തന്നെ? അവരിൽ നിന്നും പല



മലങ്കര സഭാ മാസികയിൽ ഒരുവർഷമായി വേദവിചാരം പകർന്നത് കൊച്ചി ഭദ്രാസന മെത്രാപ്പോലീത്താ അഭി. ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായാണ്. അഭിവന്ദ്യ തിരുമനസ്സിനോടുള്ള ഭക്ത്യാദരവുകൾ അറിയിക്കുന്നു.

വേദവിചാരം — **ഡോ. യൂഹാനോൻ മാർ തേവോദോറോസ്**

2020 നവംബർ 1

### കുദോശ് ഈത്തോ ഞായറാഴ്ച

**വേദഭാഗം : മത്താ.16:13–20**

വി.സഭയുടെ ആരാധനാവർഷത്തിലെ ആദ്യ ഞായറാഴ്ച അറിയപ്പെടുന്നത് "കുദോശ് ഈത്തോ ഞായർ" എന്നാണ്. അതിന്റെ അർത്ഥം ദേവാലയ ശുദ്ധീകരണം എന്നാണ്. സഭയുടെയും ദേവാലയത്തിന്റെയും ക്രിസ്തീയ ഭവനത്തിന്റെയും വിശ്വാസികളായ ഓരോരുത്തരുടേയും ശുദ്ധീകരണത്തെക്കുറിച്ച് ഓർമ്മപ്പെടുത്തുന്ന ഞായറാഴ്ചയാണിത്.

**1) വിശുദ്ധ ജീവിതത്തിന്റെ അനിവാര്യത**

'വിശുദ്ധി' എന്നതിന് ഹീബ്രുവിൽ 'Kedusha' എന്നും ഗ്രീക്കിൽ 'Hagios' എന്നും പറയുന്നു. ഇതിന്റെ അർത്ഥം 'വേർതിരിക്കപ്പെട്ടത്' എന്നാണ്. സഭയും സഭയിലെ ഓരോ വ്യക്തിയും ദൈവത്തിനായി വേർതിരിക്കപ്പെട്ടവരാണ്. ആകയാൽ വിശുദ്ധനായ ദൈവം സ്ഥാപിച്ച സഭയും വിശുദ്ധമായിരിക്കണം. പരിശുദ്ധ ആത്മാവിനാൽ നയിക്കപ്പെട്ടങ്കിലെ അതു സാധ്യമാകൂ. "പൗലോസ് ശ്ലീഹാ ഓർപ്പിക്കുന്നു, "ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണം തന്നെ" (1 തെസ്സ.4:3). ദൈവത്തിൽ ആശ്രയിച്ച് ദൈവേഷ്ടം മാത്രം ലക്ഷ്യം വച്ച് ജീവിക്കുന്ന ജീവിതത്തിനു വിശുദ്ധിയുടെ പടവുകൾ കയറാൻ സാധിക്കും. വ്യക്തിത്വത്തിന്റെ ദൈവത്തിനായുള്ള സമർപ്പണമാണ് വിശുദ്ധി. "എന്നാൽ ഇപ്പോൾ പാപത്തിൽ നിന്ന് സ്വാതന്ത്ര്യം പ്രാപിച്ച് ദൈവത്തിനു ദാസന്മാരായിരിക്കയാൽ നിങ്ങൾക്കു ലഭിക്കുന്ന ഫലം വിശുദ്ധീകരണവും അതിന്റെ അന്ത്യം നിത്യജീവനുമാകുന്നു" (റോമ.6:22) മാത്രമല്ല, സമൂഹത്തിന്റെ മൊത്തമായ പരിവർത്തനത്തിനായുള്ള പരിശ്രമം വിശുദ്ധിയുടെ ഭാഗമാണ്. ഈ ദർശനം സമൂഹത്തിലെ ഘടനാപരമായ പാപം ഇല്ലാതാക്കാനും നവീനസമൂഹം പടുത്തുയർത്തുവാനും, ക്രൈസ്തവരെ നയിക്കും. സുറിയാനിയിൽ 'സാദ്ദീക്കോ' എന്ന വാക്കിന് നീതിമാൻ, വിശുദ്ധൻ എന്നീ അർത്ഥങ്ങളാണ്. വിശുദ്ധിയും ധാർമ്മികതയും പരസ്പര പൂരകങ്ങളാണ്. നീതി നിഷേധിക്കപ്പെട്ട സമൂഹത്തിൽ നീതിനിർവഹണ

സുകൃതങ്ങളും പഠിക്കാം; അനുകരിക്കാം. എന്നാൽ സ്ഥാനമോഹികളും, സ്ഥാനം ആസ്വദിക്കുന്നവരുമായവരിൽ നിന്നും പഠിക്കാനും അനുകരിക്കാനും ഒന്നുമുണ്ടാവില്ല. ഗുരു, പിതാവ്, നായകൻ (നേതാവ്) ഇത്തരം വിശേഷണങ്ങൾ പൊതുവെ, മനുഷ്യർ ഇഷ്ടപ്പെടുന്നവയാണ്. എന്നാൽ യഥാർത്ഥ ഗുരുവും, പിതാവും, നേതാവും ദൈവം മാത്രം; ഭൂമിയിൽ ഈ പേരുകളിൽ വിളിക്കപ്പെടുന്നവർ, ദൈവമാകുന്ന നായകന് കീഴ്പ്പെട്ട്, വിനയപൂർവ്വം, ഉത്തരവാദിത്തങ്ങൾ നിർവഹിക്കുന്നവരായിരിക്കണം.

"നിങ്ങളെല്ലാവരും സഹോദരങ്ങളാണ്" (മത്താ. 23:8)

സമസ്ത മനുഷ്യരും, നേതാക്കന്മാരുമുൾപ്പെടെ സ്വാംശീകരിക്കേണ്ട തത്വമാണിത്. ക്രിസ്തു ശിഷ്യന്മാർ എല്ലാവരും സഹോദരന്മാരായിരുന്നു. അവരുടെ 'നേതാവ്' കർത്താവും.

2020 ഒക്ടോബർ 25

## സ്ലീബായ്ക്കു ശേഷം ആറാം ഞായർ

**വി: ലൂക്കോസ് 18: 18 – 27**

ആരാണ് പൂർണ്ണൻ?

നമുക്കെല്ലാം അപൂർണ്ണതയോ?

മത്തായി 5:48. തന്റെ പർവത പ്രസംഗത്തിൽ സ്വർഗ്ഗീയ പിതാവിനെ 'സൽഗുണപൂർണ്ണൻ' എന്നാണ് കർത്താവ് പരിചയപ്പെടുത്തിത്തരുന്നത്. അപ്പോൾ സദ്ഗുണങ്ങളിലും പുണ്യങ്ങളിലും നിറവുള്ളയാളിനെ മാത്രമെ "പൂർണ്ണതയുള്ളവൻ" (perfect) എന്നു വിശേഷിപ്പിക്കാനാവൂ. ധർമ്മിഷ്ഠരായ സത്യാന്വേഷികൾ ഇതേ പൂർണ്ണത തേടുന്നവരായിരുന്നു. അവരുടെ അപൂർണ്ണതകളെപ്പറ്റി അവർക്കു ഉത്തമ ബോധ്യമുണ്ടായിരുന്നതിനാൽ, കുറവുകൾ നീക്കാൻ, അവർ സത്യവും പൂർണ്ണതയെയും തേടി. അപൂർണ്ണതയുടെ ബോധ്യമുദിക്കുന്നവർ മാത്രമെ, പൂർണ്ണത അന്വേഷിക്കുകയുള്ളു. ഇപ്പറഞ്ഞത് നമുക്കെല്ലാം ബാധകമാണ്.

ആദ്യത്തെ മൂന്നു സുവിശേഷങ്ങളിലും വർണ്ണിക്കുന്ന ഒരു രംഗമാണ് ഒരു പ്രമാണി (സമ്പന്നൻ) യേശുവിനെ സമീപിച്ച്, നിത്യജീവൻ പ്രാപിക്കുന്നതിനുള്ള മാർഗ്ഗം ആരായുന്നത്. Renunciation (സർവ്വവും ത്യജിക്കുന്നത്) എന്നത് പുരാതന മതങ്ങളിലും, ആത്മീയ സമ്പ്രദായങ്ങളിലും അംഗീകൃതമാണ്. "ഉപേക്ഷിക്കാതെ പ്രാപിക്കയില്ല" എന്നുള്ളത് പരസ്പര വിരുദ്ധമായ വാക്കുകളാണെന്ന്, പ്രഥമ ശ്രവണത്തിൽ തോന്നിയേക്കാം. എന്നാൽ ഇതിൽ പുതിയതായി ഒന്നുമില്ല. ത്രിത്വത്തിൽ രണ്ടാമനായ ദൈവം, തന്റെ മഹിമയെല്ലാം വിട്ടിട്ട് താണിറങ്ങി മനുഷ്യനായിത്തീർന്നു. ഇതാണ് ലോകമറിയുന്ന ഏറ്റവും ഉദാരമായ ത്യജിക്കൽ. അവിടുത്തെ ലോകജീവിതം മുഴുവൻ ഇതിന്റെ ദൃഷ്ടാന്തമാണ്.

'ധനം' എന്നാൽ പണം മാത്രമല്ല; വിലപിടിപ്പുള്ളതായി കരുതുന്നതെല്ലാം ധനമാണ്. ധനത്തിൽ ശരണം വച്ചുകൊണ്ട്, പൂർണ്ണനാകുക അസാദ്ധ്യം! നിത്യജീവൻ പ്രാപിക്കാൻ, ദൈവ കല്പനകൾ അനുസരിച്ചാൽ മതിയാകും.

എന്നാൽ ഉയർന്ന പടി പൂർണ്ണതയുടേതാണ്. വി. മറിയാം പലതും ത്യജിച്ചയാളാണ്. അങ്ങനെയാണ് ദൈവപുത്രനെ സ്വീകരിക്കാൻ യോഗ്യയായത്. "നാസീർ" വ്രതസ്ഥർ പലതും ത്യജിക്കേണ്ടിയിരുന്നു. സന്യാസം സ്വീകരിക്കുന്നവർക്ക് ത്യാഗത്തിന്റെ വഴി മാത്രമേയുള്ളൂ. ത്യജിക്കാത്തവൻ 'യോഗി'യാവുകയില്ല. ലോകധനത്തിൽ ശരണം വച്ച്, അതിൽ മദിക്കുന്നവരുടെ മുമ്പിൽ ദൈവരാജ്യത്തിന്റെ വാതിലുകൾ തുറക്കപ്പെടുകയില്ല. ഇതു പ്രഥമ പടിമാത്രം. അതിനപ്പുറമാണ് പൂർണ്ണതയുടെ വിളി. ആ വഴി തേടുന്നവരുമുണ്ട് എന്നറിയുക!

ത്തിനു മനുഷ്യനെ വിശുദ്ധിയിലേക്കു നയിക്കുന്നു. മനുഷ്യൻ മൗലീകമായി ആഗ്രഹിക്കേണ്ടതും അവകാശിക്കേണ്ടതും വിശുദ്ധിയാണ്. വിശുദ്ധിയുടെ സത്ത ദൈവീക സ്നേഹമാണ്. അതിന്റെ ആവരണം താഴ്മയാണ്. അതിന്റെ പുറംലോകത്തേക്കുള്ള വ്യാപനം പരോപകാര തല്പരതയാണ്. വിശുദ്ധിയില്ലാത്തവനിൽ ദൈവീക സ്നേഹം അല്ല, സ്വാർത്ഥസ്നേഹമേ കാണൂ. താഴ്മയില്ലാത്തിടത്ത് അഹന്തയും, സാമൂഹ്യ പ്രതിബദ്ധതയില്ലാത്തിടത്ത് സ്വാർത്ഥതയിൽ കൊടികുത്തിവാഴുന്ന ജീവിതവുമാവും ഫലം. ആകയാൽ വിശുദ്ധിയെ തികച്ചു മുന്നേറുവാൻ നാം പരിശ്രമിക്കണം. കർത്താവ് മഹാപുരോഹിത പ്രാർത്ഥനയിൽ ശിഷ്യഗണങ്ങൾക്കായി പ്രാർത്ഥിക്കുന്നു, "അവരും സാക്ഷാൽ വിശുദ്ധീകരിക്കപ്പെട്ടവർ ആകേണ്ടതിനു ഞാൻ അവർക്കുവേണ്ടി എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു" (യോഹ.17:19). ഈ പ്രാർത്ഥന നമ്മുടെ അനുഭവമാക്കി തീർക്കുമോ?.

**2) അറിവിന്റെ തലത്തിലെ അപൂർണ്ണത**

"ജനങ്ങൾ മനുഷ്യപുത്രനെ ആർ എന്നു പറയുന്നു" എന്നു യേശു ശിഷ്യന്മാരോടു ചോദിക്കുന്നു. ജനങ്ങൾ തന്നെക്കുറിച്ച് എന്തുപറയുന്നു എന്ന ചോദ്യം, തനിക്കെതിരായി മനുഷ്യർ വല്ലതും പറയുന്നുണ്ടോ എന്ന അസഹിഷ്ണുതാപൂർവ്വമായ അന്വേഷണമായിരുന്നില്ല. പ്രത്യുത തന്റെ സത്യം വേണ്ടുവോളം മറ്റുള്ളവർക്കു മനസ്സിലായോ എന്നറിയാൻ വേണ്ടിയായിരുന്നു. കണ്ടറിവിന്റെയും കേട്ടറിവിന്റെയും അടിസ്ഥാനത്തിൽ യേശു ആരാണെന്നു അവർ പറയുന്നുണ്ട്. സത്യം ഏകമാണ്. എന്നാൽ പല മനുഷ്യരും പലതായി പറയുന്നു. പല മനുഷ്യരും പല മനസ്സുകളും നൽകുന്നത് പല ഉത്തരങ്ങൾ. കാരണം അവർ പ്രതീക്ഷിച്ച മശിഹായായിട്ടല്ല കർത്താവ് പ്രത്യക്ഷമായത്. ചിലർ യോഹന്നാൻ മാംദാന ഉയിർത്തെഴുന്നേറ്റതാകാം എന്നും, മറ്റു ചിലർ "യഹോവയുടെ വലുതും ഭയങ്കരവുമായ നാൾ വരുന്നതിനു മുമ്പേ ഞാൻ നിങ്ങൾക്കു ഏലിയ പ്രവാചകനെ അയയ്ക്കും" (മലാഖി 4:5) എന്ന പ്രവചന നിവർത്തിയാകാം എന്നും പറയുന്നു. എന്നാൽ വേറെ ചിലരോ യിരെമ്യാവോ, പ്രവാചകന്മാരിൽ ഒരുവനോ എന്നു ഉത്തരം പറയുന്നു. ഇന്ദ്രിയഗോചരമായതെന്തിന്റെയും നിജസ്ഥിതി എന്തെന്നു പൂർണ്ണമായി അറിയുവാൻ എപ്പോഴും സാധ്യമാവുകയില്ല. കാരണം മനുഷ്യൻ പരിമിതനാണ്. പരിമിതനായ മനുഷ്യനു എങ്ങനെ അപരിമിതമായതിനെ മനസ്സിലാക്കാൻ കഴിയും. മനുഷ്യൻ തന്റെ പരിമിതിയെ ദൈവസന്നിധിയിൽ സമ്മതിച്ച് സമർപ്പിക്കുമ്പോൾ മാത്രമെ മനുഷ്യന് യഥാർത്ഥ അറിവിന്റെ ആരംഭം ഉണ്ടാകൂ. "യഹോവ ഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു" (സദൃ.9:10). ഇന്ന് ബുദ്ധിപരമായ അറിവ് കൂടിയെങ്കിലും ആത്മീകമായ തിരിച്ചറിവ് കുറഞ്ഞിരിക്കുന്ന കാലത്താണ് നാം ജീവിക്കുന്നത്.

**3) പാറമേൽ പണിയുന്ന സഭ**

ഈ 'പാറ' എന്നു പറയുന്നത് എന്താണ്? പല ഉത്തരങ്ങൾ പലരും പറയാറുണ്ട്. പത്രോസ് ആണെന്നും, പത്രോസ് പറഞ്ഞ വിശ്വാസ പ്രഖ്യാപനമാണെന്നും, ക്രിസ്തുവാണെന്നും പറയുന്നു. നീ പത്രോസ് (പെട്രോസ്) ആകുന്നു. ഈ പാറ (പെട്രാ) മേൽ ഞാൻ എന്റെ സഭയെ പണിയും." പെട്രോസ് ആർക്കും എടുക്കാവുന്ന ചെറിയ പാറക്കഷണത്തെ സൂചിപ്പിക്കുന്നു. എന്നാൽ 'പെട്രാ' വലിയ പാറമല നിരകളെ സൂചിപ്പിക്കുന്നു. ചലിപ്പിക്കാൻ സാധ്യമല്ലാത്തതാണവ. അപ്പോൾ 18-ാം വാക്യത്തിന്റെ ആദ്യഭാഗം ഇപ്രകാരമായിരിക്കും, "നീ പത്രോസാകുന്നു. ആർക്കും നിന്നെ ചലിപ്പിക്കാം. എന്നാൽ എന്റെ ദൈവത്വത്തെക്കുറിച്ച് നീ പ്രഖ്യാപിച്ച വിശ്വാസ സാക്ഷ്യം അചഞ്ചലമായ മലയാണ്. അതിന്മേൽ ഞാൻ എന്റെ സഭയെ പണിയും." പാറ പത്രോസിനെയല്ല, പിന്നെയോ പത്രോസ് ഏറ്റുപറഞ്ഞ വിശ്വാസത്തെയാണ് അർത്ഥമാക്കുന്നത് എന്ന് ജോൺ ക്രിസോസ്റ്റം പറയുന്നു. വിശുദ്ധ യാക്കോബിന്റെ വി.കുർബ്ബാന തക്സായിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: "വിശ്വാസമാകുന്ന പാറമേൽ സ്ഥാപിതമായിരിക്കുന്നതും, പാതാളഗോപുരങ്ങൾക്ക് ബലം ചെയ്യപ്പെടുവാൻ സാദ്ധ്യമല്ലാത്തതുമായ പരിശുദ്ധസഭയുടെ ദൃഢതയ്ക്കുവേണ്ടി സൽകർമ്മങ്ങളാകുന്ന ഫലങ്ങൾ വഹിക്കുമാറ് ഇതിൽ സംബന്ധിക്കുന്ന ആത്മാക്കളെയും ദേഹികളെയും ഇവ ശുദ്ധീകരിക്കുമാറാകണമേ." യഥാർത്ഥ പാറ ക്രിസ്തു തന്നെയാണ് (1 കൊരി.10:4). പത്രോസിന് ശ്ലീഹന്മാരിൽ മൂപ്പൻ എന്ന നിലയിലുള്ള സമന്മാരിൽ മുമ്പൻ എന്ന സ്ഥാനമേ ഉള്ളൂ. എന്നാൽ മറ്റു ശിഷ്യന്മാരുടെ മേലധികാരിയല്ല. "ക്രിസ്തുയേശു തന്നെ മൂലക്കല്ലായിരിക്കെ നിങ്ങളെ അപ്പോസ്തോലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നു" (എഫെ.2:20) എന്ന് പൗലോസ് ശ്ലീഹാ ഓർമ്മിപ്പിക്കുന്നു. ക്രിസ്തുവാണ് സഭയുടെ സ്ഥാപകനും അടിസ്ഥാനവും (1 കൊരി.3:11; 1 പത്രോ.2:6). അവൻ ആത്മാക്കളെ തന്നിലേക്കാകർഷിക്കുന്നു. ഈ പാറ ക്രിസ്തുവാകുന്നു എന്ന് വിശുദ്ധ പൗലോസും പറയുന്നു (1 കൊരി.3:11). യേശുക്രിസ്തു എന്ന ഇട്ടിരിക്കുന്ന അടിസ്ഥാനം (1 കൊരി. 10:4) എന്നും പറയുന്നു. ജീവനുള്ള കല്ലുകൾ കൊണ്ടാണ് ഇത് പണിയപ്പെട്ടിരിക്കുന്നത് (1 പത്രോ.2:5). പാതാളഗോപുരങ്ങൾക്ക് അതായത് തിന്മയുടെയും മരണത്തിന്റെയും ശക്തികൾക്ക് ഇതിനെ (സഭയെ) തകർക്കാൻ സാധിക്കയില്ല.

**4) സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ**

സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ സൂചിപ്പിക്കുന്നത് പരിശുദ്ധ സഭയ്ക്ക് നല്കപ്പെട്ടിരിക്കുന്ന ഭരണാധികാരത്തിന്റെയും പാപമോചനാധികാരത്തിന്റെയും അവകാശത്തിന്റെയും അനുവാദത്തിന്റെയും പ്രതീകങ്ങളായിട്ടാണ് (വെളി.1:18 കാണുക യെശ. 22:22; വെളി.3:7). സ്വർഗ്ഗം ഇവിടെ ഉദ്ദേശിക്കുന്നത് ഭൂമിയിലെ സഭയാണ്. അതിലേക്കു മറ്റുള്ളവരെ പ്രവേശിപ്പിക്കാനുള്ള അധികാരം നൽകുകയാണ്. വി. മത്താ.18:18-ൽ താക്കോൽ (അധികാരം) കർത്താവ് എല്ലാ ശിഷ്യന്മാർക്കും ഒരുപോലെ കൊടുക്കുന്നതായി കാണാം. ഈ താക്കോൽ (അധികാരം) ലൗകികമല്ല, ആത്മീകമാണ്. സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ അർത്ഥമാക്കുന്നത് പൈശാചികമായ ബന്ധനത്തിൽ നിന്നുള്ള മോചനവും സ്വർഗ്ഗരാജ്യത്തിലേക്കുള്ള കവാടം തുറന്നുകൊടുക്കുന്നതിനുള്ള അനുവാദവുമാണ്. ഈ വാഗ്ദാനങ്ങൾ ആർക്കാണ് നൽകപ്പെട്ടത് എന്നത് വലിയ തർക്കവിഷയമാണ്. പത്രോസിനു മാത്രമാണെന്ന് ഒരുകൂട്ടർ പറയുന്നു. വി.യോഹ.20:21-23 വാക്യങ്ങൾ വായിച്ചുനോക്കിയാൽ അവിടെ ആ അധികാരങ്ങൾ ശ്ലീഹന്മാർക്ക് എല്ലാവർക്കുമായിട്ടാണ് നല്കപ്പെട്ടതെന്ന സ്പഷ്ടമായി കാണാം. അവിടെ പത്രോസിനു യാതൊരു പ്രത്യേകതയും കാണുന്നില്ല. ഇവിടെ സഭയുടെ ചുമതല പ്രത്യേകം ഓർക്കേണ്ടതാണ്. പൈശാചിക ബന്ധനത്തിലും പാപത്തിന്റെ അടിമത്തത്തിലും കഴിയുന്നവരെ വിടുവിച്ച് സ്വാതന്ത്ര്യത്തിന്റെ സന്തോഷത്തിലേക്ക് നയിക്കുക, സ്വർഗ്ഗരാജ്യ പൂർണ്ണതയിലേക്ക് വളരുവാൻ അനുയോജ്യമായ ആദ്ധ്യാത്മിക ശിക്ഷണവും വി.കൂദാശാവഴിയായി സ്വർഗ്ഗകവാടം തുറന്നുകൊടുത്ത് അതിലേക്ക് വിശ്വാസികളെ ആനയിക്കുവാനുള്ള ചുമതലയാണ് സഭയ്ക്ക് നൽകിയിരിക്കുന്നത്.

---

**2020 നവംബർ 8**

## ഹൂദോശ് ഈത്തോ ഞായറാഴ്ച
## വേദഭാഗം : യോഹ.10:22-42

യെരുശലേം ദേവാലയം പലതവണ ആക്രമണത്തിനു വിധേയമായി. വീണ്ടും പുതുക്കിപണിത ദേവാലയം സിറിയയിൽ നിന്നു വന്ന അന്തിയോക്കസ് എപ്പിഫാനിയോസ് ബി.സി.168-ൽ യഹൂദന്മാരുമായി യുദ്ധം ചെയ്തതുമൂലം ദേവാലയാരാധനകൾ തടയപ്പെട്ടു. ദേവാലയ ബലിപീഠത്തിൽ സോമൂസ് ദേവന്റെയും മറ്റു ദേവന്മാരുടെയും പ്രതിമകൾ സ്ഥാപിച്ച് പന്നികളെ ബലികഴിച്ചു. യൂദാസ് മക്കാബിയുടെ നേതൃത്വത്തിൽ സഹോദരങ്ങൾ ഒന്നുചേർന്ന് യെരുശലേം ദേവാലയത്തിന്റെ സംരക്ഷണം ഏറ്റെടുത്ത് 164 ബി.സിയിൽ ദേവാലയവും ബലിപീഠങ്ങളും വീണ്ടും ശുദ്ധീകരിച്ച് പുനഃപ്രതിഷ്ഠ ചെയ്തു. വലിയ പ്രതിഷ്ഠോത്സവമായി അത് നടത്തപ്പെടുകയുണ്ടായി. ഇത് ഓരോ യഹൂദന്റെയും മതജീവിതശക്തീകരണത്തിന്റെ പ്രതീകാത്മക സൂചനയായിരുന്നു. ദേവാലയ ശുദ്ധീകരണത്തിന്റെ സ്മരണയ്ക്കായി പ്രതിഷ്ഠാ പെരുന്നാൾ ആയി ആചരിച്ചുവന്നു (1 മക്കാ.4:9).

**1) പ്രതിഷ്ഠയുടെ പ്രകാശോത്സവം**

'ഹൂദോസ്' എന്ന വാക്കിന് 'പുതുക്കം, പ്രതിഷ്ഠ, പുനഃപ്രതിഷ്ഠ' എന്ന അർത്ഥങ്ങൾ ഉണ്ട്. സഭയുടെ ശുദ്ധീകരണത്തിനുശേഷം ദൈവകരങ്ങളിൽ ദൈവത്തിനായി നമ്മെ പ്രതിഷ്ഠിക്കുകയാണ്. സത്യമായി പ്രതിഷ്ഠിക്കുന്നുവെങ്കിൽ "ഒരുനാളും നശിച്ചുപോകയില്ല; ആരും അവയെ എന്റെ കയ്യിൽ നിന്നും പിടിച്ചുപറിക്കുകയില്ല" (വാ.28) എന്ന സത്യബോധത്തിലേക്ക് നാം നയിക്കപ്പെടണം.

ഈ പെരുന്നാളിൽ യെഹൂദാ ദേവാലയവും ഭവനങ്ങളും ദീപാലംകൃതമായിരുന്നു. അതിനാൽ 'വെളിച്ചത്തിന്റെ ഉത്സവം' എന്നും 'ഹനൂക്കാ' എന്നും ഈ പെരുന്നാൾ അറിയപ്പെട്ടിരുന്നു. ഈ ഉത്സവത്തിൽ രാജ്യം മുഴുവൻ വിളക്കുകൾ കത്തിച്ചുവച്ച് ദീപക്കാഴ്ച നടത്തിയിരുന്നതിനാൽ ജോസിഫസ് ഇതിനെ 'വിളക്കുകളുടെ ഉത്സവം' അഥവാ 'പ്രകാശോത്സവം' എന്നു വിളിക്കുന്നു. ഈ ഉത്സവം യഹൂദന്മാരുടെ ഏഴാം മാസമായ കിസ്ളേവ് (ഡിസംബർ) 25-ാം തീയതി ആയിരുന്നു. പഴയനിയമ പ്രകാശോത്സവ സമയത്താണ് സാക്ഷാൽ ലോകത്തിന്റെ വെളി

ച്ചമായ യേശു ജനിച്ചത്. ഈ ദീപാലങ്കാര പശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ് യേശു 'ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു' (യോഹ.8:12) എന്നു പ്രഖ്യാപിച്ചത്. ആ വെളിച്ചമായ യേശു നമ്മുടെ ഹൃദയത്തിൽ പ്രകാശിച്ച് 'നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു' എന്ന കർത്തൃവാക്യം അന്വർത്ഥമാക്കാൻ നമുക്ക് കഴിയണം.

**2) ആത്മീക ശീതാവസ്ഥ**

വേദഭാഗം ആരംഭിക്കുന്നത് പ്രതിഷ്ഠോത്സവം ആചരിക്കുന്ന സമയം ശീതകാലമായിരുന്നു എന്നു പറഞ്ഞുകൊണ്ടാണ്. തണുത്തുറഞ്ഞ കാലാവസ്ഥയിൽ മനുഷ്യന്റെ പ്രവർത്തനക്ഷമത മന്ദീഭാവത്തിലായിരിക്കും. ഉത്സാഹവും ചടുലതയും കുറഞ്ഞിരിക്കും. ആത്മീക കാര്യങ്ങളിലും തണുത്തു മന്ദീഭവിച്ചിരിക്കുന്ന അവസ്ഥ വിശ്വാസികളിൽ കാണാൻ കഴിയും. നിർജീവതയുടെയും നിസംഗതയുടെയും പാപാന്ധകാരത്തിന്റെയും അജ്ഞാനാന്ധകാരത്തിന്റെയും അശുദ്ധിയുടെയും ദുർബലതയുടെയും അവസ്ഥയായി ശൈത്യകാലത്തെ വ്യാഖ്യാനിക്കാൻ കഴിയും. ഈ മന്ദത മനുഷ്യമനസ്സ് ദൈവത്തിൽ നിന്നും ദൈവീക കാര്യങ്ങളിൽ നിന്നും ലോകത്തിലേക്കും ഭൗതീക സുഖങ്ങളിലേക്കും തിരിയുമ്പോഴാണ് സംഭവിക്കുന്നത്. സുഖസുഷുപ്തിയുടെ സോപാനത്തിൽ സ്വർഗ്ഗം സൃഷ്ടിക്കാനുള്ള മനുഷ്യന്റെ പരിശ്രമത്തിൽ ദൈവത്തെ മറക്കുന്നു. ആദ്ധ്യാത്മിക ജീവിതനിഷ്ഠകൾ മറക്കുന്നു. പ്രാർത്ഥന, നോമ്പ്, ഉപവാസം, ദാനധർമ്മം എന്നിവയിൽ നിന്നകലുന്നു. ആത്മശിക്ഷണത്തിലൂടെ വിശുദ്ധിയും നിസ്വാർത്ഥസ്നേഹത്തിന്റെ ചാലകശക്തിയായിരുന്നുകൊണ്ട് സാമൂഹ്യ പ്രതിബദ്ധതാപരമായ പ്രവർത്തനങ്ങൾ ചെയ്യുകയും ശരീരവും ആത്മാവും മനസ്സും ഒരുപോലെ ദൈവേഷ്ടത്തിനായി കേന്ദ്രീകരിക്കുകയും ചെയ്യുമ്പോൾ ഹൃദയത്തിനു ചൂടുപിടിക്കുന്നു. ധ്യാനത്തിങ്കൽ തീ കത്തുന്നു (സങ്കീ.39:3). പരിശുദ്ധ പൗലോസ് ശ്ലീഹാ ഓർപ്പിക്കുന്നു, "...നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പീൻ' (റോമ.12:1). "ഞാൻ എഴുന്നേൽക്കും, എന്റെ പിതാവിന്റെ അടുക്കലേക്കു പോകും" എന്നു മുടിയൻ പുത്രൻ പറഞ്ഞത് ഒരു പുനഃപ്രതിഷ്ഠയുടെ തീരുമാനമാണ്. അതുപോലെ ആത്മീക ശീതാവസ്ഥയിൽ നിന്നെഴുന്നേറ്റ് ദൈവോന്മുഖ ജീവിതത്തിലേക്ക് ഉയരുവാൻ നീയും ആഗ്രഹിക്കുമോ?. ബുദ്ധിയുള്ള കന്യകമാർ മണവാളനെ എതിരേൽക്കുവാൻ എണ്ണ കരുതിവെച്ചത് പ്രതിജ്ഞാബദ്ധമായ പ്രതിഷ്ഠയുടെ ഭാഗമാണ്.

**3) സാക്ഷ്യത്തിന്റെ പ്രവൃത്തി**

പ്രതിഷ്ഠിച്ചു എന്നതിന്റെ ലക്ഷണം ദൈവനാമത്തിൽ ദൈവമഹത്വത്തിനായി ചെയ്യുന്ന പ്രവൃത്തികൾ ആണ്. "എന്റെ പിതാവിന്റെ നാമത്തിൽ ഞാൻ ചെയ്യുന്ന പ്രവൃത്തികൾ എനിക്കു സാക്ഷ്യമാകുന്നു" (10:25). നാമം അർത്ഥമാക്കുന്നത് നാമം പ്രതിനിധാനം ചെയ്യുന്ന സ്വഭാവവും ശക്തിയും സ്വാധീനവുമാണ്. പിതാവിന്റെ നാമത്തിൽ എന്നുപറഞ്ഞാൽ പിതാവിന്റെ സ്വാധീനത്തിലും ശക്തിയിലും യേശു ചെയ്യുന്ന പ്രവൃത്തികൾ എന്നാണ്. ഒരു വിശ്വാസി തന്നെതന്നെ ദൈവത്തിനായി പ്രതിഷ്ഠിച്ചിരിക്കുന്നു എന്നതിന്റെ ലക്ഷണമാണ് ദൈവനാമത്തിൽ ദൈവമഹത്വത്തിനായി ചെയ്യുന്ന പ്രവൃത്തികൾ. ഈ പ്രവൃത്തികൾ ഒരുവന്റെ ദൈവവിശ്വാസത്തിന്റെ ആവിഷ്കാരം കൂടിയാണ്. പ്രവൃത്തിയെക്കുറിച്ച് കർത്താവ് മൂന്ന് കാര്യങ്ങൾ ഈ ഭാഗത്ത് പറയുന്നു. 1) 'എന്റെ പിതാവിന്റെ നാമത്തിൽ ഞാൻ ചെയ്യുന്ന പ്രവൃത്തി (വാ.25). 2) "പിതാവിന്റെ കല്പനയാൽ ഞാൻ പല നല്ല പ്രവൃത്തികൾ നിങ്ങളെ കാണിച്ചിരിക്കുന്നു (വാ.32). 3) "...പിതാവ് എന്നിലും ഞാൻ പിതാവിലും എന്നു നിങ്ങൾ ഗ്രഹിച്ചറിയേണ്ടതിനു പ്രവൃത്തിയെ വിശ്വസിപ്പീൻ (വാ.38). ഈ വാക്യങ്ങൾ യേശുവിനു പിതാവിനോടുള്ള ആശ്രയത്തേയും അനുസരണത്തേയും ഐക്യതയേയും കാണിക്കുന്നു. ഒരു വിശ്വാസി എപ്രകാരം ദൈവവുമായി ബന്ധപ്പെടണമെന്നുള്ളതിന്റെ മകുടോദാഹരണമാണ് യേശുവും പിതാവുമായുള്ള ബന്ധം. ഈ ബന്ധം ദൈവത്തിലുള്ള പ്രതിഷ്ഠ തന്നെയാണ്. ക്രിസ്തുവിലാകുന്ന പുതിയ സൃഷ്ടിയുടെ പ്രതിഷ്ഠയാണ്. സർവ്വാംഗഭൂഷിതയായ മണവാട്ടിയുടെ സത്യമണവാളനുള്ള പ്രതിഷ്ഠയാണ്. പ്രതിഷ്ഠിച്ചുകഴിഞ്ഞാൽ മണവാട്ടി ആശ്രയത്തോടും അനുസരണത്തോടും ഐക്യത്തോടുംകൂടി ജീവിക്കുവാൻ പ്രതിജ്ഞാബദ്ധയാണ്. സമ്പൂർണ്ണ സമർപ്പണം ഇവിടെ അനിവാര്യമാകുന്നു. അപ്പോൾ സാക്ഷ്യത്തിന്റെ പ്രവൃത്തി ജീവിതത്തിൽ അന്വർത്ഥമാകും. ദൈവത്തിലുള്ള വിശ്വാസത്തോടൊപ്പം പ്രവൃത്തി അനിവാര്യമാണ്. വിശ്വാസത്തിൽ നിന്നും ഉത്ഭവിക്കാത്ത പ്രവർത്തനങ്ങൾ ദൈവം സ്വീകരിക്കുന്നില്ല (തീത്തോ.3:8,14). ദരിദ്രരും മർദ്ദിതരുമായ അധഃസ്ഥിതവർഗ്ഗത്തോടുള്ള പ്രതിബദ്ധത നിറവേറ്റാത്ത സമൂഹം ദൈവത്തിൽ വിശ്വസിക്കുന്നവരല്ല. "ദൈവത്തിൽ വിശ്വസിക്കുകയും സഹോദരനെ പകയ്ക്കുകയും ചെയ്യുന്നവൻ കള്ളനാകുന്നു' എന്നു യാക്കോബ് ശ്ലീഹാ ശക്തമായ ഭാഷയിൽ ഓർമ്മിപ്പിക്കുന്നു. നിത്യജീവനെ പ്രാപിപ്പാൻ സത്പ്രവൃത്തികൾ അനിവാര്യമാണ്. കാരണം 1) വിശ്വാസത്തിന്റെ അപരിത്യാജ്യമായ ഫലങ്ങളാണ് പ്രവൃത്തികൾ (തീത്തോ.3:8,14; യാക്കോ.2:14). 2), ദൈവത്തിൽ നിന്നു ജനിച്ചിരിക്കുന്നുവെന്നതിന്റെ തെളിവാണ് പ്രവൃത്തി (യോഹ.8:39; റോമ.8:14; എഫെ.2:2). 3), പ്രവൃത്തിയാൽ വിശ്വാസം പൂർണ്ണമാക്കപ്പെടുന്നു (യാക്കോ.2:22,1:27, 4:17). ഇങ്ങനത്തെ വിശ്വാസവും പ്രവൃത്തിയും അഭേദ്യമായി ബന്ധപ്പെട്ടിരിക്കയാൽ, നാമും അർത്ഥപൂർണ്ണമായി ഇതനുവർത്തിപ്പാൻ കടപ്പെട്ടവരാണ്.

**4) അനുഗമിക്കുന്ന ആടുകൾ**

a) അനുഗമിക്കുക എന്നതിന്റെ അർത്ഥം: 'അനുഗമിക്കുക' എന്ന വാക്കിന്റെ അർത്ഥമായി സാധാരണ പറയാറുള്ളത് അനുകരിക്കുക, പിന്തുടരുക എന്നൊക്കെയാണ്. *ക്രിസ്തുവിനോടുള്ള സഹിതത്തിലും കൂട്ടായ്മയിലും ആയിരുന്നെങ്കിൽ മാത്രമെ ക്രിസ്തുവിനെ അനുഭവത്തിൽ അറിയുവാനും അർത്ഥപൂർണ്ണമായി കർത്താവിനെ അനുഗമിക്കാനും കഴിയൂ എന്ന സത്യം നാം വിസ്മരിക്കരുത്.* ക്രിസ്തുവിനെ കൂടാതെയുള്ള ക്രിസ്തുഭക്തി നിരർത്ഥകമാണ്. യേശുവിനെ അനുഗമിക്കുന്നവർ സുരക്ഷിതരും അനുഗമിക്കാത്തവർ അരക്ഷിതരുമാണ്. അവർ തള്ളപ്പെട്ടുപോകാതെ യേശുവിനെ അനുഗമിക്കുന്നവരാകണം. പിതാവ് യേശുവിനു കൊടുത്തിട്ടുള്ളവരാണ് അനുഗമിക്കുന്നവർ.

b) ആടുകളുടെ സ്വഭാവങ്ങൾ: 1) അവ എന്റെ ശബ്ദം കേൾക്കുന്നു. കാരണം ആടുകൾക്കറിയാം അവരുടെ ഇടയൻ ആരെന്ന്. അവർ സ്നേഹിക്കുന്ന ഇടയന്റെ ശബ്ദത്തെ തിരിച്ചറിയുന്നു, അതിൽ അവർ സന്തോഷിക്കുന്നു. അവന്റെ വചനങ്ങൾ അവരുടെ പ്രമാണങ്ങളും പ്രകാശവും ജീവനുമാകുന്നു. 2) അവ എന്നെ അനുഗമിക്കുന്നു. ഇടയന്റെ എല്ലാ കല്പനകളോടും സ്വമനസ്സാ അനുസരണയുള്ളവരാകയാൽ അവന്റെ നിയന്ത്രണത്തിനു വിധേയപ്പെടുന്നു. അവർ എപ്പോഴും അവന്റെ വചനവെളിച്ചത്തിൽ നടക്കുന്നു. അവന്റെ കാല്പാദങ്ങളെ പിന്തുടർന്ന് അവൻ നടക്കുന്നതുപോലെ നടക്കുന്നു. ആത്മാവിന്റെ നിയന്ത്രണത്തിൽ നടക്കുന്നു.

# പഴയനിയമ പഠനം – 9

ഫാ. കെ.വി. ഏലിയാസ്
(ഓർത്തഡോക്സ് സെമിനാരി)

## ആവർത്തനപുസ്തകം

പഴയ നിയമക്കാനോന്റെ ഒന്നാം ഭാഗമായ ന്യായപ്രമാണ പുസ്തകങ്ങളിൽ ഒടുവിലത്തെ പുസ്തകമാണ് ആവർത്തനപുസ്തകം. അതിനുമുമ്പുള്ള പുസ്തകങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള നിയമങ്ങളും പ്രമാണങ്ങളും ഈ പുസ്തകത്തിൽ ആവർത്തിക്കപ്പെടുന്നു എന്ന അർത്ഥത്തിലാണ് സത്യവേദപുസ്തകത്തിൽ ഈ പേര് നൽകിയിരിക്കുന്നത്. കത്തോലിക്കാ സഭയുടെ ബൈബിളിൽ (പി.ഓ.സി. പ്രസിദ്ധീകരണം) 'നിയമാവർത്തനം' എന്നാണു കാണുന്നത്. എബ്രായ ഭാഷയിൽ 'വചനങ്ങൾ' (ദ്ബാറീം) എന്നാണു പേര്. ആവ. 17.18 ന്റെ വിവർത്തനത്തിൽ വന്ന ഒരു പിഴവിന്റെ ഫലമായി (ഒരു പകർപ്പ് എന്നതിനു പകരം 'ആവർത്തിക്കുക') യവന, ലത്തീൻ പരിഭാഷകളിൽ ദ്വിതീയ പ്രമാണം അഥവാ ആവർത്തിക്കപ്പെടുന്ന പ്രമാണം എന്ന അർത്ഥത്തിൽ 'ഡ്യൂട്ടിറോണോമിയം' എന്ന പേരു നൽകി. ഇതിന്റെ മലയാള വിവർത്തനമായി 'ആവർത്തനപുസ്തകം' എന്ന പേരുണ്ടായി എന്നും ആകാം.

സീനായ് മലയിൽ വച്ച് ദൈവവും മോശെ മുഖാന്തിരം യിസ്രായേലും തമ്മിലുണ്ടാക്കിയ ഉടമ്പടിയുടെ പുനരാഖ്യാനമാണ് ഈ പുസ്തകം. അടിസ്ഥാനം പുറപ്പാടു പുസ്തകത്തിലെ നിയമങ്ങൾ തന്നെ. പുതിയ സാഹചര്യങ്ങൾക്ക് അനുരൂപമായ പുനരാഖ്യാനമായി ഈ നിയമങ്ങളും ചട്ടങ്ങളും ആവർത്തനപുസ്തകം അവതരിപ്പിക്കുന്നു (ശാബതാചരണത്തിന്റെ കാരണം താരതമ്യം ചെയ്യുക. പുറ. 20:8–11; ആവർ. 5:12–15).

ആവർത്തന പുസ്തകം നൽകുന്ന ചരിത്ര സാഹചര്യം ഇനി പറയുന്നു. യിസ്രായേൽ ജനം മോശയുടെ നേതൃത്വത്തിൽ യോർദ്ദാനു സമീപം മോവാബ്യസമഭൂമിയിൽ പാളയമിറങ്ങിയിരിക്കുന്നു (സംഖ്യാ. 36.13, ആവർ. 1.5). ജനം മിസ്രയീമിൽ നിന്ന് പുറപ്പെട്ടിട്ട് നാല്പതു (40) വർഷം തികയുന്നു; ഇനി യോർദ്ദാൻ കടന്ന് വാഗ്ദത്ത ദേശത്തു പ്രവേശിക്കുവാൻ പതിനൊന്നു (11) ദിവസമേ വേണ്ടൂ (1.2–3). മിസ്രയീമിൽ നിന്നു പുറപ്പെട്ട പുരുഷന്മാരിൽ മോശയും കാലേബും, യോശുവയും മാത്രമേ ശേഷിക്കുന്നുള്ളു. മിസ്രയീമിൽ നിന്നു പുറപ്പെട്ടവരിൽ യുദ്ധപ്രാപ്തിയുള്ള പുരുഷന്മാർ 6,03,550. (സംഖ്യ 1.46): നാല്പതു വർഷം കഴിയുമ്പോൾ കനാനിലേയ്ക്കു പ്രവേശിക്കുന്ന യുദ്ധ പ്രാപ്തിയുള്ള പുതുതലമുറയിലെ പുരുഷന്മാർ 6,01,730 (സംഖ്യ. 26.51). മോശ കനാനിൽ പ്രവേശിക്കുകയില്ല. അതുകൊണ്ട് പുറപ്പെട്ടവരിൽ അവശേഷിച്ചവർ യോശുവായും കാലേബും മാത്രം (സംഖ്യ 26.65) ഈ സാഹചര്യത്തിൽ മോശ നടത്തുന്ന വിടവാങ്ങൽ പ്രസംഗമായിട്ടാണ് ആവർത്തനപുസ്തകം എഴുതിയിരിക്കുന്നത്. കനാനിലേയ്ക്കു പ്രവേശിക്കുന്ന തലമുറയെ മിസ്രയീമിൽ നന്നുള്ള പുറപ്പാടും, മരുഭൂമിയിലെ യാത്രയിൽ ദൈവത്തിന്റെ കരുതലും, ഉടമ്പടിയും ഓർമ്മിപ്പിച്ച്, കനാനിലെത്തി വാസമാരംഭിച്ചു കഴിയുമ്പോൾ അനുവർത്തിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയെന്ന് പ്രബോധിപ്പിക്കുകയാണ് എന്ന രീതിയിലാണിതിന്റെ അവതരണം.

യഹൂദരും ക്രിസ്ത്യാനികളും, പാരമ്പര്യമായി, ഇത് മോശെയാൽ എഴുതപ്പെട്ടത് എന്ന് വിശ്വസിക്കുന്നു (നമ്മുടെ വി. കുർബ്ബാനയിലെ പഴമ വായന ശ്രദ്ധിക്കുക). മോശെയുടെ കർത്തൃത്വം സാക്ഷിക്കുവാൻ പുസ്തകത്തിനുള്ളിൽ നിന്നു തന്നെ തെളിവുകൾ ഉദ്ധരിക്കുവാനാകും (1.5, 31.9, 22,24). ഇതിലെ മിക്കവാറും വാക്കുകളും മോശെയുടേത് എന്നവിധമാണ് എഴുതിയിട്ടുള്ളതും (ഉത്തമ പുരുഷ (first person) പ്രയോഗങ്ങൾ 2.1; 10.1 മു.).

ഗ്രന്ഥത്തിലെ ചില ഭാഗങ്ങൾ ഉദ്ധരിച്ചുകൊണ്ട് മോശെയുടെ ഗ്രന്ഥകർത്തൃത്വത്തെ ചോദ്യം ചെയ്യാനുമാകും. പ്രധാനമായുള്ളത് മോശെയുടെ മരണം സംബന്ധിച്ച് വിവരണമാണ് (അ. 34). വേറെ ചില ഭാഗങ്ങളാകട്ടെ തൃതീയ പുരുഷ (Third person) ശൈലിയിലും (1.3; 5.1;27.1 മു). സാഹിത്യ വിമർശന കലയുടെ സ്വാധീനം 18–ാം നൂറ്റാണ്ടു മുതൽ വേദപുസ്തക വ്യാഖ്യാനത്തിലുണ്ട്. ഈ തത്വത്തിന്റെ പിൻബലത്തിൽ ആവർത്തനപുസ്തകവും പഠന വിധേയമായി. ഇതിന്റെ ഫലമായി മോശെയുടെ ഗ്രന്ഥ കർത്തൃത്വം ചോദ്യം ചെയ്യപ്പെട്ടു. മോശയെന്ന ഏക വ്യക്തി ഇതെഴുതി എന്നതിനപ്പുറം, മോശയുടെ പാരമ്പര്യം പിന്തുടർന്ന്, പിൽക്കാലത്ത് ഒരു സംശോധകൻ (editor/redactor- ഒന്നിലധികം പേർ ചേർന്നും ആകാം) ഇത് ക്രോഡീകരിച്ച് ഇന്നത്തെ രൂപത്തിലാക്കിയെന്ന് ചിന്തിക്കുന്നവരാണ് ഇന്ന് ഏറെയും. ഈ എഴുത്തുകാരനെ വേദ പഠിതാക്കൾ 'ആവർത്തന ചരിത്രകാരൻ' (Deuteronomic Historian) എന്നു വിളിച്ചു. ഈ വാദം അംഗീകരിക്കുന്നുവെങ്കിൽ തൃതീയ പദപ്രയോഗവും മോശയുടെ മരണം സംബന്ധിച്ച പരാമർശവും ഈ പുസ്തകത്തിന്റെ ഭാഗമായതെങ്ങനെ എന്ന് പറയാനാകും.

ക്രി.മു. 640–609 കാലത്ത് യെരുശലേമിൽ വാണിരുന്ന യോശീയ രാജാവ് ഒരു മതനവീകരണം നടത്തി. (ക്രി.മു. 621; 2 രാജാ. 22–23). അതിനു കാരണമായ, ദേവാലയത്തിൽ നിന്നു കണ്ടെടുക്കപ്പെട്ട ന്യായപ്രമാണ പുസ്തകം ആവർത്തന പുസ്തകമായിരുന്നുവെന്ന് വിശ്വസിക്കപ്പെടുന്നു. ഇത് നൽകുന്ന സൂചനയനുസരിച്ച്, ആവർത്തനപുസ്തകം മോശെയുടെ ശുശ്രൂഷയുടെ അവസാന കാലത്ത് ആരംഭിച്ച് (ക്രി.മു. 1200) യോശീയാവിന്റെ കാലത്തിനു മുമ്പ് (ക്രി.മു. 7–ാം നൂറ്റാണ്ട്) പൂർത്തീകരിക്കപ്പെട്ടു എന്ന് മനസിലാക്കാം.

തുടരും..






# പുതിയ നിയമപഠനം

ഫാ. ഡോ. റജി മാത്യു
(ഓർത്തഡോക്സ് സെമിനാരി)

യേശുവിന്റെ ഗിരിപ്രഭാഷണം :

## ന്യായപ്രമാണവും പുതിയ നിയമങ്ങളും

മത്താ. 5:21-48

ദൈവരാജ്യത്തിലെ പുതിയ നിയമങ്ങൾ യേശു ആവിഷ്ക്കരിക്കുന്നത് യഹോവയായ ദൈവം തന്റെ ജനമായ യിസ്രായേലിന് മോശയിലൂടെ നൽകിയ പത്തു കൽപ്പനകളെ പുനർ വ്യാഖ്യാനം ചെയ്തുകൊണ്ടാണ്. ദൈവജനം ഒരു വശത്ത് ലോകത്തെ രുചിപ്രദമാക്കുന്ന ഉപ്പിന്റെയും മറുവശത്ത് അതിനെ പ്രകാശ പൂരിതമാക്കുന്ന വെളിച്ചത്തിന്റെയും ധർമ്മമാണ് നിർവ്വഹിക്കേണ്ടത് (മത്താ. 6:13-16) എന്ന് പറഞ്ഞ യേശു തന്റെ ദൗത്യം ന്യായപ്രമാണത്തിലെ ഒരു പുള്ളിപോലും നീക്കം ചെയ്യാതെ പൂർത്തീകരിക്കുകയെന്നതാകുന്നു എന്നു സമർത്ഥിക്കുന്നു (മത്താ. 5:17-20). എന്നാൽ മോശൈക പ്രമാണങ്ങളെ പിന്തുടരുന്നവർ അതിനെ പരീശന്മാരെപ്പോലെ ആക്ഷരികമായി പരിപാലിക്കുക എന്നതിലുപരി അവയുടെ അന്തരാർത്ഥം ഗ്രഹിച്ച് ജീവിക്കുകയാണ് വേണ്ടത് എന്നും യേശു അരുളി ചെയ്തു. ഇന്നത്തെ ലോകത്തിലും പലരും വേദ സത്യങ്ങളുടെ ആക്ഷരിക പഠനം നടത്തുകയും, അവയെ ഹൃദിസ്ഥമാക്കുകയും ചെയ്യുന്നുവെങ്കിലും അവയുടെ അന്തസത്തയുൾക്കൊണ്ട് ജീവിക്കുന്നില്ലായെന്നത് നിർഭാഗ്യകരമാണ്; അക്ഷരം കൊല്ലുന്നു, ആത്മാവോ ജീവിപ്പിക്കുന്നുവെന്നാണല്ലോ തിരുവചനം ഉദ്ബോധിപ്പിക്കുന്നത്. എങ്ങനെയാണ് പത്തു കൽപനകളുടെ അന്തരാർത്ഥം മനസ്സിലാക്കേണ്ടത് എന്നുള്ളതിന് യേശു ചില ഉദാഹരണങ്ങൾ പറയുന്നു. തിരഞ്ഞെടുത്ത ആറു കൽപനകളെ യേശു തന്റെ ചുറ്റുപാടുമുള്ള സാമൂഹിക പശ്ചാത്തലത്തിൽ വ്യാഖ്യാനിക്കുകയാണ് ഇനി ചെയ്യുന്നത്:

a) കോപം മുളയിലെ നുള്ളിക്കളയുക (മത്താ. 5:21)

"കൊല ചെയ്യരുത്" എന്ന കല്പനയെ (പുറ. 20:13) യേശു വ്യാഖ്യാനിക്കുന്നതു കാണുക. പരീശന്മാരെ സംബന്ധിച്ചിടത്തോളം ഒരുവന്റെ ജീവൻ മറ്റൊരാൾ മുഖാന്തിരം നഷ്ടപ്പെടുമ്പോൾ മാത്രം അതു പാപമായി വ്യാഖ്യാനിക്കപ്പെടുന്നു. എന്നാൽ യേശു പറയുന്നത് മറ്റൊരാളോടു കോപിച്ച് അയാളെ 'ദ്രോഹി' എന്നു വിളിക്കുമ്പോൾ തന്നെ കൊലപാതകം എന്ന പാപത്തിന്റെ വിത്തു വിതയ്ക്കപ്പെടുകയാണ്. അത് വാഗ്വാദത്തിലേക്കും, വെല്ലുവിളികളിലേക്കും, അശ്ലീല പദപ്രയോഗങ്ങളിലേക്കും, അടിപിടിയിലേക്കും ഒടുവിൽ കൊലപാതകത്തിലേക്കും നയിക്കുന്ന പാതയുടെ തുടക്കമാണ്. അതിനാൽ കോപത്തെ നിയന്ത്രിക്കുകയാണ് വേണ്ടത്. മറ്റുള്ളവരോടു സഹന ശക്തിയോടു കൂടി ഇടപെടുന്നവർക്ക് കോടതി പോലും ആവശ്യമില്ലാതെ വരും എന്നാണ് യേശു ഇതിലൂടെ പറയുന്നത്.

b) ദുർമ്മോഹത്തെ വർജ്ജിക്കുക (മത്താ. 5:27-30)

വ്യഭിചാര കർമ്മം മാത്രമല്ല പാപമായിട്ടുള്ളത്, മറിച്ച് മറ്റു വ്യക്തികളെ ദുഷ്ടലാക്കോടുകൂടി നോക്കുമ്പോൾ തന്നെ വ്യഭിചാര ചിന്തകൾ നിങ്ങളിൽ അങ്കുരിക്കുന്നുവെന്ന് യേശു പഠിപ്പിക്കുന്നു. നമ്മുടെ ശരീരത്തെയും, വികാര-വിചാരങ്ങളെയും നിയന്ത്രിച്ചില്ലെങ്കിൽ നാം കൊടും പാപത്തിന് ഉത്തരവാദികളായിത്തീരും. ഇന്നത്തെ ലോകത്തിൽ സമൂഹ മാധ്യമങ്ങളിലൂടെ വ്യഭിചാരമെന്ന തിന്മയിലേക്ക് നയിക്കപ്പെടുന്നവർ കൂടിവരികയാണ്. ഇന്ദ്രിയ സുഖങ്ങൾ ഒരു വ്യക്തിയെ പാപിയാക്കിത്തീർക്കുന്നുവെന്നത് ഓർക്കണം.

c) വിവാഹമോചനം അത്യാവശ്യമില്ല (മത്താ. 5:31-32)

എന്തിനും ഏതിനും, വിവാഹ മോചനത്തിനായി കോടതികളെയും സഭയെയും സമീപിക്കുന്നവർ ഓർക്കുക: കഠിനമായ പാപങ്ങൾക്കല്ലാതെ യേശു വിവാഹ മോചനമനുവദിക്കുന്നില്ല. മത്താ. 19:9 ലും 1 കൊരിന്ത്യർ 7:10 ലും യേശുവിന്റെ ഉപദേശം ഒന്നു തന്നെയാണ്. ജീവിത പങ്കാളി വ്യഭിചാരിയാണെങ്കിൽ മാത്രം വിവാഹ മോചനത്തെപ്പറ്റി ചിന്തിക്കുക. രോഗങ്ങളോ, തർക്കങ്ങളോ, ദുരഭിമാനമോ വ്യഭിചാരത്തിനുള്ള മതിയായ കാരണങ്ങളല്ല.

d) ആണയിടീൽ അനാവശ്യമാണ് (മത്താ. 5:33-37)

മറ്റുള്ളവരുടെ മുൻപിൽ നമ്മുടെ സത്യസന്ധത തെളിയിക്കുവാൻ ദൈവത്തെക്കൊണ്ടും, മാതാപിതാക്കളെക്കൊണ്ടും, പള്ളിയെക്കൊണ്ടും ആണയിടുന്നത് തെറ്റാണ്. സ്വർഗ്ഗവും, ഭൂമിയും, ബലിപീഠവുമൊന്നും നിങ്ങളുടെ സത്യസന്ധത തെളിയിക്കുവാൻ ദുരുപയോഗം ചെയ്യരുത്.

e) പ്രതികാരം ക്രിസ്തീയമല്ല (മത്താ. 5:38-42)

പഴയ നിയമമനുസരിച്ച് അടിക്ക് തിരിച്ചടിയെന്നത് ന്യായമായ അവകാശമാണ് (പുറ. 21:24; ലേവ്യാ. 24:20). എന്നാൽ സൗമനസ്യത്തോടെ പെരുമാറുകയും വേണ്ടി വന്നാൽ കാരണമില്ലാതെ കഷ്ടതയനുഭവിക്കുകയും ചെയ്യുന്നതൊക്കെ ക്രിസ്തീയ ജീവിതത്തിന്റെ ഭാഗങ്ങളാണ്.

f) ശത്രുക്കളെ സ്നേഹിക്കുക (മത്താ. 5:43-47)

'നിന്നെപ്പോലെ തന്നെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക" എന്നത് പഴയ നിയമ കല്പനയാകുന്നു. (ലേവ്യ 19:18). പുതിയ നിയമ കല്പന ശത്രുവിനെ സ്നേഹിക്കുകയെന്നതാണ്. അതിലാണ് പുതുമയുള്ളത്, അതാണ് ക്രിസ്തീയത. ചുരുക്കത്തിൽ വേദപ്രമാണങ്ങൾ ആത്മീയാർത്ഥത്തിൽ അനുസരിക്കുന്നതിലൂടെ നാം പരിപൂർണതയുള്ള പിതാവായ ദൈവത്തിനനുരൂപരാകുന്നു (മത്താ. 5:48); അതാണ് ദൈവീകരണം.


തുടരും...

## 9

## ആരാധനാ പഠനം

# വി. മാമോദീസാ

ഫാ. ഡോ. വർഗ്ഗീസ്
പി. വർഗ്ഗീസ്, പാമ്പാക്കുട
(ഓർത്തഡോക്സ് സെമിനാരി)




ഒരു വ്യക്തി വെള്ളത്താലും ആത്മാവിനാലും വീണ്ടും ജനിക്കുന്ന കൂദാശയാണ് വി. മാമോദീസ. ഇതിലെ പ്രാർത്ഥനകളും ഗീതങ്ങളും ഈ ആശയം വെളിപ്പെടുത്തുന്നു. മലങ്കര സഭ ഇന്ന് ഉപയോഗിക്കുന്ന മാമോദീസാ ക്രമം പൗരസ്ത്യ കാതോലിക്ക ആയിരുന്ന ഗ്രീഗോറിയോസ് ബാർ എബ്രായ ക്രോഡീകരിച്ചതാണ് (13-ാം നൂറ്റാണ്ട്).

വി. മാമോദീസായ്ക്ക് 3 ഭാഗങ്ങളുണ്ട്. മാമോദീസായ്ക്കുള്ള ഒരുക്കം, ജലസ്നാനം, വി. മൂറോൻ അഭിഷേകം.

**1. മാമോദീസായ്ക്കുള്ള ഒരുക്കം:** ആദിമസഭയിൽ ജാതികൾ സഭയിലേക്ക് ചേരുന്നതിനുമുമ്പായി അവരെ വിശ്വാസം പഠിപ്പിച്ചിരുന്നു. ഉയർപ്പ് പെരുന്നാൾ മാമോദീസാ സ്വീകരിക്കുന്നതിനുള്ള അവസരവും, ഉയർപ്പ് പെരുന്നാളിന് മുമ്പുള്ള നോമ്പ് കാലം മാമോദീസായ്ക്കുള്ള ഒരുക്ക സമയവുമായിരുന്നു.


ശിശുക്കൾക്കും പ്രായമായവർക്കും വി. മാമോദീസാ നല്കുമ്പോൾ മദ്ധ്യസ്ഥന്മാരെ നിർത്തുന്ന രീതിയാണ് സഭയുടെ അനുഷ്ഠാനത്തിലുള്ളത്. വിശ്വാസ കാര്യങ്ങൾ അവരിൽ ഉറപ്പിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനും വേണ്ടിയാണ് ഇപ്രകാരം ചെയ്യുന്നത്. മാതാപിതാക്കൾ കുട്ടിയുടെ മദ്ധ്യസ്ഥനാകുന്ന പാരമ്പര്യം നമുക്കില്ല. സഭാംഗങ്ങളായവർക്ക് മാത്രമേ 'തലതൊടുവാൻ' (മദ്ധ്യസ്ഥനാകുവാൻ) അവകാശമുള്ളൂ.

ഒരുക്ക ശുശ്രൂഷയുടെ ഭാഗമാണ് സ്നാനാർത്ഥിയുടെ മുഖത്ത് സ്ലീബാ ആകൃതിയിൽ കാർമ്മികൻ ഊതുന്നത്. കർത്താവ് ശിഷ്യന്മാരിൽ ഊതിയ ദൈവികശ്വാസത്തെ ഇത് കുറിക്കുന്നു. (വി. യോഹ. 20:22) ദൈവത്തിന്റെ വകയായി വേർതിരിക്കുന്നു എന്നതിന്റെ അടയാളമായി ത്രിത്വനാമത്തിൽ നെറ്റിയിൽ റൂശ്മ ചെയ്യുന്നുമുണ്ട്. പടിഞ്ഞാറേ ദിക്ക് അന്ധകാരത്തിന്റെയും പൈശാചിക ശക്തിയുടെയും സ്ഥലമെന്ന് കരുതുന്നതിനാൽ സ്നാനാർത്ഥിയുടെ മുഖം പടിഞ്ഞാറോട്ട് വരത്തക്ക വിധത്തിൽ മദ്ധ്യസ്ഥൻ നിന്ന് സാത്താനെ ഉപേക്ഷിക്കുന്നതിനായി ഏറ്റുചൊല്ലുന്നു. കിഴക്കേ ദിക്ക് നീതിസൂര്യനായ മശിഹായുടെ ഉദയത്തെ സൂചിപ്പിക്കുന്നതിനാൽ സ്നാനാർത്ഥിയുടെ മുഖം കിഴക്കോട്ട് വരത്തക്ക വിധത്തിൽ മദ്ധ്യസ്ഥൻ നിന്ന് മശിഹായിലുള്ള വിശ്വാസം ഏറ്റു പറയുന്നു.

**2. ജലസ്നാനം-**ജലസ്നാനത്തിന് തൊട്ടു മുമ്പായി സൈത്ത് (സന്തോഷതൈലം) കൊണ്ട് സ്നാനാർത്ഥിയുടെ നെറ്റിയിൽ മുദ്രയിടുന്നത് മശിഹായുടെ ഭടനായിത്തീരുന്നതിന്റെ അടയാളമാണ്. പച്ചവെള്ളവും ചൂടുവെള്ളവും കൂട്ടിക്കലർത്തിയാണ് മാമോദീസാ തൊട്ടിയിൽ ഒഴിക്കുന്നത്. പച്ചവെള്ളം സ്വാഭാവിക മനുഷ്യനെയും ചൂടുവെള്ളം പരിശുദ്ധാത്മ ചൈതന്യത്തെയും സൂചിപ്പിക്കുന്നു. കർത്താവിന്റെ മാമോദീസായിൽ യോർദ്ദാൻ നദിയിലെ വെള്ളം ചൂടുവെള്ളവും പച്ചവെള്ളവും കൂടിക്കലർന്ന അനുഭവമായിരുന്നു എന്ന് പിതാക്കന്മാർ പഠിപ്പിക്കുന്നു. പുതു ജനനം പ്രാപിച്ച് എഴുന്നേല്ക്കുന്നത് കർത്താവിനോട് കൂടെ മരിച്ച് കബറടക്കപ്പെട്ട് ഉയിർത്തെഴുന്നേൽക്കുന്നതിനെ കുറിക്കുന്നു.

**3. വി. മൂറോൻ അഭിഷേകം:** 'മൂറോൻ' എന്ന വാക്കിന് സുഗന്ധ തൈലം എന്നാണർത്ഥം. പരിശുദ്ധാത്മാവിന്റെ മുദ്രയാണ് വി. മൂറോൻ അഭിഷേകത്തിലൂടെ ലഭിക്കുന്നത്. ഇതിലൂടെ ഒരു വ്യക്തി ദൈവത്തിന്റെ വകയും കർത്താവിന്റെ സഭയോട് ഒട്ടിച്ച് ചേർക്കപ്പെട്ടവനും പരിശുദ്ധാത്മാവിന്റെ ആലയവുമായിത്തീരുന്നു.

വി. കുർബ്ബാനാനുഭവത്തിലൂടെ പറുദീസയിൽ ആദാമിന് രുചിക്കാൻ സാധിക്കാത്ത ജീവവൃക്ഷഫലം സഭയാകുന്ന പറുദീസിൽ പ്രവേശിക്കുന്ന ശിശുവിന് ലഭിക്കുന്നു. സ്നാനാർത്ഥി രാജകീയ പുരോഹിത വർഗ്ഗത്തിന്റെ അംഗമായി തീരുന്നതിനാൽ വാടാത്ത കിരീടം ധരിപ്പിക്കുന്നു. മാമോദീസ സ്വീകരിക്കുന്ന വ്യക്തി വെള്ള വസ്ത്രം ധരിക്കുന്നത് പഴയ മനുഷ്യനെ ഉപേക്ഷിച്ച് പുതിയ മനുഷ്യനെ സ്വീകരിക്കുന്നതിനെ കുറിക്കുന്നു. അതേ വെണ്മയുടെയും, പ്രകാശത്തിന്റെയും അമർത്യതയുടെയും പ്രതീകമാണ്.



# പരുമല പെരുന്നാൾ

പരിശുദ്ധ പരുമല തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ ഒക്ടോബർ മാസം 26-ാം തീയതി കൊടിയേറി നവംബർ മാസം 1, 2 തീയതികളിൽ ആചരിക്കുന്നു. കോവിഡ് 19 സാമൂഹ്യ വ്യാപനം ശക്തമായിരിക്കുന്ന പ്രത്യേക സാഹചര്യത്തിൽ പ്രധാന പെരുന്നാൾ ദിനങ്ങളിൽ വിശ്വാസികൾ കൂട്ടമായി എത്തിച്ചേരുന്നത് അസാധ്യമാണ്. മറ്റുദിവസങ്ങളിൽ എത്തുന്നവരും വലിയ സംഘങ്ങളായി എത്താതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. സർക്കാർ നിർദ്ദേശങ്ങളനുസരിച്ചുള്ള എല്ലാ മാനദണ്ഡങ്ങളും പെരുന്നാൾ ചടങ്ങുകളിൽ പാലിക്കുന്നതാണ്. ഒക്ടോബർ 26-ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് പ. ബാവാ തിരുമേനി കൊടിയേറ്റ് നിർവ്വഹിക്കും. തുടർന്ന് തീർത്ഥാടനവാര ഉദ്ഘാടന സമ്മേളനം. ആത്മീയ സംഘടനാ സമ്മേളനങ്ങളും നിബന്ധനകളോടെ ഉണ്ടായിരിക്കുന്നതാണ്. പ്രധാന പെരുന്നാൾ ദിവസം പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ മുഖ്യ കാർമ്മികത്വം വഹിക്കും. പ. പരുമല തിരുമേനിയുടെ ജീവിതവും ദർശനവും പ്രബോധിപ്പിക്കുന്ന ഗ്രിഗോറിയൻ പ്രഭാഷണ പരമ്പര ഉണ്ടായിരിക്കുന്നതാണ്. എല്ലാ പ്രോഗ്രാമുകളും ഗ്രിഗോറിയൻ ടി.വി., എ.സി.വി., കേരളാ വിഷൻ എന്നീ ചാനലുകളിലൂടെ സംപ്രേഷണം ചെയ്യുന്നതാണ്.

**ഫാ. എം.സി. കുറിയാക്കോസ്**
(പരുമല സെമിനാരി മാനേജർ)

"മദ്ധ്യവയസ്കനായ ഒരു റിട്ടയേർഡ് അദ്ധ്യാപകനാണ് ഞാൻ. ഉറക്കമാണ് എന്റെയും എന്റെ വീട്ടുകാരുടെയും പ്രശ്നം. ഞാനും ഭാര്യയും 9/9.30 മണിയാകുമ്പോൾ കിടക്കുകയും രാവിലെ അഞ്ച്-അഞ്ചര ആകുമ്പോൾ എഴുന്നേൽക്കുകയും ചെയ്യുന്ന ശീലക്കാരാണ്. ഏക മകൻ അഞ്ച് വർഷങ്ങൾക്ക് മുൻപ് വിവാഹിതനായി. മരുമകൾക്ക് രാവിലെ ഉണരുന്ന ശീലമില്ല-7.30-8 ആകാതെ അവൾ ഉണരില്ല. മകനും നാലു വയസ്സുള്ള പേരക്കുട്ടിയും ഒക്കെ ആ ശീലം പഠിച്ചിട്ട് ഇപ്പോൾ ആ സമയത്താണ് ഉണരുക. അതേ പോലെ തന്നെ അവർ ഉറങ്ങുന്നതും വളരെ വൈകിയാണ്-രാത്രി 12 മണി 1 മണി ആകും. ഞങ്ങളുടെ വീട്ടിലെ ചിട്ടയാകെ ഇതുകാരണം തെറ്റിയിരിക്കുകയാണ്. എല്ലാവരും കൂടി ഇരുന്നുള്ള പ്രഭാത പ്രാർത്ഥന നടക്കുന്നില്ല. രാവിലത്തെ കാര്യങ്ങൾ ആകെ കുഴയുകയാണ്. ഞായറാഴ്ച രാവിലെയുള്ള പള്ളിയിൽ പോക്ക് (ഇപ്പോൾ ടി.വി. കുർബ്ബാന) ഇതൊക്കെ ഉഴപ്പിച്ചിരിക്കുകയാണ്. ഞങ്ങൾ പല രീതിയിൽ പറഞ്ഞിട്ടും ഉപദേശിച്ചിട്ടും ഒന്നും വലിയ പ്രയോജനം കാണുന്നില്ല. അവളുടെ അമ്മയോട് പറഞ്ഞിട്ട് അവർക്കാകെ നീരസമാണ്. ഇതിന്റെ പേരിൽ ഒരു കുടുംബ കലഹം ഉണ്ടാകുമല്ലോ എന്നതിനാൽ ഞങ്ങൾ ആ ഉദ്യമങ്ങളിൽ നിന്നൊക്കെ പിൻവാങ്ങിയിരിക്കുകയാണ്. ഞങ്ങളുടെ മകൻ ഒരു പാവമാണ്. ഭാര്യ പറയുന്നതിനപ്പുറം അവനൊന്നുമില്ല. വളർന്നു വരുന്ന ചെറിയ കുട്ടിയും ഈ ദുശ്ശീലം പഠിക്കുമല്ലോ എന്ന ആശങ്കയാണ് ഞങ്ങൾക്കുള്ളത്. ബിരുദാനന്തര ബിരുദക്കാരിയും ബാങ്കുദ്യോഗസ്ഥയുമായ മരുമകൾക്ക് ആരും അവളെ ഉപദേശിക്കുന്നത് തീരെ ഇഷ്ടമല്ല. ഈ പ്രശ്നം ഞങ്ങൾ എങ്ങനെ കൈകാര്യം ചെയ്യണം എന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പ്രതീക്ഷിക്കുന്നു".

"Early to bed, early to rise" എന്ന തത്വമാണ് ഉറക്കത്തിന്റെ നല്ല ശീലമായി നാം പൊതുവേ കരുതി വരുന്നത്. അങ്ങനെയാണ് പഴയ തലമുറ ശീലിപ്പിക്കപ്പെട്ടിരിക്കുന്നതും. പക്ഷേ ഇലക്ട്രിസിറ്റി, റ്റി.വി., മൊബൈൽ, ഇന്റർനെറ്റ് ഇവയുടെ ആവിർഭാവത്തോടെ പുതിയ തലമുറയുടെ ഉണർവ്വ്-ഉറക്ക ശീലങ്ങൾ ആകെ മാറിപ്പോയിരിക്കുന്നു. രാത്രിയിൽ ഉണർന്നിരിക്കുകയും പകൽ ഉറങ്ങുകയും ചെയ്യുന്ന മൂങ്ങകൾ (owl) ആയി മാറിയിരിക്കുകയാണ് പലരും. സ്വന്തമായ വാഹന സൗകര്യങ്ങൾ ഉള്ളതുകൊണ്ട് വൈകിയുണർന്നാലും സ്വന്തം തൊഴിലിടങ്ങളിൽ സമയത്ത് എത്തിച്ചേരാം എന്ന സൗകര്യവും, അതിനും പുറമേ വർക്ക് ഫ്രം ഹോം, ഓൺലൈൻ ക്ലാസ്സുകൾ എന്നിവ നാട്ടുനടപ്പാക്കുകയും ചെയ്തപ്പോൾ ഇഷ്ടമുള്ളപ്പോൾ കിടക്കാം, ഇഷ്ടമുള്ളപ്പോൾ ഉണരാം എന്ന മട്ടിലായിട്ടുണ്ട് കാര്യങ്ങൾ. സൂത്താറയും നമസ്കരിച്ച് 9 മണിക്ക് കിടന്നുറങ്ങി, രാവിലെ 4.30-ന് എഴുന്നേറ്റ് പ്രഭാത കൃത്യങ്ങൾ ചെയ്യുന്ന പഴയ തലമുറ ശീലങ്ങളിലേക്ക് ഇന്നത്തെ തലമുറ എത്തണം എന്ന് പ്രതീക്ഷിക്കുന്നത് യാഥാർത്ഥ്യത്തിന് നിരക്കുന്നതല്ല. ഉറക്കത്തെപ്പറ്റി പാലിക്കേണ്ട ചില പൊതുനിയമങ്ങൾ (നിദ്രാശുചിത്വ തത്വങ്ങൾ-sleep hygienic principles) മാത്രം പറയാം.



മനഃപൂർവ്വം

9

ഡോ. വർഗീസ് പുന്നൂസ്
പണിക്കശ്ശേരിൽ

* ഉറങ്ങുന്നതിനും ഉണരുന്നതിനും ഒരു നിശ്ചിത സമയം നിശ്ചയിക്കുക-6 മുതൽ 7 മണിക്കൂർ വരെ തടസ്സമില്ലാത്ത ഉറക്കം ആണ് ഏറ്റവും അഭികാമ്യം. പിറ്റേ ദിവസം തലച്ചോർ കാര്യക്ഷമമായി പ്രവർത്തിക്കാൻ ഇത്രയും ഉറക്കം ആവശ്യമാണ്. ഈ ഉറക്കം രാത്രി 9-9.30 മുതൽ രാവിലെ 5.30-6.30 വരെയുള്ള സമയത്ത് കിട്ടുന്നതാണ് ഏറ്റവും നല്ലത്.

* രാവിലെ ഉണർന്നാൽ പുറത്തേയ്ക്കിറങ്ങി സൂര്യ പ്രകാശം ലഭിക്കത്തക്ക രീതിയിൽ outdoor activities (മുറ്റമടിക്കൽ, ചെടിനനയ്ക്കൽ, കൃഷിപ്പണി, വ്യായാമം) ചെയ്യുക.

* പകലുറക്കം കഴിയുന്നതും ഒഴിവാക്കുക-അത്യാവശ്യമെങ്കിൽ അരമണിക്കൂറിനപ്പുറം പോകാത്ത ഒരു "ഉച്ചമയക്കം" (ziesta) ആകാം.

* രാത്രി 9-10 മണിയോടു കൂടി എങ്കിലും ഇലക്ട്രോണിക് ഉപകരണങ്ങളോടുള്ള ബന്ധം അവസാനിപ്പിക്കുക. മൊബൈൽ സ്വിച്ച് ഓഫ് ചെയ്യാം-അത്യാവശ്യം ഒന്നുമില്ലെങ്കിൽ.

കുളി, കുടുംബപ്രാർത്ഥന, അത്താഴം, സൂത്താറാ എന്നിങ്ങനെ രാത്രിയിലെ കാര്യങ്ങൾക്ക് ഒരു ചിട്ടയും ക്രമവും കുടുംബങ്ങളിൽ ഉണ്ടാക്കാമെങ്കിൽ വളരെ നന്നായിരിക്കും. "ഞങ്ങൾക്കുള്ള കർത്താവേ..." എന്ന അപ്രേമിന്റെ മെമ്രാ ധ്യാനിച്ച് നീട്ടിയ ഈണത്തിൽ ചൊല്ലുന്നത് നല്ലയുറക്കത്തിനുള്ള ഒന്നാന്തരം ഔഷധമായി അനുഭവപ്പെട്ടിട്ടുണ്ട് എന്ന പലരുടെയും സാക്ഷ്യം ഇവിടെ ഓർക്കുന്നു. രാത്രി ഉറക്കം വരാൻ കാത്തിരിക്കുകയും, ശ്രമം നടത്തുകയും ഒന്നും വേണ്ട-പതിവു ചിട്ടകൾ കൈക്കൊണ്ട്, ഉറക്കം വരുന്നില്ല എങ്കിൽ നല്ല വായനയിലേക്ക് തിരിയുക. കിടക്കമുറിയിൽ ബെഡിൽ കിടന്നു വായിച്ച് ശീലിക്കരുത്. മറ്റൊരു മുറിയിൽ ഇരുന്ന് ശാന്തമായി വായിക്കുക-വേഗം-ഉറക്കം വന്നോളും. ഉറക്കം വരുമ്പോൾ മാത്രം പോയി കിടക്കുക.

ഏതായാലും ഉറക്കത്തിലെ ശീലത്തിന്റെ പേരിൽ കുടുംബ കലഹം ഉണ്ടാക്കുന്ന നിലപാട് നല്ലതല്ല. വ്യക്തികൾ തമ്മിൽ, വളർന്നു വന്ന കുടുംബങ്ങൾ തമ്മിൽ ഉറക്ക ശീലത്തിൽ, ഭക്ഷണശീലത്തിൽ ഒക്കെയുള്ള വ്യത്യാസങ്ങളെ അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യുക. മരുമകളുടെ അപ്പനെയും അമ്മയെയും ഒന്നും ഇക്കാര്യത്തിൽ വലിച്ചിഴക്കുന്നത് പ്രയോജനം ചെയ്യില്ല. മകനോട് സ്വകാര്യമായി "നമ്മുടെ വീട്ടിലെ ഉറക്ക ക്രമം ഒന്നു മെച്ചപ്പെടുത്തിയാൽ നന്നായിരിക്കും" എന്ന അഭിപ്രായം ആരെയും കുറ്റപ്പെടുത്താത്ത രീതിയിൽ ശാന്തമായി പറയുക. അവർ (മകനും, മരുമകളും) ചേർന്ന് അവരുടെ കാര്യം തീരുമാനിക്കട്ടെ. ഇത് ഒരു തർക്കവിഷയമാക്കി വളർത്താതിരിക്കാനുള്ള വിവേകം നിങ്ങൾ കാണിക്കുന്നത് അഭിനന്ദനം അർഹിക്കുന്നു.

തുടരും...






**അഡ്വ. ബിജു ഉമ്മൻ**
അസോസിയേഷൻ സെക്രട്ടറി


> *'ഭയപ്പെടേണ്ടാ, ഞാൻ നിന്നെ വീണ്ടെടുത്തിരിക്കുന്നു; ഞാൻ നിന്നെ പേർ ചൊല്ലി വിളിച്ചിരിക്കുന്നു; നീ എനിക്കുള്ളവൻ തന്നേ, നീ വെള്ളത്തിൽക്കൂടി കടക്കുമ്പോൾ ഞാൻ നിന്നോടുകൂടി ഇരിക്കും; നീ നദികളിൽകൂടി കടക്കുമ്പോൾ അവ നിന്റെ മീതെ കവിയുകയില്ല; നീ തീയിൽകൂടി നടന്നാൽ വെന്തുപോകയില്ല; അഗ്നിജ്വാല നിന്നെ ദഹിപ്പിക്കയുമില്ല'*

പൗരസ്ത്യദേശത്തെ 91-ാമത് കാതോലിക്കായും 21-ാമത് മലങ്കര മെത്രാപ്പൊലീത്തായുമായി 2010 നവംബർ ഒന്നിന് പരുമല സെമിനാരിയിൽ വച്ച് പരിശുദ്ധാത്മാവിനാൽ നിയോഗിതനായ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ മലങ്കര സഭയുടെ അമരത്ത് തന്റെ നിയോഗത്തോട് പൂർണ്ണ വിശ്വസ്തത പുലർത്തി ഒരു പതിറ്റാണ്ട് പിന്നിടുകയാണ്. നേട്ടങ്ങളുടെ കൊടുമുടിയിലും സമ്മർദ്ദങ്ങളുടെ ഗർത്തങ്ങളിലും സന്തുലനം കാക്കുന്ന പരിശുദ്ധ പിതാവ് സഭാ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള തന്റെ നിയോഗം മുൻനിർത്തി ദൈവാത്മാവിൽ അതിജീവിച്ച പ്രതിസന്ധികൾ സഹസ്രാബ്ദങ്ങൾക്കു ശേഷവും സഭ സ്മരിക്കും. ദൈവം സവിശേഷമായി തിരഞ്ഞെടുത്ത് വിനിയോഗിച്ച പൗലോസ് ശ്ലീഹായെപ്പോലെ പ്രതിസന്ധികളെ ദൈവസംസർഗ്ഗം ശക്തിപ്പെടുത്തുവാൻ ഉള്ള സവിശേഷ സന്ദർഭങ്ങളാക്കുന്ന പരിശുദ്ധ ബാവാ തിരുമേനിയുടെ അനന്യസാധാരണമായ ജീവിത നാൾവഴികളും നിർമ്മലമായ ഇടയശുശ്രൂഷയും ചിന്തോദ്ദീപകങ്ങളായ ശ്രേഷ്ഠ ഗുണങ്ങളുടെ സുവർണ്ണ ശൃംഖലയാണ്. മലങ്കര അസോസിയേഷൻ സെക്രട്ടറി എന്ന നിലയിൽ 2017 ഏപ്രിൽ മാസം തിരഞ്ഞെടുക്കപ്പെട്ട ശേഷം പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയോടൊപ്പമുള്ള സഭാ പ്രവർത്തനത്തിൽ ഞാൻ പരിശുദ്ധ പിതാവിൽ കാണുന്ന സവിശേഷഗുണങ്ങളിൽ മൂന്നെണ്ണം അക്കമിട്ട് നിരത്തുന്നു.

### 1. സഭയുടെ സ്വാതന്ത്ര്യത്തെയും സ്വയം ശീർഷകത്വത്തെയും സ്വന്തം ജീവനേക്കാൾ ശ്രേഷ്ഠമായി എണ്ണുന്ന പിതാവ്

സഭയുടെ സ്വാതന്ത്ര്യവും സ്വയം ശീർഷകത്വവും സമ്മർദ്ദങ്ങൾക്കോ, പ്രലോഭനങ്ങൾക്കോ മുമ്പിൽ ഒരു കാരണവശാലും അടിയറവയ്ക്കില്ല എന്ന പരിശുദ്ധ പിതാവിന്റെ നിലപാടിന്റെ അടിത്തറ തന്റെ നിയോഗത്തോടുള്ള വിശ്വസ്തതയാണ്. നൂറ്റാണ്ടുകളായി സ്വാതന്ത്ര്യത്തിനുവേണ്ടി മലങ്കര സഭ നടത്തിയ പോരാട്ട ചരിത്രത്തിൽ നിർണ്ണായകമായ നാഴികക്കല്ലാണ് 2017-ലെ ബഹു. സുപ്രീംകോടതി വിധി. പ്രസ്തുത കോടതി വിധിക്ക് ശേഷം വിവിധങ്ങളായ തീവ്രസമ്മർദ്ദങ്ങൾ പല കോണുകളിൽ നിന്ന് പല വിധത്തിൽ ഉണ്ടായിട്ടുണ്ടെങ്കിലും യാഥാർത്ഥ സമാധാനം ആഗ്രഹിക്കുന്ന പരിശുദ്ധ പിതാവ്, സഭയുടെ സ്വാതന്ത്ര്യത്തിന് നൽകുന്ന പ്രാധാന്യം തന്റെ ജീവനേക്കാൾ ഏറെ വലുതാണ്. 'യഹോവ എന്റെ പക്ഷത്തുണ്ടു; ഞാൻ പേടിക്കയില്ല; മനുഷ്യൻ എന്നോടു എന്തു ചെയ്യും'. (സങ്കീർത്തനം 118:6) എന്ന വചനത്തെ ഓർമ്മിപ്പിക്കും വിധത്തിൽ നിലകൊള്ളുന്ന പരിശുദ്ധ പിതാവിന്റെ നിലപാട് ദൈവത്തിലുള്ള അടിയുറച്ച വിശ്വാസത്തിന്റെ പ്രതിഫലനവും, പൂർവ്വ പിതാക്കന്മാരുടെ ത്യാഗത്തോടുള്ള പ്രതിബദ്ധതയും, താൻ എന്ന വ്യക്തിയേക്കാളുപരി താൻ ഏറ്റെടുത്തിരിക്കുന്ന പദവിയോടുള്ള നീതീകരണവുമാണ്.

### 2. പ്രതിസന്ധികളെ ആത്മനിറവിൽ നേരിട്ട് വിജയവും സൗഖ്യവും രുചിക്കുന്ന പിതാവ്

സമാനതകളില്ലാത്ത പ്രതിസന്ധികളാണ് പരിശുദ്ധ ബാവാ തിരുമേനിയുടെ ഭരണകാലത്ത് സഭയ്ക്കും പരിശുദ്ധ പിതാവിനും നേരിടേണ്ടി വന്നിട്ടുള്ളത്. അപവാദപ്രചരണവും സഭയ്ക്കെതിരെ ചിലർ സ്വീകരിക്കുന്ന പക്ഷാപാതപരമായ നിലപാടുകളും ഗുരുതരമായ രോഗാവസ്ഥയും അതിൽ ചിലതുമാത്രം. ഈ പ്രതിസന്ധികളെ ദൈവാശ്രയത്തിൽ പ്രാർത്ഥനാപൂർവ്വം നേരിട്ട്, വിജയവും സൗഖ്യവും നേടുന്ന പരിശുദ്ധ കാതോലിക്കാ ബാവാ തലമുറകൾക്ക് പ്രചോദനമാണ്. നീതിക്കുവേണ്ടി ദാഹിക്കുന്ന മലങ്കര സഭയുടെ പിതാവ് ഭാഗ്യവാനാണ്. ഗിരി പ്രഭാഷണത്തിൽ കർത്താവ് പറയുന്നു: 'നീതി നിമിത്തം ഉപദ്രവിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ;



# നിയോഗം നേരോടെ നിറവേറ്റുന്ന പരിശുദ്ധ പിതാവ്

സ്വർഗ്ഗരാജ്യം അവർക്കുള്ളത്. എന്റെ നിമിത്തം നിങ്ങളെ അപമാനിക്കുകയും ഉപദ്രവിക്കുകയും നിങ്ങളെക്കൊണ്ട് എല്ലാ തിന്മയും കളവായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം മഹത്തരമാകകൊണ്ട് സന്തോഷിച്ചുല്ലസിപ്പിൻ; നിങ്ങൾക്ക് മുമ്പെ ജീവിച്ചിരുന്ന പ്രവാചകന്മാരെയും അവർ അങ്ങനെതന്നെ ഉപദ്രവിച്ചുവല്ലോ'.


'നീതിമാന്മാർ നിലവിളിച്ചു; യഹോവ കേട്ടു. സകലകഷ്ടങ്ങളിൽ നിന്നും അവരെ വിടുവിച്ചു' എന്ന് സങ്കീർത്തനക്കാരൻ പാടുന്നതു പോലെ പ്രതിസന്ധികളെ ആത്മ നിറവിൽ നേരിട്ട് വിജയവും സൗഖ്യവും രുചിക്കുന്ന പരിശുദ്ധ പിതാവ് യഥാർത്ഥ മാതൃകയാണ്. പൂർവ്വ പിതാക്കന്മാർ സ്വപ്നം കണ്ടും പ്രാർത്ഥിച്ചും ദൈവാശ്രയത്തിൽ കഠിനപ്രയത്നം ചെയ്തും ആഗ്രഹിച്ച സ്വതന്ത്ര മലങ്കര സഭ എന്ന സ്വപ്ന തീരത്തേക്ക് പാദം ഊന്നുവാൻ സ്വർഗ്ഗം തിരഞ്ഞെടുത്ത ഭാഗ്യതേജസ്സെന്ന് സംശയം കൂടാതെ പരിശുദ്ധ പിതാവിനെ വിലയിരുത്താം.

### 3. ദീനാനുകമ്പയും നിർമ്മലമനസ്സും ലാളിത്യവും കൈമുതലാക്കിയ പിതാവ്

ഏഴാം ക്ലാസ് വിദ്യാർത്ഥിയും സെറിബ്രൽ പാൾസി ബാധിതനായ അനുഗ്രഹിനെയും ഈ കുട്ടിയെ സ്വന്തം സഹോദരനെപ്പോലെ കൊണ്ടുനടക്കുന്ന സഹപാഠി ഫാത്തിമ ബിസ്മിയെയും സ്വയം മറന്ന് ഈ പരിശുദ്ധ പിതാവ് സ്നേഹിച്ച് അനുഗ്രഹിക്കുന്നത് നേരിൽ കാണുവാനുള്ള സൗഭാഗ്യം എനിക്കുണ്ടായിട്ടുണ്ട്. സ്വന്തം ആരോഗ്യവും പ്രായവും പദവിയും മറന്നു ജാതിമത ചിന്തകൾക്കതീതമായി പരിശുദ്ധ പിതാവിൽനിന്ന് ദീനാനുകമ്പയുടെ സമുദ്രം ഒഴുകിയ സന്ദർഭങ്ങളിൽ ഒന്നു മാത്രമാണിത്. നിഷ്കളങ്കതയാണ് പരിശുദ്ധ പിതാവിന്റെ മേന്മയും പോരായ്മയും. 'അവൻ നിന്റെ നീതിയെ പ്രഭാതം പോലെയും നിന്റെ ന്യായത്തെ മദ്ധ്യാഹ്നംപോലെയും പ്രകാശിപ്പിക്കും.' (സങ്കീ. 37:6) എന്ന തിരുവചനത്തെ അനുസ്മരിപ്പിക്കുന്ന തരത്തിൽ നിഷ്കളങ്കതയിൽ അടിസ്ഥാനപ്പെട്ടതാണ് പരിശുദ്ധ പിതാവിന്റെ ജീവിത പ്രകാശം.

തന്റെ പേരിനെ അക്ഷരത്തിലും ആത്മാവിലും അന്വർത്ഥമാക്കി പരിശുദ്ധ പൗലോസ് ശ്ലീഹായ്ക്ക് സമാനമായി സാക്ഷ്യ ജീവിതം നയിക്കുന്ന പിതാവ് താൻ അനുഭവിക്കുന്ന യാതനകളേയും, പരിഹാസങ്ങളേയും ക്രിസ്തു കേന്ദ്രീകൃതമായി ഏറ്റുവാങ്ങുന്ന തപോധനനും ഏത് സമ്മർദ്ദത്തിലും അണുവിട പതറാതെ തന്റെ വിളിയും നിയോഗവും തിരിച്ചറിഞ്ഞ് മുന്നേറുന്ന പിതാവുമാണ്. തന്റെ നിയോഗം നേരോടെ നിറവേറ്റുന്ന പരിശുദ്ധ പിതാവിലൂടെ അനുഗ്രഹങ്ങളുടെ പതിറ്റാണ്ടുകൾ ഇനിയും ആസ്വദിക്കുവാൻ മലങ്കര സഭയ്ക്ക് ഭാഗ്യമുണ്ടാകട്ടെ.

ദൈവത്തിന്റെ സുരക്ഷിത വലയത്തിൽ മലങ്കര സഭയെ നയിക്കുന്ന പിതാവും പരിശുദ്ധ സഭയും യഹോവയുടെ സാമീപ്യം രുചിച്ചറിഞ്ഞ ദശാബ്ദത്തെയോർത്ത് നമുക്ക് ദൈവത്തെ മഹത്വപ്പെടുത്താം. ○





# ആത്മാവിൽ എരിഞ്ഞ റമ്പാച്ചൻ

ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്

പ്രസിദ്ധ ധ്യാനഗുരുവും എഴുത്തുകാരനുമായ ബോബി ജോസ് കട്ടികാടച്ചൻ എഡിറ്ററായിരിക്കുന്ന ഒരു ആത്മീയ മാസികയാണ് 'തിയോ-മനുഷ്യ സ്നേഹി'. അതിന്റെ 2020 ഏപ്രിൽ ലക്കം എഡിറ്റോറിയലിൽ അച്ചൻ ഒരു സംഭവം ഉൾപ്പെടുത്തിയിരുന്നു. അവരുടെ ആശ്രമ ഗുരുവായിരുന്ന ബ. തിയോഫിൻ അച്ചന്റെ കല്ലറയോടു ചേർന്നാണ്, ആശ്രമാംഗങ്ങളായി വാങ്ങിപ്പോയ മറ്റു വൈദികരുടേയും കല്ലറകൾ. ഓരോരുത്തരുടെയും കല്ലറയിൽ അവരവരുടെ ജീവിതാടിസ്ഥാനത്തിൽ ഒരു കുറിപ്പുണ്ടാകും.

1. ക്ഷമയുടെ ആൾരൂപമായി ജീവിച്ച ആളിന്റെ കല്ലറയിലെ കുറിപ്പ് "Love is patience" എന്നാണ്. 2. ആരുടേയും ആവശ്യത്തിന്നും ഏതു നേരത്തും പോയിരുന്ന അച്ചന്റെ കല്ലറ കുറിപ്പ്; "Love is availability". 3. ആരോഗ്യ പ്രശ്നങ്ങളാൽ വളരെ ബുദ്ധിമുട്ടായ ആളിനു നല്കിയ കുറിപ്പ്; "Love is suffering". 4. ചെറിയ തോതിലുള്ള ചികിത്സ നടത്തിയ അച്ചന്റെ കല്ലറയിലെ കുറിപ്പ്; "Love is healing". 5. ലാളിത്യം മുഖമുദ്രയാക്കിയ വൈദികന് ചാർത്തി; "Love is humility" അഞ്ചുപേരുടെ കാര്യമേ ആ എഡിറ്റോറിയലിൽ കാണുന്നുള്ളു. ഒരിക്കൽ എഡിറ്ററച്ചന്റെ ഒരു സ്നേഹിതൻ ഈ കല്ലറ കുറിപ്പുകൾ വായിച്ചിട്ട് ഫലിത രൂപേണ അച്ചനോടു പറഞ്ഞത്രേ; "ഉടനെ ഒന്നും മരിക്കരുത്. എന്തു എഴുതി വയ്ക്കാനാണ്". ബോബി അച്ചൻ തന്റെ എഡിറ്റോറിയൽ കുറിപ്പ് ഉപസംഹരിക്കുന്നത് ഇപ്രകാരമാണ്; "സ്നേഹത്തിന്നു ചില ഫ്ളേവേഴ്സ് സ്വന്തമായി കണ്ടെത്താതെ അഭിവന്ദ്യരെ നിങ്ങളും മരിക്കരുത്". അതിന്റെ ചുവടു പിടിച്ചു പറയട്ടെ വന്ദ്യനായ കെ. ഐ. ഫിലിപ്പ് റമ്പാച്ചനു ജീവിതം സ്നേഹത്തിന്റെ അനവധി അനുഗ്രഹീത രുചികൾ പകരുവാനുള്ള അവസരമായിരുന്നു, ആർക്കും, പ്രത്യേകിച്ച് അശരണർക്ക് (Life was to dispense flavours of love). നാലര പതിറ്റാണ്ടു കാലത്തെ ആത്മബന്ധത്തിന്റെ അടിസ്ഥാനത്തിൽ പറയട്ടെ:- ആ ജീവിതം

1. A life of humility (താഴ്മയുടെ/എളിമയുടെ ജീവിതം).
2. A life of discipline (ശിക്ഷണത്തിന്റെ)
3. A life of sacrifice (ത്യാഗത്തിന്റെ)
4. A life of affection (വാത്സല്യത്തിന്റെ)
5. A life of concern (കരുതലിന്റെ)
6. A life of caring (ശ്രദ്ധയുടെ)
7. A life of commitment പ്രതിബദ്ധതയുടെ)
8. A life of enthusiasm (ഉത്സാഹത്തിന്റെ)
9. A life of endurance (സഹനത്തിന്റെ)
10. A life of encouragement (പ്രോത്സാഹനത്തിന്റെ)

അക്കമിട്ടു പറയുവാൻ അനവധിയുണ്ട്.

ഭാഗ്യസ്മരണാർഹനായ ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ സുവിശേഷ-ജീവകാരുണ്യ ദർശനത്തെ കർമ്മ മണ്ഡലത്തിൽ എത്തിച്ച ഉത്തമനും വിശ്വസ്തനുമായ പ്രവർത്തകനായിരുന്നു ഫിലിപ്പ് റമ്പാച്ചൻ. തന്റേതായ വ്യക്തിപ്രഭാവവും അർപ്പണബോധവും, ആത്മാർത്ഥമായ അത്യദ്ധ്വാനവും, ദൈവാശ്രയത്തോടു കൂടിയ ദീർഘവീക്ഷണവും, സഹപ്രവർത്തകരെ കൂടെ നിർത്തി സഹകരിപ്പിച്ചുകൊണ്ടു പോകുവാനുള്ള ഹൃദയവിശാലതയും, കൂടെ നിൽക്കുന്നവർ തന്നേക്കാൾ വലുതാകണം എന്ന തീവ്രവാഞ്ഛയും, പ്രാർത്ഥനാപൂർവ്വമായ നേതൃത്വ പാടവും, പ്രവർത്തന ശൈലിയുമെല്ലാം കൊണ്ട് ധന്യമായൊരു ജീവിതമായിരുന്നു വന്ദ്യ റമ്പാച്ചന്റേത്. സത്യസന്ധതയും സുതാര്യതയും എല്ലാ രംഗങ്ങളിലും മുറുകെ പിടിച്ചു. കലവറ കൂടാത്ത സ്നേഹം പകർന്നു കൊടുത്തു.

അസ്സീസ്സിയിലെ വി. ഫ്രാൻസിസ്സിനെക്കുറിച്ചുള്ള ഒരു ഗ്രന്ഥത്തിൽ സന്യാസ ജീവിതത്തിന്റെ അടിസ്ഥാന പാഠങ്ങളായി സൂചിപ്പിക്കുന്നത്:- 1. ദൈവത്തോടു ചേർന്നു നില്ക്കുന്നവർക്കു ലഭിക്കുന്ന മൂന്നു ആനുകൂല്യങ്ങൾ ഇവ ബലപ്ര



യോഗമില്ലാത്ത ശക്തി, വീഞ്ഞു കുടിക്കാത്ത ലഹരി, മരണമില്ലാത്ത ജീവിതം, ഇതിൽ ആദ്യത്തേതു രണ്ടും റമ്പാച്ചൻ ഈ ഭൂമിയിൽ വച്ച് അനുഭവിച്ചു. അദ്ദേഹത്തെ പ്രവർത്തനമണ്ഡലങ്ങളിൽ കർമ്മനിരതനായക്കിയത് അതായിരുന്നു. മൂന്നാമത്തേതു ദൈവം അദ്ദേഹത്തിനു നല്കും.

2. സന്യാസ ജീവിതത്തിൽ പാലിക്കേണ്ട പാഠങ്ങളായി ചേർത്തിരിക്കുന്നത്; ജീവിതം വിശുദ്ധമായിരിക്കണം, ശത്രുക്കളെ സ്നേഹിക്കണം, പാവപ്പെട്ടവരെ സഹായിക്കണം, കണ്ണുകൾ ഭൂമിയിൽ നിന്നും സ്വർഗ്ഗത്തിലേക്കുയർത്തി ജീവിക്കണം. ഈ പാഠങ്ങൾ അക്ഷരാർത്ഥത്തിൽ അന്ത്യംവരെ പാലിക്കുവാൻ പരമാവധി ശ്രദ്ധിച്ച ഒരുത്തമ സന്യാസി ആയിരുന്നു റമ്പാച്ചൻ. ലോകപ്രസിദ്ധ ദൈവശാസ്ത്രജ്ഞനായ ഡീട്രിച്ച് ബോൺ ഹോഫർ, യേശുക്രിസ്തുവിനെ വിളിച്ചത്, "a man for others" (മറ്റുള്ളവർക്കു വേണ്ടി ജീവിച്ച ഒരാൾ). യേശുക്രിസ്തുവുമായി ആരേയും അതേപടി താരതമ്യം ചെയ്യുക സാധ്യമല്ലല്ലോ? എന്നാലും റമ്പാച്ചനെ അടുത്തറിയുന്ന ആരും സമ്മതിക്കും-മറ്റുള്ളവർക്കുവേണ്ടി മാത്രം ജീവിച്ച ഒരാളായിരുന്നു ഫിലിപ്പ് റമ്പാച്ചൻ എന്നും ഉന്നത പഠനത്തിനവസരമുണ്ടായപ്പോഴും അതു വേണ്ടാ എന്നു സ്വയം തീരുമാനിച്ചത്, ഈ സഭയുടെ സുവിശേഷ പ്രവർത്തനങ്ങൾക്കും പാവങ്ങളെ ശുശ്രൂഷിക്കുന്നതിനും വേണ്ടി മാത്രമായിരുന്നു. വടക്കേ ഇൻഡ്യയിലെ ചുട്ടുപഴുത്ത ചൂടിൽ കുടിലുകളിലും, ഷെഡുകളിലും കിടന്നു. റിസർവേഷൻ കിട്ടിയില്ലെങ്കിൽ ഇടം കിട്ടുന്നിടത്തു തറയിൽ പത്രം വിരിച്ചു കിടന്നുള്ള യാത്രകൾ, ഒന്നല്ല, ഒരിക്കലല്ല ഒട്ടുമുക്കാലും ഒരായുസ്സു മുഴുവനും ഇതിനല്പം വ്യതിയാനം ഉണ്ടായതു ആരോഗ്യം നഷ്ടപ്പെട്ട ജീവിത സായാഹ്ന ഘട്ടത്തിൽ മാത്രമായിരുന്നു, അതും മനസ്സില്ലാ മനസ്സോടെ.

പ. പൗലോസ് അപ്പോസ്തോലൻ പ്രബോധിപ്പിക്കുന്നതുപോലെ; "ഉത്സാഹത്തിൽ മടുപ്പില്ലാതെ, ആത്മാവിൽ എരിവുള്ളവനായി" (റോമർ 12:11) കടന്നു ചെന്ന മേഖലകളിൽ കർത്താവിന്റെ വേലചെയ്ത ഒരു കർത്തൃദാസനായിരുന്നു പ്രിയ റമ്പാച്ചൻ. വന്ദ്യനായ ഫിലിപ്പു റമ്പാച്ചനു ഏറ്റവും അനുയോജ്യമായ വിശേഷണം ഇതു തന്നെ എന്നു പൂർണ്ണമായി വിശ്വസിക്കുന്നു. ക്രിസ്തീയ സഭാ ശുശ്രൂഷകർക്കുണ്ടായിരിക്കേണ്ട ഒന്നാമത്തെ വലിയ അനുഭവം; "the ministers of the Church have to be always on fire" (സഭാ ശുശ്രൂഷകർ എല്ലായ്പ്പോഴും അഗ്നിയിൽ ആയിരിക്കണം. ഉള്ളിലെ ആത്മാവിന്റെ ജ്വലനമാണ് ഇവിടെ അർത്ഥമാക്കുന്നത്. സുവിശേഷ ലഹരിയുടെ ജ്വാലയുമായി ഒരായുസ്സു മുഴുവനും അങ്ങോളമിങ്ങോളം അലഞ്ഞു നടന്ന സന്യാസി ശ്രേഷ്ഠനായിരുന്നു വന്ദ്യ റമ്പാച്ചൻ. ശ്രീ ബുദ്ധൻ പഠിപ്പിച്ചു; "കർമ്മോത്സുകതയാണ് ജീവിതത്തിന്റെ പാത, അലസത മരണത്തിലേക്കുള്ളതും"

ഉത്സാഹമുള്ള നേതൃത്വത്തെക്കുറിച്ചുള്ള രണ്ടാമത്തെ നിരീക്ഷണം; It is the enthusiasts who have done the best and the most lasting things in the word. റമ്പാച്ചൻ ഒരുപാടു കാര്യത്തിൽ കടുംപിടുത്തക്കാരനോ നിർബന്ധബുദ്ധിയുള്ളവനോ ആയിരുന്നു. പ. സഭയുടെ ആചാര-അനുഷ്ഠാന, വിശ്വാസ പാരമ്പര്യ കാര്യങ്ങളിൽ, ജനം നല്ല കാര്യങ്ങൾക്കായി നല്കുന്ന പണം സത്യസന്ധമായി ചെലവിടുന്ന കാര്യങ്ങളിൽ, ഒരു സന്യാസിയുടെ ജീവിതചര്യ പാലിക്കുന്നതിൽ, ഇതര ഇടപാടുകളിലും ഇടപെടലുകളിലുമൊക്കെ. ഒരു നയാപൈസപോലും ശമ്പളം വാങ്ങാതെയാണ് കാലമിത്രയും മിഷൻ ബോർഡിനു വേണ്ടിയും സ്ഥാപനങ്ങൾക്കു വേണ്ടിയും പ്രവർത്തിച്ചിരുന്നത്. കൊടുക്കുവാൻ തയ്യാറായപ്പോഴും വിനയ പൂർവ്വം നിരസിച്ചതും കടുംപിടുത്തത്തിന്റെ ഭാഗം. എന്റെ ഓർമ്മയിൽ അദ്ദേഹം ഇടവക ശുശ്രൂഷ നടത്തിയിട്ടുള്ളതു ഭിലായ് (ബാഹ്യകേരളം) പുതുപ്പാടി, മാവൂർ (മലബാർ ഭദ്രാസനം) എന്നിവടങ്ങളിൽ മാത്രമാണ്. അന്നു ഇടവകകൾ നല്കുന്ന ചെറിയ അലവൻസുകൾ വാങ്ങിയിട്ടുണ്ടാകും. വാങ്ങിയിട്ടുണ്ടെങ്കിൽ അതു പുതുപ്പാടി ആശ്രമത്തിന്റെ കണക്കിൽ വന്നിട്ടുമുണ്ടാകും. സാമ്പത്തിക സുതാര്യതാബോധത്തിന്റെ നിർബ്ബന്ധബുദ്ധിതലമാണിതും.

ഉത്സാഹത്തിൽ മടുപ്പില്ലാത്ത, ആത്മാവിൽ എരിവുള്ള ജീവിതത്തെക്കുറിച്ചുള്ള അടുത്ത വിലയിരുത്തൽ; "Earnestness and enthusiasm are incomprehensible to the world, but are indispensable to a good minister" അതുകൊണ്ടാണു ലോകം ഇങ്ങനെയുള്ളവരെ വിഡ്ഢികൾ എന്നു വിളിക്കുന്നത്. ദൈവത്തിനു വേണ്ടി ലോകത്തിന്റെ മുമ്പിൽ വിഡ്ഢികളായവരുടെ കൂട്ടത്തിൽ റമ്പാച്ചനെ ഞാൻ കാണുന്നു. കൊച്ചുകുട്ടികളുടെ കാര്യം പറയുന്നതുപോലെ, അല്പസമയം പോലും എങ്ങും അടങ്ങിയിരിക്കില്ല. നടപ്പല്ല, ഓട്ടമാണു റമ്പാച്ചനു ശീലം. ട്രെയിൻ യാത്രയിൽ ഭിക്ഷക്കാരായ കുട്ടികളെ വിളിച്ചടുത്തിരുത്തി വർത്തമാനം പറയും. തെലുങ്കും കന്നടയും ഹിന്ദിയും അത്യാവശ്യം കൈകാര്യം ചെയ്തിരുന്നു. സ്നേഹം പങ്കിടുവാൻ ഭാഷ വലിയ പ്രശ്നമല്ലല്ലോ? ഒരിക്കൽ ഒരു കുട്ടിയെ അടുത്തിരുത്തി വർത്തമാനം പറഞ്ഞു, കൈയ്യിലുണ്ടായിരുന്ന ഭക്ഷണ പൊതിയും അവനു കൊടുത്തു. അടുത്ത സ്റ്റേഷനിൽ വണ്ടി നിന്നപ്പോൾ ആ കുട്ടി പോയി അവന്റെ മുഴുവൻ കൂട്ടുകാരേയും ഞൊടിയിടയിൽ റമ്പാച്ചന്റെ അടുത്തു കൂട്ടിക്കൊണ്ടുവന്നു. കർത്താവ് കഫർന്നഹോമിൽ ചെന്നപ്പോൾ പുരുഷാരം തടിച്ചുകൂടിയതുപോലെയായിരുന്നു (മർക്കോ. 2:1,2) റമ്പാച്ചൻ എവിടെയെങ്കിലും ഉണ്ടെങ്കിൽ ആൾക്കൂട്ടവും ഉണ്ടാകും. നാനാജാതി മതസ്ഥരാണു വരുന്നത്. ആരുവന്നാലും കഴിവതും എന്തെങ്കിലും നല്കിയേ വിട്ടിരുന്നുള്ളു. സഹായം തേടി, പ്രാർത്ഥന തേടി, ഉപദേശം തേടി.. പട്ടിക നീണ്ടുപോയിരുന്നു.

വ്യക്തിപരമായി കടപ്പാടുകൾ അനവധിയാണ്. ഒരു മിഷണറി വൈദികൻ ആകുവാനുള്ള പ്രേരണ പുതുപ്പാടിയിലെ ഫിലിപ്പച്ചനിൽ നിന്നായിരുന്നു. വൈദിക സെമിനാരി പഠനം പൂർത്തിയായ അന്നു തന്നെ (1981 ഏപ്രിൽ 19) വന്ദ്യനായ ഫിലിപ്പ് അച്ചന്റെ അസ്സിസ്റ്റന്റായി പനയമ്പാലയിൽ ചേർന്നു. സ്ഥാപന നടത്തിപ്പിനുള്ള പരിശീലനം ലഭിച്ചതും അദ്ദേഹത്തിൽ നിന്നു തന്നെ. പ്രഥമ ഗൾഫ് യാത്രയ്ക്കും (1987), അമേരിക്കൻ യാത്രയ്ക്കും (1990) മുഖാന്തിരമായതും അദ്ദേഹത്തിലൂടെ അമേരിക്കയിൽ പഠനത്തിനവസരം ലഭിച്ചപ്പോൾ അഭിവന്ദ്യനായ ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ അടുത്തു എനിക്കുവേണ്ടി ജാമ്യം നിന്ന രണ്ടു പേരിൽ ഒരാൾ അദ്ദേഹം തന്നെ. നാലു പതിറ്റാണ്ടിനടുത്തു (39 വർഷം) സഭാ മിഷൻ ബോർഡിന്റെ പ്രവർത്തകരായി ഒന്നിച്ചു പ്രവർത്തിച്ചു. പ്രവർത്തകർക്കു എന്നും പ്രചോദനമായി, പ്രാർത്ഥനയോടെ റമ്പാച്ചൻ കൂടെ ഉണ്ടായിരുന്നു. സുഖദുഃഖങ്ങളിൽ ഒരുപോലെ തന്റെ കൂടെയുള്ളവർ തന്നേക്കാൾ വലുതാകണമെന്നാഗ്രഹിച്ചു; അതിൽ സന്തോഷിച്ചു, അഭിമാനിച്ചു. ജീവിത സായാഹ്നത്തിൽ, പുതുപ്പാടിയിലെ വിശ്രമനാളുകളിൽ മിക്ക ദിവസങ്ങളിലും കുറഞ്ഞതു രണ്ടു പ്രാവശ്യമെങ്കിലും എന്നെ വിളിച്ചിരിക്കും. അദ്ദേഹത്തിന്റെ വാക്കുകളിൽ; "ആ ശബ്ദം ഒന്നു കേൾക്കുവാൻ വേണ്ടി മാത്രം". ഒരുപാടു കാര്യങ്ങൾ കുറിക്കുവാൻ മനസ്സ് വെമ്പൽ കൊള്ളുന്നു. വിസ്

താര ഭാരത്താൽ ദീർഘിപ്പിക്കുന്നില്ല. യേശുവിനെ കണ്ടെത്തിയ ശമര്യാക്കാരി സ്ത്രീ പട്ടണത്തിലുള്ളവരോടു യേശുവിനെക്കുറിച്ചു പറയുവാൻ വെമ്പൽ കൊണ്ടു പോകുന്നതിനെക്കുറിച്ച് സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസിന്റെ (St. John Chrisostom) ഒരു നിരീക്ഷണമുണ്ട്:-

When the Soul aflames with holy fire, its looks then nothing, earthly; either to glory nor to shame, but belongs to one thing alone, the flame which occupies it". ഇപ്രകാരം ഭാഷാന്തരം ചെയ്യട്ടെ:- (ആത്മാവ് വിശുദ്ധ അഗ്നിയാൽ ജ്വലിക്കുമ്പോൾ അതു ലൗകികമയതൊന്നും ശ്രദ്ധിക്കുകയില്ല, മാനമാകട്ടെ അപമാനമാകട്ടെ, ഒറ്റക്കാര്യത്തിൽ മാത്രമായിരിക്കും അതിന്റെ ഭാഗഭാഗത്വം, അതിൽ വസിക്കുന്ന തീ ജ്വാല മാത്രം) വന്ദ്യനായ ഫിലിപ്പ് റമ്പാച്ചനെ അടുത്തറിയുന്ന ആരും, അദ്ദേഹത്തിനു നൂറു ശതമാനം ചേരുന്ന ഒരനുഭവമായി ഇതിനെ അംഗീകരിക്കുമെന്നു കരുതുന്നു.

ഫിലിപ്പ് റമ്പാച്ചൻ "ഭാഗ്യനാട്ടിൽ പോയി". പക്ഷെ ഒരു ചോദ്യം അവശേഷിക്കുന്നു. ടാഗോറിന്റെ കവിതയിലെ അസ്തമയ സൂര്യന്റെ ചോദ്യം തന്നെ, "ഞാനസ്തമിക്കുന്നു, ആർ ഈ ദൗത്യം ഏറ്റെടുക്കും? മറുപടി പറയുവാൻ ഒരു മൺ ചെരാത് ഉണ്ടായിരുന്നു; "ഞാൻ എന്നാലാവുന്ന വിധത്തിൽ" മലങ്കര സഭയുടെ സുവിശേഷ-പ്രേഷിത-ജീവകാരുണ്യ പ്രവർത്തനത്തെ സ്നേഹിക്കുന്ന ഓരോ വ്യക്തിയും പറയണം, "ഉത്സാഹത്തിൽ മടുപ്പില്ലാതെ ആത്മാവിൽ എരിവുള്ളവനായി ജീവിച്ച വന്ദ്യനായ റമ്പാച്ചാ, അവിടുന്നു സമാധാനത്താലെ പോകു, ഞാനുണ്ട് എന്നാലാവുന്ന വിധത്തിൽ"

ആത്മാവിൽ എരിയുന്ന ജീവിതം കൂർത്ത കല്ലുകളും മുള്ളുകളും കൊണ്ട് പാകപ്പെട്ടതായിരിക്കും. എന്നാൽ സ്വയം എരിഞ്ഞടങ്ങിക്കൊണ്ട് മറ്റുള്ളവർക്കു നല്കുന്ന പ്രകാശം അതിശ്രേഷ്ഠവും അനിർവ്വചനീയവുമായിരിക്കും. അതിൽ അനേകർ അനുഗ്രഹീതരാകും.

### ഡോക്ട്രേറ്റ് ലഭിച്ചു



'ബൈബിൾ അന്തരീക്ഷം സക്കറിയയുടെ കഥകളിൽ' എന്ന വിഷയത്തിൽ എം. ജി. സർവ്വകലാശാലയിൽ നിന്നു ഡോക്ട്രേറ്റ് നേടിയ തോമസ് കുരുവിള.

കോട്ടയം ബസേലിയോസ് കോളജ് മലയാളം വിഭാഗം മേധാവിയും 'മലങ്കരസഭ' മാസികയുടെ പത്രാധിപസമിതി അംഗവുമാണ്. വാഴൂർ സെന്റ് പീറ്റേഴ്സ് ഓർത്തഡോക്സ് ഇടവകാംഗം. ചെമ്പകശ്ശേരിൽ സി.റ്റി. കുരുവിളയുടെയും ഏലിയാമ്മയുടെയും പുത്രൻ. ഭാര്യ: റിൻസി തോമസ് (അസി. പ്രൊഫസർ, സി.എം.എസ്. കോളജ്, കോട്ടയം). മക്കൾ: അന്ന എലിസബത്ത് തോമസ്, ആദം കുരുവിള തോമസ്.



# ഔഷധഗുണമുള്ള വാക്കുകൾ

'മൺപാത്രത്തിലെ നിധി' (Treasure in clay) എന്നാണ് ബിഷപ്പ് ഫുൾട്ടൻ ജെ. ഷീൻ (1895-1979) തന്റെ ആത്മകഥയ്ക്ക് പേരിട്ടത്. വി. പൗലോസ് അപ്പോസ്തോലന്റെ വാക്കുകളാണ് അർത്ഥപൂർണ്ണമായ ഈ ശീർഷകത്തിന് ആസ്പദം. "എങ്കിലും ഈ അത്യന്തശക്തി ഞങ്ങളുടെ സ്വന്തം എന്നല്ല, ദൈവത്തിന്റെ ദാനമത്രേ എന്ന് വരേണ്ടതിന് ഈ നിക്ഷേപം ഞങ്ങൾക്ക് മൺപാത്രങ്ങളിൽ ആകുന്നു ഉള്ളത്" (2 കൊരി. 4:7). അപ്പോസ്തോലന്മാർ ദൈവിക നിധി സൂക്ഷിക്കുന്ന കളിമൺപാത്രങ്ങളാണെന്ന ദർശനമാണ് ഈ വചനത്തിന്റെ പൊരുൾ. പൗരോഹിത്യവിളിയുടെ ശ്രേഷ്ഠതയും അതു സ്വീകരിക്കുന്ന മനുഷ്യപ്രകൃതിയുടെ ബലഹീനതയും തമ്മിലുള്ള അന്തരം വ്യക്തമാക്കുന്ന ഔപമ്യമാണിത്. വിശുദ്ധ ബലിപീഠത്തിൽ ക്രിസ്തുവിന്റെ കാൽവറിയിലെ ബലിയെ പുനരവതരിപ്പിക്കുന്നതിനും, കുമ്പസാരത്തിലൂടെ പാപക്ഷമ നൽകുന്നതിനും മാമോദീസായിലൂടെ ആത്മാവിൽ ജനിപ്പിക്കുന്നതിനും മരണാസന്നരെ പ്രത്യാശയോടെ പറുദീസയിലേക്ക് യാത്രയയ്ക്കുന്നതിനുമുള്ള ക്രിസ്തുവിന്റെ അധികാരവും അവകാശവും ഓരോ പുരോഹിതനിലും നിക്ഷിപ്തമാണ്. വൈദികനെ ക്രിസ്തുവാകുന്ന കുശവൻ മെനയുന്ന കളിമണ്ണിനോടാണ് ഉപമിക്കുന്നത്. നിധിയുടെ ശുദ്ധി സംരക്ഷിക്കുവാൻ അവൻ ജ്വലിക്കുന്ന കുരിശിന്റെ ചൂളയിൽ അടയ്ക്കപ്പെടേണ്ടിയിരിക്കുന്നു എന്നു ബിഷപ്പ് ഷീൻ പ്രസ്താവിക്കുന്നുണ്ട്. കർത്താവിനോട് ഏറ്റവും അടുത്തായിരിക്കുവാൻ വിളിക്കപ്പെട്ടവനാണ് പുരോഹിതൻ. അതുകൊണ്ടാണ് 'പുരോഹിതൻ അവനു സ്വന്തമല്ല' (The Priest, is Not His Own) എന്നു ഈ പുരോഹിതശ്രേഷ്ഠൻ തന്റെ പുസ്തകത്തിനു ശീർഷകം നൽകിയത്. പൗരോഹിത്യജീവിതത്തെക്കുറിച്ച് മലയാളത്തിൽ പ്രസിദ്ധീകരിച്ച ഒരു പുസ്തകത്തിന്റെ ശീർഷകം 'നെരിപ്പോടിലെ തീക്കനൽ' എന്നാണ് മൺപാത്രത്തിൽ സ്വീകരിക്കപ്പെടുന്ന നിധിയും നെരിപ്പോടിനുള്ളിൽ എരിയുന്ന കനലും ആവിഷ്കരിക്കുന്ന ദർശനം ഒന്നുതന്നെ; "എന്റെ കൃപ നിനക്കു മതി." നവതിയുടെ നിറവിലെത്തിയ ശ്രേഷ്ഠപുരോഹിതനും ആധ്യാത്മിക പ്രഭാഷകനും വേദശാസ്ത്രാധ്യാപകനും ബൈബിൾ വ്യാഖ്യാനങ്ങളുടെയും ശുഭചിന്തകളുടെയും രചയിതാവുമായ ഫാ. ഡോ. ടി.ജെ. ജോഷ്വായുടെ അറിവും അനുഭവവും സമന്വയിക്കുന്ന പുതിയ പുസ്തകത്തിന്റെ ശീർഷകവും വി. പൗലോസിന്റെ സാക്ഷ്യമാണ്; 'എന്റെ കൃപ നിനക്കു മതി.'

കോവിഡ്-19 മഹാമാരിയുടെ പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് മാനവരാശി കഴിയുന്ന കാലഘട്ടമാണിത്. സാമൂഹികമായ ഒത്തുചേരലില്ല. യാത്രകളില്ല. ദേവാലയങ്ങളിൽ സമൂഹബലിയില്ല. വിവാഹം, മരണം തുടങ്ങിയ പൊതുചടങ്ങുകൾ പോലും ഉപാധികളോടെ നടത്തപ്പെടുന്ന സമാനതകളില്ലാത്ത കാലം. നിയമങ്ങളും നിബന്ധനകളും പാലിച്ചുകൊണ്ടുള്ള 'ലോക്ഡൗൺ' ഈ തലമുറയ്ക്ക് തികച്ചും അപരിചിതമായ അനുഭവമാണ്. ഈ കാലഘട്ടത്തെ എങ്ങനെ അതിജീവിക്കും എന്നതിനെപ്പറ്റി പലർക്കും ധാരണയില്ല. പ്രസംഗങ്ങളും ക്ലാസ്സുകളും സന്ദർശനങ്ങളും ഒക്കെയായി കർമ്മനിരതനായി കഴിഞ്ഞിരുന്ന ജോഷ്വാ അച്ചൻ, 92-ാം വയസ്സിൽ, ലോക്ഡൗൺ കാലത്തെ സൃഷ്ടിപരമായി അഭിമുഖീകരിച്ചതിന്റെ സാക്ഷ്യപത്രമാണ് ഈ പുസ്തകം. ആറു പതിറ്റാണ്ടുകാലം കോട്ടയം വൈദികസെമിനാരിയിൽ അധ്യാപകനായും, മലങ്കരസഭയിൽ തിരുവചനപ്രഭാഷകനായും സാർത്ഥകമായ ജീവിതം നയിച്ച ഈ ഗുരുവര്യന്റെ 63-ാമത്തെ പുസ്തകമാണ്




'എന്റെ കൃപ നിനക്കുമതി.' മലയാള മനോരമയുടെ 'ഞായറാഴ്ച' സപ്ലിമെന്റിലെ 'ഇന്നത്തെ ചിന്താവിഷയം' എന്ന പംക്തി കഴിഞ്ഞ 30 വർഷമായി കൈകാര്യം ചെയ്യുന്ന അച്ചൻ, ആയിരത്തി അഞ്ഞൂറിലധികം കുറിപ്പുകളിലൂടെ ലക്ഷക്കണക്കിന് ജനമനസ്സുകളെ സ്വാധീനിച്ചിട്ടുണ്ട്. ഈയടുത്ത കാലത്ത് അപരിചിതരായ ദമ്പതികളുടെ ഒരു കത്ത് വന്ദ്യ ജോഷ്വാ അച്ചനെ തേടിയെത്തി. ലോക്ഡൗൺ സമയത്ത് തങ്ങളെ ആത്മഹത്യയിൽ നിന്ന് പിന്തിരിപ്പിച്ചത് അച്ചന്റെ 'ഇന്നത്തെ ചിന്താവിഷയ'ത്തിലെ വരികളാണ് എന്ന സാക്ഷ്യമായിരുന്നു ആ കത്തിന്റെ ഉള്ളടക്കം. നിരന്തരമായ പ്രാർത്ഥനയും തിരുവചനധ്യാനവുമാണ് ആശ്വസിപ്പിക്കുന്ന, മുറിവുണക്കുന്ന, പ്രചോദിപ്പിക്കുന്ന 'ഔഷധഗുണമുള്ള വാക്കുകൾ' തലമുറകൾക്കു സമ്മാനിക്കുവാൻ ഈ പുരോഹിതശ്രേഷ്ഠനെ പ്രേരിപ്പിക്കുന്നത്.

ബൈബിൾ, ക്രൈസ്തവസഭ, ക്രൈസ്തവ കുടുംബം എന്ന മൂന്നു പ്രധാന വിഷയങ്ങളെ മുൻനിർത്തിയുള്ള 27 പ്രൗഢമായ ലേഖനങ്ങളാണ് ഈ കൃതിയുടെ ഉള്ളടക്കം. ബൈബിളിലെ പുതിയ നിയമം, വിശേഷിച്ച് വി. പൗലോസ് അപ്പോസ്തോലന്റെ ചിന്തകളുടെ വിപുലീകരണവും വ്യാഖ്യാനവുമാണ് ഈ ഗ്രന്ഥത്തിന്റെ കാതൽ. "ഞാൻ ആയിരിക്കുന്നത് ദൈവകൃപയാൽ ആകുന്നു" എന്ന വി. പൗലോസ് ശ്ലീഹായുടെ സാക്ഷ്യം ഈ വൈദികശ്രേഷ്ഠനെ ഏറെ സ്വാധീനിച്ചിട്ടുണ്ട്. യേശുക്രിസ്തു കഴിഞ്ഞാൽ തന്റെ ജീവിതത്തെയും ചിന്തകളെയും ഏറെ സ്വാധീനിച്ചിട്ടുള്ള വ്യക്തി വി. പൗലോസ് അപ്പോസ്തോലനാണെന്ന് ബഹു. അച്ചൻ അനുസ്മരിക്കുന്നു. ആദർശപുരുഷന്റെ ജീവിതത്തെ മുൻനിർത്തി തന്റെ ജീവിതത്തെ ആത്മപരിശോധനയ്ക്കു വിധേയമാക്കുന്ന 'ദൈവകൃപ സ്വാനുഭവത്തിൽ' എന്ന ലേഖനത്തോടെയാണ് ഗ്രന്ഥാരംഭം. വി. പൗലോസിന് ജഡത്തിൽ ഒരു മുള്ള് ഉണ്ടായിരുന്നു. ആത്മീയാനുഭവങ്ങളിലും ദർശനങ്ങളിലും അഹങ്കരിക്കാതിരിക്കാൻ ദൈവം നൽകിയ ഓർമ്മക്കുറിപ്പായി അപ്പോസ്തോലൻ ഈ ശാരീരികാസ്വാസ്ഥ്യത്തെ കരുതി. രോഗശമനത്തിനു പ്രാർത്ഥിച്ചപ്പോൾ 'എന്റെ കൃപ നിനക്കു മതി' എന്ന മറുപടിയാണ് രക്ഷകനിൽ നിന്നു പൗലോസിന് ലഭിച്ചത്. നാലാം വയസ്സിൽ ടൈഫോയിഡ് ബാധിതനായി ശാരീരിക ക്ലേശം അനുഭവിച്ച ജോഷ്വാ എന്ന ബാലനുവേണ്ടി അമ്മ മനമുരുകി പ്രാർത്ഥിച്ചു; "ഇവനെ ജീവനോടെ തന്നാൽ ദൈവികശുശ്രൂഷയ്ക്കു സമർപ്പിച്ചുകൊള്ളാം." ദൈവം പ്രാർത്ഥന കൈക്കൊള്ളുകയും ആ മാതാവിന്റെ നേർച്ച സഫലമാകുകയും ചെയ്തു. തുടർന്നു വൈദികസെമിനാരി അധ്യാപകനും പ്രഭാഷകനുമായി കർമ്മനിരതനായിരിക്കെ ഗൗരവമായ നിരവധി ശസ്ത്രക്രിയകൾക്കു വിധേയനാക്കപ്പെട്ടു. നാക്ക്, കണ്ണ്, ഹൃദയം, പോസ്റ്ററ്റ് സർജറികൾ! സൗഖ്യദായകനായ ദൈവത്തിന്റെ കരുതലും സ്നേഹവും അനുഭവിക്കാനുള്ള അവസരങ്ങളായിരുന്നു അത്. അവയെ സഹജീവികൾക്കു പ്രചോദനം പകരുന്ന അനുഭവക്കുറിപ്പുകളുടെ രൂപത്തിൽ 3 പുസ്തകങ്ങളായി രചിക്കുവാനും പ്രേരകമായത് ദൈവകൃപതന്നെ. നാവിൽ നാലു റേഡിയം സൂചികൾ തറച്ചുകൊണ്ട്, കാൻസർ വാർഡിൽ ഏഴുദിവസം ഏകനായി കഴിഞ്ഞകാലം 'മൗനിയായി ഏഴുദിനങ്ങൾ' എന്നപേരിൽ പ്രസിദ്ധീകരിച്ചു.

കാൻസറിന്റെ രണ്ടാം വരവ് മനസ്സിൽ വിതച്ച വികാരങ്ങളും അവയോടുള്ള പ്രതികരണങ്ങളും പുസ്തകരൂപം കണ്ടു; 'മരണത്തോടു മുഖാമുഖം'. നിരന്തരം സന്ദർശനത്തിനെത്തുന്ന രോഗപീഡകളോട് എങ്ങനെ പ്രതികരിക്കണമെന്നതിനെപ്പറ്റി ചിന്തിക്കുവാനും അതിനു ഗ്രന്ഥരൂപം നൽകുവാനും തയ്യാറായപ്പോഴാണ് "ദൈവമേ നീ എന്റെ ദൈവം" എന്ന കൃതി പിറന്നത്. രോഗപീഡകളും സഹധർമ്മിണിയുടെ ആകസ്മികവിയോഗം സൃഷ്ടിച്ച ഹൃദയവ്യഥയുമെല്ലാം അതിജീവിക്കുവാനും അതിനോട് ക്രൈസ്തവമായി പ്രതികരിക്കുവാനും തുണയായത് ദൈവകൃപ ഒന്നുകൊണ്ടുമാത്രം എന്നു സാക്ഷ്യപ്പെടുത്തുന്ന പുസ്തകമാണിത്. എന്റെ കൃപ നിനക്കു മതി, പൗലോസ് ശ്ലീഹായും പ്രാർത്ഥനാനുഭവവും, ആശ്വാസം നൽകുന്ന ദൈവത്തിനു സ്തുതി, സമാധാനത്തിനുള്ള ആശംസ, വിമുഢനായ മനുഷ്യൻ തുടങ്ങിയ ഈ ഗ്രന്ഥത്തിലെ പകുതിയോളം ലേഖനങ്ങൾ പുതിയനിയമ വ്യാഖ്യാനങ്ങളാണ്. അതിലുൾപ്പെടുന്ന പീലാത്തോസിന്റെ ആത്മകഥ, ഒരു ബാലന്റെ ശ്രദ്ധേയമായ സാക്ഷ്യം, ഒരു കുതിരയും ഒരു കഴുതയും എന്നീ ലേഖനങ്ങൾ ആത്മകഥാരൂപത്തിൽ അവതരിപ്പിച്ചിരിക്കുന്നത് വായനക്കാരെ ആകർഷിക്കും. സഭയെയും സമൂഹത്തെയും ക്രിയാത്മകമായി വിമർശിക്കുവാനുള്ള ധാർമ്മികബലം ഒരു പുരോഹിതനുണ്ടായിരിക്കണം. പെരുന്നാൾ ആരാധനയേക്കാൾ പദയാത്രകൾക്കും പ്രദക്ഷിണങ്ങൾക്കും പ്രാധാന്യം നൽകുന്ന വർത്തമാനകാല പ്രവണതകളും വി. കുർബ്ബാനയോടു ചേർത്തു നടത്തേണ്ട വി. മാമോദീസ എന്ന കൂദാശ, സൽക്കാരത്തിനുള്ള സൗകര്യം പരിഗണിച്ച് വിശുദ്ധ കുർബ്ബാനയുടെ ഭാഗമല്ലാതെ നടത്തുന്ന രീതിയും 'ആധ്യാത്മികതയുടെ അളവുകോൽ' എന്ന ലേഖനത്തിൽ പരാമർശിക്കപ്പെട്ടുന്നുണ്ട്. പരിശുദ്ധാത്മാവിനുവേണ്ടിയുള്ള കാത്തിരിപ്പിന്റെ നാളുകൾ പെന്തിക്കോസ്തി എന്നീ ദിവസങ്ങളിൽ ഓർത്തഡോക്സ് സഭയുടെ ആരാധനാശൈലിയിൽ വരുത്തേണ്ട കാലോചിതമായ പരിഷ്കാരങ്ങൾ 'പെന്തിക്കോസ്തി അഥവാ അമ്പതാം പിറന്നാൾ' എന്ന ലേഖനത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ദശാംശം ക്രൈസ്തവധർമ്മം, പരേതനുവേണ്ടിയുള്ള പ്രാർത്ഥന, വലിയ നോമ്പ്-ജാഗരണകാലം തുടങ്ങിയ ലേഖനങ്ങൾ ക്രൈസ്തവസഭയെ വിശേഷിച്ച് മലങ്കര ഓർത്തഡോക്സ് സഭയുടെ ആചാരാനുഷ്ഠാനങ്ങളുടെ വർത്തമാനകാല വായനകളാണ്. ഗാർഹികസഭ, സഹോദരൈക്യം എത്ര മനോഹരം, കുട്ടികളുടെ ആത്മീയത-കുടുംബപശ്ചാത്തലത്തിൽ എന്നിവ എഴുത്തുകാരന്റെ കുടുംബദർശനങ്ങളാണ്. മൺപാത്രം ദൈവികനിധിയെ എങ്ങനെ സ്വീകരിച്ചുവെന്ന്, നെരിപ്പോടിനുള്ളിൽ തീക്കനൽ എങ്ങനെ അണയാതെ സൂക്ഷിക്കുന്നുവെന്ന് ഒരു മാതൃകാ പുരോഹിതന്റെ സാക്ഷ്യമാണ് റവ. ഫാ.ടി.ജെ. ജോഷ്വായുടെ 'എന്റെ കൃപ നിനക്കുമതി' എന്ന പുസ്തകം.

ടി.കെ. ○

**ഫാ. സിബി തോമസ്,**
മാനേജർ, മൗണ്ട് ഹെർമ്മോൻ അരമന, കോഴിക്കോട്.

എന്റെ ഗുരുവും പിതാവുമായ വന്ദ്യ റമ്പാച്ചനെക്കുറിച്ച് ധാരാളം സ്മരണകളും, അനുഭവങ്ങളും പങ്കുവെക്കാനുണ്ട്. തന്റെ ജീവിതായുസ് മുഴുവൻ ദൈവരാജ്യകെട്ടുപണിക്കായും സഭയുടെ സാക്ഷ്യമുയർത്തുന്നതിനും അഹോരാത്രം അധ്വാനിച്ച് മലങ്കര സഭയാകുന്ന തോട്ടത്തിൽ ശ്രേഷ്ഠമായ മധുരഫലങ്ങൾ കായിച്ച മുന്തിരിവള്ളിയാണ് വന്ദ്യ റമ്പാച്ചൻ. ഹൃദയനൊമ്പരത്തോടെ റമ്പാച്ചനെ കർതൃ സന്നിധിയിലേക്ക് യാത്രയയ്ക്കുമ്പോൾ ഉണ്ടായ ശൂന്യതയും വേദനയും വാക്കുകൾക്കതീതമാണ്. കാൽ നൂറ്റാണ്ടോളം കാലം ആ പുണ്യജീവിതത്തെ അടുത്തറിയുവാനും കൂടെ പ്രവർത്തിക്കുവാനും സാധിച്ചു.

**നിരന്തരമായ ദൈവ സംസർഗ്ഗം**

തന്റെ ഗുരുവായ ഭാഗ്യസ്മരണാർഹനായ മാർ ഒസ്താത്തിയോസ് തിരുമേനിയെപ്പോലെ തന്റെ ഉജ്ജ്വലമായ മിഷനറി ജീവിതത്തിന്റെ ഊർജ്ജവും, ശക്തിയും, മുടങ്ങാതെയുള്ള വേദപുസ്തക പാരായണവും, ശ്ഹീമാ നമസ്ക്കാരവും രഹസ്യ പ്രാർത്ഥനകളുടെ കാനോന നമസ്ക്കാരവും ആയിരുന്നു. വർഷങ്ങൾക്കു മുമ്പ് ഹൈദരാബാദിലെ ഒരു ആശുപത്രിയിൽ ഓപ്പറേഷന് വിധേയനാകേണ്ടിവന്നു. കൂടെ നിൽക്കുവാൻ നിയോഗിച്ചത് എന്നെയാണ്. സർജറിക്ക് ശേഷം പോസ്റ്റ് ഓപ്പറേറ്റർ വാർഡിൽ അദ്ദേഹത്തെ കിടത്തിയിരിക്കെ ഞാൻ തൊട്ടടുത്തുള്ള ഒരു മുറിയിൽ പാതിയുറക്കത്തിൽ ഇരിക്കുകയാണ്. വെളുപ്പിനെ 4.30 മണിക്ക് നഴ്സുമാരെ വിട്ട് എന്നെ അകത്തേക്ക് വിളിപ്പിച്ചു. 5 മണിക്ക് മുൻപ് തന്നെ രാത്രി നമസ്ക്കാരം നടത്താനായിരുന്നു. അതുപോലെ തന്നെ ഉത്തരേന്ത്യൻ യാത്രകളിൽ ട്രയിനിലും ബസിലും തണുത്തുവിറച്ച് യാത്ര ചെയ്യുമ്പോൾ സഹയാത്രികർ ഗാഢനിദ്രയിലാകുമ്പോൾ ആർക്കും ശല്യമുണ്ടാകാതെ ചെറിയ വെട്ടത്തിൽ വേദപുസ്തകം വായിച്ച് പ്രാർത്ഥനകൾ നിവർത്തിക്കുമായിരുന്നു. ആശ്രമത്തിലും, മറ്റു സ്ഥാപനങ്ങളിലും താമസിക്കുമ്പോഴും മറ്റെല്ലാവരേക്കാളും മുൻപെ ചാപ്പലിൽ വരികയും വാതിൽ തുറന്ന് വിളക്ക് കത്തിച്ച് മണിയടിച്ച് പ്രാർത്ഥനക്കായി ഒരുങ്ങുകയും ചെയ്തിരുന്നു. ജീവിതത്തിന്റെ അവസാനകാലം വരെ അങ്ങനെയുള്ള പ്രാർത്ഥന തീക്ഷ്ണത



# പ്രകാശം പരത്തിയ പുണ്യ ജീവിതം

**പി.ഡി. ബേബി പാറയ്ക്കൽ,**
റിട്ട. അദ്ധ്യാപകൻ, എം.ജി.എം. എച്ച്.എസ്.എസ്., പുതുപ്പാടി

ഭൂമിയിൽ ദൈവകീർത്തനങ്ങൾ ആലപിച്ചിരുന്ന ആ നാദം നിലച്ചു. ശബ്ദമിടറിയവരുടെ ശബ്ദമായിരുന്ന ആ നാവ് നിശ്ശബ്ദമായി. സങ്കടത്തിലായവരെ സാന്ത്വനപ്പെടുത്തിയിരുന്ന പുഞ്ചിരിക്കുന്ന ആ അധരങ്ങൾ അടഞ്ഞു. തുണയറ്റവരെ വാരിയെടുത്തിരുന്ന കരങ്ങൾ നിശ്ചലമായി. ദുരന്തഭൂമിയിലേക്ക് ഓടിയെത്തിയിരുന്ന പാദങ്ങൾ ചലനമറ്റു. കണ്ണീർ പൊഴിക്കുന്നവർക്കായി ദുരക്കാഴ്ചയോടെ വീക്ഷിച്ചിരുന്ന കണ്ണുകൾ പീലി കൂട്ടി. ഹൃദയം വിങ്ങുന്നവരുടെ തേങ്ങലടക്കിയിരുന്ന ഹൃദയമിടിപ്പ് നിലച്ചു.

ഇനിയെല്ലാം സ്വർഗ്ഗീയ സന്നിധിയിൽ. 2020 സെപ്റ്റംബർ 7 തിങ്കളാഴ്ച പുലർന്നത് പുതുപ്പാടിയെ കണ്ണീരിൽ കുതിർത്തുകൊണ്ടായിരുന്നു. പ്രകൃതിയും നാലുനാൾ ആർത്തലച്ച് പെയ്യുകയായിരുന്നു. "മലങ്കരസഭാ മിഷണറി ജ്യോതിസ്സ്" വന്ദ്യ കെ.ഐ. ഫിലിപ്പ് റമ്പാൻ വിടവാങ്ങി കർത്തൃസന്നിധിയിലേക്കു ചേർക്കപ്പെട്ടു. ഹൃദയ വിങ്ങലുളവാക്കുന്ന ആ വാർത്ത നേരം പുലർന്നപ്പോഴേക്കും വയലത്തല, മാവേലിക്കര, പരുമല, കോട്ടയം, യാച്ചാരം, പൂനെ, ബാംഗ്ലൂർ, ഇറ്റാർസി, കലഹണ്ടി, ആൻഡമാൻസ്, തുടങ്ങി ഇന്ത്യയിലെ വ്യാപിച്ച് കിടക്കുന്ന സ്ഥാപനങ്ങളിലെ ശിഷ്യന്മാരും കുഞ്ഞുങ്ങളും കേട്ട് വിങ്ങിപ്പൊട്ടി. കോവിഡ് മഹാമാരി പടർന്ന് നിൽക്കുന്ന ഭീകര സാഹചര്യത്തിലും അതിനെ വകവയ്ക്കാതെ പലരും പുതുപ്പാടിയിലേക്ക് കുതിച്ചു. ടിക്കറ്റ് കിട്ടാതെയും കിട്ടിയും കോവിഡ് പ്രോട്ടോക്കോൾ മൂലം, തങ്ങളുടെ പിതാവിനെ അവസാനമായി ഒരുനോക്ക് കണ്ട് അന്ത്യയാത്ര നൽകാൻ പറ്റാതെ ഹൃദയവിങ്ങലുമായി അവിടവിടെ പ്രാർത്ഥനയിൽ മുഴുകിയ അനേകായിരങ്ങൾ.

വാർദ്ധക്യത്തിലും രോഗാവസ്ഥയിലും പ്രസരിപ്പോടെ സംസാരിക്കുകയും ചുറുചുറുക്കോടെ പ്രവർത്തിക്കുകയും ചെയ്ത ആ യോഗീവര്യൻ തനിക്ക് പിടിപെട്ട അർബുദരോഗം ദൈവം തന്ന അനുഗ്രഹമായിട്ടാണ്

കാണിച്ചിട്ടുണ്ട്. ആശ്രമാംഗങ്ങളെ എന്തിനെങ്കിലും വഴക്ക് പറഞ്ഞിട്ടുണ്ടെങ്കിൽ അതായത് യാമ പ്രാർത്ഥനയ്ക്ക് വരാതിരിക്കുകയോ താമസിക്കുകയോ ചെയ്താൽ മാത്രമാണ്.

തന്റെ സന്തത സഹചാരിയായ ബാഗിൽ പ്രാർത്ഥനാപുസ്തകത്തോടൊപ്പം കരുതിയിരുന്ന ഒന്നാണ് അദ്ദേഹത്തിന്റെ അഡ്രസ് ബുക്ക്. അതിൽ ഫോൺ നമ്പറുകളും ഉണ്ടായിരുന്നു. വൈദിക ജീവിതത്തിൽ ആരംഭ ഘട്ടത്തിൽ തുടങ്ങിയ ബന്ധങ്ങൾ ഇന്നും സജീവമായി നിലനിർത്താൻ അദ്ദേഹത്തിന് സാധിച്ചു. ആശുപത്രി വാസത്തിൽപ്പോലും പ്രാർത്ഥനാ പുസ്തകങ്ങളോടൊപ്പം ഈ ഡയറിയും കൂടെ കരുതിയിരുന്നു. മാത്രമല്ല ദൗത്യ കാലങ്ങളിൽ നിരന്തരമായ എഴുത്തുകളിലൂടെയും പിന്നീട് ഫോണിലൂടെയും ആയിരക്കണക്കിന് ആളുകളുമായി നിരന്തര ബന്ധം കാത്തു സൂക്ഷിക്കാൻ അദ്ദേഹത്തിന് സാധിക്കുന്നുവെന്നത് അത്ഭുതത്തോടെ മാത്രമേ കാണാനാവുകയുള്ളൂ. ഒരിക്കൽ പരിചയപ്പെട്ടാൽ ആ സ്നേഹവലയത്തിൽ നമ്മെ ചേർത്തു നിർത്താൻ വലിയ ആകർഷണ ശക്തി അദ്ദേഹം നേടിയിരുന്നു. അദ്ദേഹത്തിന്റെ ഫോൺ ക്ഷേമാന്വേഷണങ്ങളും സ്ഥാപനങ്ങളുടെ പ്രവർത്തന നിർദ്ദേശങ്ങളുമായി നിരന്തരം ശബ്ദിച്ചുകൊണ്ടിരിക്കുമായിരുന്നു. ആരുടെ ഏതാവശ്യത്തിനും ആവർ ആഗ്രഹിക്കുന്നതിനനുസരിച്ച് ജാതിമത കാലദേശ ഭേദമെന്യേ ഓടിയെത്തുകയും, പ്രാർത്ഥിക്കുകയും, ചെയ്യുമായിരുന്നു. ഇങ്ങനെ നിരന്തരമായ ആടുകളോടുള്ള സംസർഗ്ഗം വളരെയധികം സ്വപ്നങ്ങളുടെ വളർച്ചക്കായി ഉപകാരപ്പെടുത്തുകയും, അനേകരെ സഭയുടെ പ്രവർത്തനങ്ങൾക്കായി പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. ആശ്രമാംഗങ്ങൾ മിഷൻ ഫീൽഡുകളിൽ പ്രവർത്തിക്കുമ്പോൾ നിരന്തരമായി സ്നേഹാന്വേഷണം നടത്തുകയും, ധൈര്യപ്പെടുത്തുകയും, നിർദ്ദേശങ്ങളും, വാത്സല്യമായി എപ്പോഴും സന്ദേശങ്ങളും നൽകും. ഇനി അത്തരമൊരാൾ ഇല്ലായെന്നത് വലിയ ശൂന്യതയാണ് സൃഷ്ടിക്കുന്നത്.

### നിരന്തര ദീനാനുകമ്പ

തന്റെ സെമിനാരി പഠനത്തിന് മുൻപ് തന്നെ റമ്പാച്ചനിൽ രൂപപ്പെട്ട ദൈവിക ഭാവമാണ് അഗതികളോടുള്ള ദീനാനുകമ്പ, അത് സെമിനാരി പഠനകാലഘട്ടത്തിലും തുടർന്ന് വൈദികനായ ശേഷവും ശക്തമായി. അഗതികളായവർക്കും, അനാഥർക്കും വേണ്ടി മുൻപും പിൻപും നോക്കാതെ റമ്പാച്ചൻ പ്രവർത്തിച്ചു. അനേകം ബാലഭവനങ്ങൾ തന്റെ ശിഷ്യഗണത്തോടൊപ്പംചേർത്ത് പടുത്തുയർത്തി. അതിലൂടെ അനേകം കുഞ്ഞുങ്ങൾ സമൂഹത്തിന്റെ മുഖ്യധാരയിലേക്കും, നല്ല ഭാവിയിലേക്കും വളർന്നു. മാത്രമല്ല എവിടെയെങ്കിലും പ്രകൃതിക്ഷോഭമുണ്ടായാൽ അവിടെയോടിയെത്തി വേണ്ടതെല്ലാം ഒരുക്കി കൊടുക്കുന്നത് വരെ വിശ്രമമില്ല. ഏതെങ്കിലും ചെറിയ ഷെഡിലോ വാടക വീട്ടിലോ താമസിച്ച് ആ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും. ഉദാഹരണമാണ്, ആന്ധ്രയിലെ വെള്ളപ്പൊക്കം, ഒറീസായിലെയും, ഗുജറാത്തിലെയും പ്രകൃതി ദുരന്തങ്ങൾ. അദ്ദേഹത്തോടൊപ്പം അനേകം സമർപ്പിതരായ പ്രവർത്തകരെയും ചേർത്ത് ഗ്രാമങ്ങൾ പണിതുയർത്തി. ഒന്നിലും പണം തികയാതെ വന്നില്ല എന്നു മാത്രമല്ല പല പദ്ധതികൾക്കും ബാക്കി തുക വന്നിട്ട് തുടർ പ്രവർത്തനങ്ങൾക്കായി നീക്കിവയ്ക്കുകയും ചെയ്തു. യാതൊന്നിലും പ്രതിഫലം വാങ്ങിക്കുകയോ പരാതി പറയുകയോ ചെയ്യാതെ ആത്മാർത്ഥമായി സുവിശേഷവേല ചെയ്തു.

വിശേഷിപ്പിച്ചിരുന്നത്. ജോയിക്കുട്ടിയായി വയലത്തലയിൽ നിന്നും മാവേലിക്കരയിലെത്തി. പിന്നീട് ഫിലിപ്പച്ചനായി ഭിലായ് പള്ളി വികാരിയും തുടർന്ന് പുതുപ്പാടി ബാലഭവനത്തിന്റേയും ആശ്രമത്തിന്റേയും മാനേജരായി തോമസ് റമ്പാച്ചനോടൊപ്പം പ്രവർത്തിക്കുന്നതിനിടയിൽ ഗുരുവായ ഒസ്താത്തിയോസ് തിരുമേനിയുടെ ഭാവനയിലെ ആഗ്രഹ നിർദ്ദേശങ്ങൾ പ്രതീക്ഷയ്ക്കുമപ്പുറം വിജയകരമാക്കുന്നതായിരുന്നു പ്രിയപ്പെട്ട ശിഷ്യന്റെ പ്രവർത്തന ശൈലി. ബാലഭവനത്തിൽ റമ്പാച്ചന്റെ കരുണാർദ്രമായ കർമ്മങ്ങൾ ഒരിക്കലെങ്കിലും കണ്ടിട്ടുള്ളവരുടെ മനസ്സിൽ നിന്ന് അത് മാഞ്ഞ് പോകില്ല. കുഞ്ഞുങ്ങളുടെ മലമൂത്ര വിസർജ്ജ്യങ്ങൾ കഴുകുന്നതും ചൊറി, ചിരങ്ങ്, ചിക്കൻപോക്സ് മുതലായ രോഗങ്ങളുള്ള കുഞ്ഞുങ്ങളെ ശുശ്രൂഷിക്കുന്നതും കുളിപ്പിക്കുന്നതും ഒരു മാതാവിനേക്കാൾ വാത്സല്യത്തോടെയായിരുന്നു. പകലന്തിയോളം മക്കളുടെ ശുശ്രൂഷയ്ക്കൊപ്പം വൈദികന്റെ കുപ്പായം അഴിച്ച്‌വെച്ച് മണ്ണിനോട് മല്ലടിക്കുന്ന കർഷകനായിരുന്നു വന്ദ്യ റമ്പാച്ചൻ. റമ്പാച്ചന്റെ നേതൃത്വത്തിലുള്ള സ്ഥാപനങ്ങളിൽ പഠിച്ച് വളർന്ന കുട്ടികളിൽ പൊതുസമൂഹത്തിൽ ഡോക്ടർമാർ, അദ്ധ്യാപകർ, വൈദികർ, മറ്റ് സ്വകാര്യ മേഖലയിലെ ജോലിക്കാർ, സ്വന്തം ബിസിനസ്സ് ചെയ്യുന്നവർ അങ്ങനെ നീളുന്നു ആ പട്ടിക. ജീവിത പന്ഥാവിൽ കൈവിട്ട് വ്യതിചലിച്ച് പോകുമായിരുന്ന അനേക ശൈശവ ബാല്യകൗമാരങ്ങളെ കൈപിടിച്ചുയർത്തുവാൻ ആ ധന്യാത്മാവിന് കഴിഞ്ഞു. ഇതിനെല്ലാം സമർപ്പണ ബുദ്ധിയുള്ള വൈദികരും കന്യാസ്ത്രീകളും ഒപ്പമുണ്ട്. സ്വന്തമായി ശമ്പളമോ മറ്റ് വരുമാനമോ ഇല്ലാതെയാണ് ഇക്കാലമത്രയും വിശ്രമമില്ലാതെ ഓടിയത് എന്നത് റമ്പാച്ചനെ ഒരു യഥാർത്ഥ സന്യാസിയാക്കുന്നത്. സ്ഥാപനങ്ങളും ഭൂസ്വത്തുക്കളുമെല്ലാം സഭയുടേതാണ്. സ്വന്തം പേരിൽ ഒന്നും ഇല്ലായെന്നുള്ളതും ശ്രദ്ധേയമാണ്.

വന്ദ്യ റമ്പാച്ചൻ ലാളിത്യത്തിന്റെ പ്രതീകമായിരുന്നു. ധരിക്കാറുള്ള കുപ്പായങ്ങളുടെ നിറം കാവിയാണോ മഞ്ഞയാണോ എന്ന് പറയാനാവില്ല. ഒരു കാലത്ത് കാവിയായിരുന്നത് നരച്ച് പഴകി പിഞ്ചി കീറി തുടങ്ങിയ കുപ്പായങ്ങളാണധികവും. ആരെങ്കിലും പുതിയ കുപ്പായത്തിനായി പണം നൽകിയാൽ അത് ഏതെങ്കിലും പാവങ്ങളെ സഹായിക്കാനായി നൽകും. കുപ്പായം വാങ്ങി നൽകിയാൽ പോലും പഴഞ്ചൻ കുപ്പായം ധരിക്കാനായിരുന്നു പ്രിയം. റമ്പാച്ചന്റെ പൗരോഹിത്യ കനകജൂബിലിയ്ക്ക് സംഘടനകളും സഭയും പുരസ്കാരവും പൊന്നാടയും നൽകുമ്പോൾ പറയുമായിരുന്നു, ഇതിന് ചെലവിടുന്നത് എനിക്ക് പണമായി തന്നിരുന്നെങ്കിൽ പാവപ്പെട്ടവർക്ക് പ്രയോജനപ്പെടുത്താമായിരുന്നുവെന്ന്. (കിട്ടിയ പുരസ്കരങ്ങളും അംഗീ

»

കാരങ്ങളും വലിയൊരു ഷെൽഫ് നിറഞ്ഞ് കവിഞ്ഞപ്പോൾ ഞാൻ അവയുടെ ഫോട്ടോ എടുത്ത് റമ്പാച്ചന്റെ പ്രിയപ്പെട്ട മക്കളിൽ ഒരാളായ സലിം ജോർജ്ജിന്റെ സഹായത്തോടെ ഒരു പ്രത്യേക ആൽബമാക്കി സൂക്ഷിച്ചിട്ടുണ്ട്).

ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ മിഷൻ പ്രവർത്തനങ്ങളിൽ സജീവമായിരിക്കുമ്പോഴും പുതുപ്പാടിയിലെ ബാലഭവനം, ആശ്രമം, കോൺവെന്റ്, എം.ജി.എം. ഹയർ സെക്കണ്ടറി സ്ക്കൂൾ, ഡയാലിസ് സെന്റർ, കണ്ണാസ്പത്രി, കാര്യമ്പാടിയിലെ കണ്ണാസ്പത്രി എന്നിവയുടെ വളർച്ചയിലും അതീവ ശ്രദ്ധയോടെ പ്രവർത്തിക്കുമായിരുന്നു. 1934 സെപ്റ്റംബർ 20-ന് ദൈവം ഭൂമിയിലേക്കയച്ച മാലാഖയെ 86-ാം വയസ്സിൽ ദൈവ സന്നിധിയിലേക്ക് തിരികെ വിളിച്ചത് ജന്മദിനത്തിന്റെ 13 ദിനം ബാക്കി നിൽക്കെ. പിറന്നാൾ ആഘോഷത്തോട് താല്പര്യമില്ലാത്ത റമ്പാച്ചനെ കുറിച്ച് വർഷങ്ങളായി അനുവാദമില്ലാതെ പൂച്ചെണ്ട് നൽകിയും പൊന്നാട അണിയിച്ചും കേക്ക് മുറിച്ചും കുർബ്ബാനയ്ക്ക് ശേഷം ലളിതമായി ആദരിക്കുമായിരുന്നു. കഴിഞ്ഞ ജന്മദിനത്തിൽ ഇതേ പോലെ രാവിലെ ചടങ്ങുകൾക്ക് ശേഷം ഡയാലിസിസ് സെന്ററിന്റെ ആഭിമുഖ്യത്തിൽ സന്ധ്യയ്ക്ക് ഒന്നു കൂടി ഒത്ത് ചേർന്ന് ആദരിച്ചതായിരിക്കും ആ പിതാവിന്റെ അവസാനത്തെ പിറന്നാൾ ആഘോഷം.

പുതുപ്പാടി ബാലഭവനത്തിന്റെ വിളിപ്പാടകലത്ത് താമസിക്കുന്ന എന്നെ മിക്കവാറും ഫോണിൽ വിളിക്കുമായിരുന്നു. സന്തോഷങ്ങളും ദുഃഖങ്ങളും പങ്കുവെയ്ക്കും. റമ്പാച്ചന്റെ കണക്ക് കാര്യങ്ങൾ പോലെതന്നെ സുതാര്യമായിരുന്നു മനസ്സും, ഒന്നും മനസ്സിൽ ഒളിച്ച് വയ്ക്കാനറിയാത്ത നിഷ്കളങ്കത എടുത്ത് പറയേണ്ട ഒന്നായിരുന്നു.

ഒരു വർഷം മുൻപ് ആരോഗ്യനില അല്പം മോശമായ സാഹചര്യങ്ങളുണ്ടായപ്പോൾ അടുത്ത് വിളിച്ചിരുത്തി വളരെനേരം സംസാരിച്ച് നിറഞ്ഞ കണ്ണുകളോടെ പറഞ്ഞു, തിരക്ക് ജോലികളൊക്കെ കഴിയുമ്പോൾ ദിവസവും ഒരു അഞ്ച് മിനിറ്റ് എന്റെ അടുത്ത് സംസാരിച്ച് ഇരിക്കാൻ വരണമെന്ന്. അങ്ങനെ അനുവർത്തിച്ച് വരുന്നതിനിടയിൽ കോവിഡും ലോക്ഡൗണും ഉണ്ടായിരുന്നെങ്കിലും പരമാവധി ശ്രദ്ധിച്ച് സമയം കണ്ടെത്തിയിരുന്നു.

നാം സ്നേഹിച്ചിരുന്നതിലധികമായി നമ്മെ സ്നേഹിച്ചിരുന്ന സ്നേഹത്തിന്റെ അപ്പോസ്തോലൻ കർതൃസന്നിധിയിലേക്ക് കടന്ന് പോകുന്നതിന്റെ തലേന്ന് സംസാരം കഴിഞ്ഞ് എന്നെ പിടിച്ചിരുന്ന കയ്യിൽ സാനിറ്റൈസർ ഒഴിച്ച് തുടച്ച് കഴിഞ്ഞപ്പോൾ വീണ്ടും കയ്യിൽ കയറി പിടിച്ച് വിടാതെ അടുത്ത് നിർത്തുന്നത് കണ്ട്, റമ്പാച്ചന്റെ സന്തത സഹചാരിയും പിതൃതുല്യമായി ശുശ്രൂഷിക്കുകയും ചെയ്തിരുന്ന റെജി കസേരയിട്ട് അടുത്തിരുത്തി. കോവിഡൊന്നും പ്രശ്നമല്ല സാറ് റമ്പാച്ചന്റെ അടുത്ത് കുറച്ച് സമയം കൂടി ഇരിക്ക്, ഇനി റമ്പാച്ചന്റെ സന്തോഷമാണ് പ്രധാനമെന്ന് പറഞ്ഞു. അല്പനേരം കഴിഞ്ഞ് ഞാൻ വീണ്ടും പോരാനൊരുങ്ങുമ്പോൾ എന്റെ കുടുംബാംഗങ്ങളെ കാണണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചു. പിന്നീട് അവരേയും കൂട്ടിച്ചെന്നു. എല്ലാവരുടെയും തലയിൽ കൈവെച്ച് പ്രാർത്ഥിച്ചു. എന്റെ മകനോട് നന്നായി പഠിക്കണം എന്ന് പലപ്രാവശ്യം ആവർത്തിച്ച് പറഞ്ഞ് അനുഗ്രഹിച്ചു. റോയി ബ്രദറിനോട് ഞങ്ങൾക്ക് ജ്യൂസ് തരുവാൻ പറഞ്ഞത് ഞാൻ നിരസിച്ചപ്പോൾ നിർബന്ധപൂർവ്വം ചിപ്പ്സ് തന്നു. മരുന്നുകളുടെ സഡേഷൻ ഉള്ളത് കൊണ്ട് ഉറങ്ങട്ടെ എന്ന് കരുതി യാത്ര പറഞ്ഞ് മുറിയിൽ നിന്നും മുഖത്തേക്ക് തന്നെ നോക്കി പുറകോട്ട് നടന്നിറങ്ങുമ്പോൾ റമ്പാച്ചന്റേയും ഒപ്പം എന്റേയും കണ്ണുകൾ നിറഞ്ഞൊഴുകുകയായിരുന്നു. അത് അവസാനത്തെ യാത്ര ചോദിക്കലായിരുന്നുവെന്ന് പിറ്റേന്ന് വെളുപ്പിന് 4 മണി മുതൽ കിട്ടിക്കൊണ്ടിരുന്ന ഫോൺ സന്ദേശങ്ങളിലൂടെ ഉറപ്പിച്ചു.

ആ പുണ്യ പിതാവിനെക്കുറിച്ച് പറയുവാനോ എഴുതുവാനോ അദ്ദേഹത്തെ നേരിട്ടറിയുന്ന ആർക്കും ഒരിക്കലും സമയം മതിയാവില്ല. കണ്ണ് നിറയുന്നതിനാൽ ഇത് എഴുതി തീർക്കുവാൻ എനിക്ക് വളരെ പ്രയാസപ്പെടേണ്ടി വന്നു. അനാഥർക്കും അശരണർക്കും വേണ്ടി "ദൈവം ഭൂമിയിലേക്ക് അയച്ച മാലാഖ"യെ ഓട്ടം തികച്ച് കർമ്മം പൂർത്തിയാക്കിയപ്പോൾ സ്വന്ത ഭവനത്തിലേക്ക് തിരികെ വിളിച്ചു. ആ വന്ദ്യ പിതാവിന്റെ നന്മകൾ നമുക്കേവർക്കും മാതൃകയാവട്ടെ.


65TH DEATH ANNIVERSARY, 21-11-2020



O.C. ANTHRAYOSE

22ND DEATH ANNIVERSARY, 28-10-2020



EASO ANDREWS (KUNJUMON)

17TH DEATH ANNIVERSARY, 24-07-2020



MARIAMMA ANTHRAYOSE

08-06-2020



ANNAMMA CHUMMAR

OOLAMACKAL, PULICKAL KAVALA

*Inserted by:*
Sorrowing Family

# കടമ മറന്നാലും കരുണ മറക്കരുത്

ഫാ. അജി എബ്രഹാം നിലമ്പൂർ



"തനിക്കുവേണ്ടി ജീവിക്കുന്നവർ
ഒരിക്കലും സ്മരിക്കപ്പെടുകയില്ല.
മറ്റുള്ളവർക്കായി ജീവിക്കുന്നവർ
ഒരിക്കലും വിസ്മരിക്കപ്പെടുകയുമില്ല"
- സ്വാമി വിവേകാനന്ദൻ

പത്തനംതിട്ട ജില്ലയിൽ മല്ലപ്പള്ളി പുതുശ്ശേരി മന്ത നാം കുഴിയിൽ വീട്ടിൽ ജനിച്ച് മലങ്കര സഭയിൽ എം.സി. ചെറിയാൻ ശെമ്മാശൻ എന്ന നാമധേയത്തിൽ അനേക വർഷങ്ങൾ തന്റെ പ്രവർത്തനമേഖലകളിൽ ലാളി ത്യവും, വിശുദ്ധിയും, കരുണയും പകർന്ന് കൊടുത്ത്, രക്ത ദാനം ജീവിതചര്യയാക്കി, ദൈവ സംസർഗവും ജീവിത ത്തിൽ വി. കുർബാനയും ജീവിത വ്രതമാക്കി, കരുതലും കാരുണ്യവും ജീവിതത്തിൽ ചേർത്ത് പിടിച്ച് 50 വർഷ ക്കാലം വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ പ്രവർത്തകനായും അമരക്കാരനായും ശുശ്രൂഷ ചെയ്ത്, ഒരു വ്യാഴവട്ടക്കാലം മലബാർ ഭദ്രാസനത്തിന്റെ ശ്രേഷ്ഠ ഇടയനായിതീർന്ന്, കാൻസർ എന്ന തീവ്രമായ രോഗത്തെയും വേദനകളെയും പ്രവർത്തനംകൊണ്ടും തിരുബലികൾകൊണ്ടും നേരിടാം എന്ന് പഠിപ്പിച്ച്, ഒടുവിൽ പറുദീസായുടെ ഭാഗ്യങ്ങളിലേക്ക് 2017 ഒക്ടോബർ 24ന് യാത്രയായി, അന്തിയുറ ങ്ങുവാൻ കൊതിച്ച മണ്ണിൽ തടാകത്തിന്റെ നിഴലിൽ ബിഷപ്പ് പക്കൻഹാം വാൽഷിനോട് ചേർന്ന് കബറടക്കപ്പെടുകയും ചെയ്ത അഭി. ഡോ. സഖറിയ മാർ തെയോഫിലോസ് തിരു മേനിയുടെ ഭാഗ്യ സ്മരണകൾക്ക് മുമ്പിൽ പ്രണാമം അർപ്പി ക്കട്ടെ.

വേദപുസ്തകത്തിലെ താബോറിന്റെ അനുഭവത്തിൽ കർത്താവിനൊപ്പം നാം കണ്ടുമുട്ടുന്ന രണ്ടു പേരുടെയും ജീവിത സ്വഭാവങ്ങൾ തെയോഫിലോസ് തിരുമേനി യിലും നിഴലിച്ചിരുന്നു. അടിച്ചമർത്തപ്പെട്ട ഒരു ജനതയെ വീണ്ടെ ടുത്ത് സ്വാതന്ത്ര്യത്തിന്റെ സംരക്ഷണമേകുന്ന കൂടാരങ്ങ ളിൽ പാർപ്പിക്കുവാൻ അധ്വാനിച്ച നിബിമുഖ്യനായ മോശ യെപ്പോലെ, ഒരു ജനസമൂഹത്തെ പട്ടിണിയിൽ നിന്നും അനാഥത്വത്തിൽ നിന്നും പാർപ്പിടമില്ലായ്മയിൽ നിന്നും രക്ഷിക്കാൻ മലബാറിന്റെ മലയോര മേഖലകളിൽ കാട്ടിലും മേട്ടിലും താമസിച്ചവർക്ക് അക്ഷരമെന്ന ആത്മാ വിനെ നല്കി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് അവരെ കൊണ്ടുവന്ന് അഭയം നൽകുവാനും അപ്ര കാരം അനേക മനുഷ്യർക്ക് ദൈവത്തെ പകർന്നുകൊ ടുത്ത് വിമോചനത്തിന്റെ നേതൃത്വം നൽകുവാനും ഈ പിതാവിന് സാധ്യമായി. താബോറിന്റെ അനുഭവത്തിൽ പ്രകാശിച്ച ഏലിയാ പ്രവാചകന് ജീവിക്കാനുമുള്ള ബ ലം ലഭിച്ചത് സ്വർഗ്ഗം നൽകിയ അപ്പത്തിലൂടെയാണ്. അനുദിന ബലിയർപ്പണത്തിലൂടെ തിരുബലിയെ അട ങ്ങാത്ത പ്രേമത്തോടെ പുൽകുവാൻ ദൈവസ്നേ ഹിതൻ എന്നർത്ഥമുള്ള ഈ പിതാവിന് സാധ്യമായി. രോഗത്തിന്റെ വേദനയിൽ വെന്ത് നീറിയപ്പോഴും വി. കുർബാനയർപ്പണത്തിന് യാതൊരു കുറവും വന്നിരു ന്നില്ല. ഓരോ വി. കുർബാനക്കു മുമ്പുള്ള ഒരുക്കവും അത്രമേൽ പ്രാധാന്യമുള്ളതായിരുന്നു. രാത്രി നമസ്കാ രത്തിന് മുമ്പുള്ള ദീർഘമായ വേദപാരായണവും, തുടർന്നുള്ള നമസ്കാരങ്ങളും എല്ലാം തന്നെ വി. കു ർബാനയ്ക്ക് കൃപകൾ വർദ്ധിപ്പിച്ചിരുന്നു. കാൻസറിന്റെ മരുന്ന് കഴിക്കുന്ന സമയത്തും റേഡിയേഷനും കീമോ തെറാപ്പിയും നടത്തുമ്പോഴും വി. കുർബാനയർപ്പ ണത്തോടുള്ള അതീവമായ സ്നേഹം കുറഞ്ഞുപോയി രുന്നില്ല. വലിയ നോമ്പ് കാലത്ത് സന്ധ്യാപ്രാർത്ഥന യുടെ ശേഷം മാത്രമെ അൽപ്പമായിട്ടെങ്കിലും ആഹാരം കഴിച്ചിരുന്നുള്ളു എന്നത് രോഗകാലത്തിലും മാറ്റം വരു ത്താത്ത ഒന്നായിരുന്നു. നോമ്പിലും വി. കുർബാനയിലും യാതൊരു ഇളവുകളും എടുത്തിരുന്നില്ല.

മലബാറിന്റെ ശ്രേഷ്ഠ ഇടയനായി ശോഭിച്ചപ്പോൾ ഭദ്രാസനത്തിലെ എല്ലാ ഭവനങ്ങളിലും കുടിലിലും കൊട്ടാരത്തിലും ഒരുപോലെ സമയംകണ്ടെത്തി സന്ദ ർശിച്ചത് മലബാറിന്റെ ചരിത്രത്തിലെ തന്നെ പ്രഥമ സംഭവമാണ്. കടമ മറന്നാലും കരുണ മറക്കരുത് എന്നത് ജീവിതചര്യയാക്കി അനേക മനുഷ്യർക്ക് സ്നേ ഹത്തിന്റെ കരുണാവാതിൽ ഈ പിതാവ് തുറന്നു കൊ ടുത്തു. ഗിരിപ്രഭാഷണത്തിൽ നസറായൻ ഓർമ്മിപ്പി ച്ചത് പോലെ കരുണയുള്ളവർ ഭാഗ്യവാന്മാർ എന്നത് പ്രാവർത്തികമാക്കി. രോഗികളെ നെഞ്ചോട് ചേർത്ത് നിർത്താൻ കാണിച്ച കാരുണ്യവും വിശക്കുന്നവന്റെ വിളിയിൽ അന്നവുമായി ഓടി നടന്നതും, ഉടുതുണി യില്ലാത്തവന് വസ്ത്രമേകിയതും, തലചായ്ക്കാൻ ഇടമില്ലാത്തവന് പാർപ്പിടമൊരുക്കിയതും, തന്റെ രോ ഗത്തെ വകവക്കാതെ രോഗികൾക്ക് സാന്ത്വനം ഏകിയ തുമെല്ലാം ക്രിസ്തുവെന്ന ഗുരുവിനെ പിൻപറ്റാൻ കാണിച്ച ആത്മ സമർപ്പണത്തിന്റെ ഭാഗമായിരുന്നു. ന്യായവിധി നാളിൽ സംശയലേശമെന്യേ ആ ന്യായാ ധിപൻ ഈ ദൈവസ്നേഹിയോട് പറയും" ഞാൻ വിശ ന്നിരുന്നു; നീ എനിക്ക് ഭക്ഷണം തന്നു, നഗ്നനായിരുന്നു നീ എനിക്ക് വസ്ത്രമേകി, രോഗിയായിരുന്നു നീ എനിക്ക് ശുശ്രൂഷ ചെയ്തു.".

തടാകത്തിന്റെ മണ്ണിൽ തെയോഫിലോസ് തിരു മേനിയുടെ കബറിലേക്ക് ദൂരം വകവക്കാതെ ഓടി അണയുന്നവരുടെ എണ്ണം വർദ്ധിക്കുന്നതിന്റെ കാര ണവും ഈ കരുണാജീവിതം തന്നെയാണ്.

## ജർമ്മനിയിൽ മലങ്കര ഓർത്തഡോക്സ് സഭ വളർച്ചയുടെ പാതയിൽ

ജർമ്മനിയിൽ മലങ്കര ഓർത്തഡോക്സ് സഭാംഗങ്ങൾ 1972 ൽ ഒരു ഇടവകയായി രൂപംകൊണ്ടതിനു ശേഷം ഇപ്പോൾ രണ്ടു കോൺഗ്രിഗേഷനാണ് നിലവിലുള്ളത് - ജെർമ്മനിയുടെ പ്രധാനപ്പെട്ട സിറ്റികളായ ബെർലിൻ, ഹാംബൂർഗ്, ഹാന്നോവർ, ഫ്രാങ്ക്ഫുർട്ട്, ഹൈഡൽബെർഗ്, സ്റ്റുട്ട്ഗാർട്ട്, മ്യൂനിക്ക് കേന്ദ്രീകരിച്ച് (സെർബിയൻ ഓർത്തഡോക്സ് സഭയുടെയും, കത്തോലിക്കാ സഭയുടെയും, ലൂഥറൻ സഭയുടെയും സഹകരണത്തോടെ) ഇപ്പോൾ ആരാധന ക്രമീകരിച്ച് വരുന്നു. ഇപ്പോൾ ഏകദേശം 150-ൽ പരം സഭാംഗങ്ങൾ കുടുംബമായും, വിദ്യാർത്ഥികളായും ജെർമ്മനിയിൽ ഉണ്ട്. എല്ലാ ഞായറാഴ്ചയും (ജെർമ്മൻ സമയം) വൈകിട്ട് 3.30 മണിക്ക് ഓൺലൈൻ സൺഡേ സ്കൂളും (40 കുട്ടികൾ) വൈകിട്ട് 5 മണിക്ക് ഓൺലൈൻ പ്രാർത്ഥനായോഗവും മാസത്തിലെ മൂന്നാം ബുധനാഴ്ച രാത്രി 8.30 മണിക്ക് ഓൺലൈൻ യുവജനസംഗമവും (ജെർമ്മനി, ഫ്രാൻസ്, ബെൽജിയം, നെതർലെന്റ്, മറ്റ് ഈസ്റ്റ് യൂറോപ്യൻ രാജ്യങ്ങളിലുള്ളവരെ പങ്കെടുപ്പിച്ച്) നടന്നുവരുന്നു. വിദ്യാർത്ഥികളായും ഉദ്യോഗാർത്ഥികളായും ജെർമ്മനിയിലേക്കും ഇതര ഈസ്റ്റ് യൂറോപ്യൻ രാജ്യങ്ങളിലേക്കും വരുന്നവർ വൈദീകരുമായി ബന്ധപ്പെടേണ്ടതാണ്.

**ഫാ.രോഹിത്ത് സ്കറിയ ജോർജ്ജി,**
ജെർമ്മനി- +4917661997521
**ഫാ. ആഷു അലക്സാണ്ടർ,** ലുവെയിൻ
ബെൽജിയം- +32466296724

In Ever loving Memory of

**MARIAMMA MATHEN**
8th Anniversary, 03-11-2020

**GEEVARGHESE MATHEN**
12th Anniversary, 17-10-2020



Gone but never forgotten
will meet in the heavenly abode

Children, Grand Children & Great Grand Children
Chakkalayil House, Kizhakkumbhagom, Niranam

**51-ാം ചരമ വാർഷികം (24-10-2020)**



**മറിയാമ്മ വർഗീസ്**
(24-10-1969)

**44-ാം ചരമ വാർഷികം (24-10-2020)**



**പി.റ്റി. വർഗീസ് വൈദ്യൻ**
(24-10-1976)

**പീടിയേക്കൽ**
**ചേറ്റേടം,**
**കങ്ങഴ**

സന്തപ്ത
കുടുംബാംഗങ്ങൾ




# കുടുംബ വിശേഷം 7

ജിജി ജോൺസൺ

ഒക്ടോബർ 1. ലോകവയോജനദിനം. കർമ്മനിരതരായ വയോജനങ്ങളുടെ അനുഭവ സമ്പത്തും ജീവിതത്തോടുള്ള കാഴ്ചപ്പാടുകളും വരും തലമുറക്ക് വഴി വിളക്കാകുവാൻ അവരെ ആദരിക്കുകയും അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആരായുകയും ചെയ്യുക എന്ന ഉദ്ദേശത്തോടെ 1982-ൽ വിയന്നയിൽ ചേർന്ന ഐക്യരാഷ്ട്ര സംഘടനയുടെ അംഗരാജ്യങ്ങളുടെ സമ്മേളനം തുടക്കമിട്ട കർമ്മപദ്ധതി, 1990 ഡിസംബർ 14-ൽ ചേർന്ന യുഎൻ ജനറൽ അസംബ്ലി ഒക്ടോബർ 1 വയോജന ദിനമായി ആചരിക്കാൻ ആഹ്വാനം ചെയ്യുകയും 1991 മുതൽ ഉചിതമായി ആചരിച്ചുവരികയും ചെയ്യുന്നു.

അച്ചനോടൊപ്പം ഇടവക സന്ദർശനത്തിന് പോയ ഒരു അനുഭവം ഓർമ്മവരുന്നു. വാർദ്ധക്യ സഹജമായ അസുഖങ്ങൾ മൂലം ശയ്യാവലംബയായ ഒരു അമ്മച്ചി. തന്റെ കർത്തവ്യങ്ങൾ ഭംഗിയായി നിർവഹിച്ച് ഇന്ന് പരാശ്രയത്തോടെ ജീവിക്കുന്ന സ്നേഹമയിയായ അമ്മച്ചി. അവർപറഞ്ഞു, "എന്റെ ജീവിതത്തിൽ പറ്റുന്നതു പോലെ എന്റെ ഉത്തരവാദിത്വം ഞാൻ ചെയ്തു. കർത്താവ് എപ്പോൾ വേണമെങ്കിലും വിളിച്ചോട്ടെ, ഞാൻ പോകാൻ തയ്യാറാണ്. ഇപ്പോൾ ഒരുസങ്കടം മാത്രമെ ഉള്ളു, പള്ളിയിൽ പോകാൻ പറ്റുന്നില്ല, കുർബാന അനുഭവിക്കാനും കഴിയുന്നില്ല. വി. കുർബാന അനുഭവിക്കുമ്പോൾ കർത്താവ് എന്റെകൂടെ ഉണ്ടെന്ന തോന്നലാണ്. മക്കളോട് പറഞ്ഞിട്ട് അവർ അതൊന്നും ചെവിക്കൊള്ളുന്നില്ല". മക്കൾ പറഞ്ഞത്, "അമ്മച്ചി കിടപ്പായ സമയത്ത് ഞങ്ങൾ അച്ചനെ വിളിച്ച് കൊണ്ടുവരുമായിരുന്നു. അപ്പോൾ മറ്റുള്ളവർ ചോദിക്കാൻ തുടങ്ങി, കൂടെ കൂടെ അച്ചനെ കൊണ്ടൊന്നാൽ അമ്മച്ചി ഉടനെ പോയികിട്ടും എന്നോർത്താണോ എന്ന്. ആക്ഷേപം ഭയന്നാണ് ഇപ്പോൾ അതൊന്നും ചെയ്യാത്തത്". അമ്മച്ചി തന്റെ സങ്കടം പറഞ്ഞെങ്കിലും ആരോടും പരിഭവമില്ല. ജീവിത സായാഹ്നത്തിലെത്തിയ എല്ലാവരും ഈ അമ്മച്ചിയെ പോലെ പ്രത്യാശയുള്ളവരാവണമെന്നില്ല. പലരും തങ്ങളുടെ പരിമിതികളെ അംഗീകരിക്കാൻ ബുദ്ധിമുട്ട് ഉള്ളവരായിരിക്കും. വാർദ്ധകൃത്തിലെത്തിയവർ നേരിടുന്ന വെല്ലുവിളികൾ നിരവധിയാണ്. കേൾവികുറവ്, കാഴ്ചമങ്ങൽ, രുചികുറവ്, ഓർമ്മകുറവ്, ബലക്ഷയം തുടങ്ങിയ ശാരീരിക അവശതകൾക്കൊപ്പം തന്നെ പലതരം മാനസികമായ ബുദ്ധിമുട്ടുകളും അനുഭവിക്കുന്നുണ്ട്. ആരോഗ്യവും അധികാരവും തന്റേടവുമെല്ലാം ഉണ്ടായിരുന്ന കാലത്ത് കർമ്മ നിരതരായിരുന്നവർക്ക് പ്രായമേറുമ്പോൾ, കുടുംബത്തിലും സമൂഹത്തിലും തങ്ങൾക്ക് പ്രത്യേകിച്ച് വലിയസ്ഥാനമൊന്നുമില്ലെന്ന തോന്നൽ നിരാശക്ക് കാരണമാകാം. പണ്ട് കാർഷിക വൃത്തി മുഖ്യമായുണ്ടായിരുന്ന കാലത്ത് പ്രായമേറിയവർക്കും പല ജോലികളും ചെയ്യാനുണ്ടായിരുന്നു. കുടുംബാംഗങ്ങളുടെ എണ്ണവും കൂടുതലായിരുന്നതുകൊണ്ട് കുഞ്ഞുങ്ങളുടെ സംരക്ഷണം ഒരു പരിധിവരെ പ്രായമായവരാണ് നിർവ്വഹിച്ചിരുന്നത്. എന്നാൽ ഇന്ന് ജീവിതചര്യകളും തൊഴിൽ രീതികളും വിദ്യാഭ്യാസ സമ്പ്രദായങ്ങളും മാറിയപ്പോൾ ഇവർക്ക് കാര്യമായ പങ്കാളിത്തമില്ല. കുഞ്ഞുങ്ങൾക്ക് കഥകളും പാട്ടുകളും കേൾക്കാനും അക്ഷരങ്ങൾ പഠിക്കാനുംമറ്റുസംവിധാനങ്ങളുണ്ട്.വീട്ടിലങ്ങനെവെറുതെയിരുപ്പ്! പണ്ട് ശീലിച്ചത് എന്തെങ്കിലുംചെയ്യാമെന്നുവച്ചാൽ മക്കളുടെ വഴക്കായിരിക്കും കിട്ടുക. കാരണം ഇവർ ഏന്തിവലിഞ്ഞ് എന്തെങ്കിലും ചെയ്ത് ഉരുണ്ട് വീണാൽ ഇരട്ടി പണിയാകും. അനങ്ങാതെ ഇരിക്കുന്നതായിരിക്കും മക്കൾക്ക് സൗകര്യം. പക്ഷെ ഇത് അവരിലുണ്ടാക്കുന്ന മാനസിക പ്രശ്നം നിസാരമല്ല. തങ്ങളുടെ പഴയ പ്രതാപകാലങ്ങളും ഇപ്പോൾ ഒന്നിനും കൊള്ളാത്ത സ്ഥിതിയും ആലോചിച്ച് വിഷാദരോഗത്തിലേക്ക് നീങ്ങുന്നവർ ധാരാളമാണ്. പലപ്പോഴും പഴയകഥകൾ പറയാനാഗ്രഹിക്കുന്നവർ ഒരുപാടുണ്ട്. പക്ഷേകേൾക്കാനാളില്ലാത്തസ്ഥിതിയാണ്. ഇനികാര്യമായൊന്നും കിട്ടാനില്ലാത്തവരെസംരക്ഷിക്കുന്നത് ഭോഷത്തമായികരുതുന്ന മക്കളുണ്ട്. കിട്ടാനുള്ള സ്വത്ത്എഴുതി വാങ്ങി നിരാലംബരാകുന്ന മാതാപിതാക്കളുടെ വേദന ആരറിയാൻ? നരച്ച തല ബഹുമതിയും പ്രായമായവർ ആദരിക്കപ്പെടേണ്ടവരാണെന്നും കരുതുന്ന സംസ്കാരം ഇന്ന് മാറി. ഇനിമറ്റൊരു സംഗതി, പ്രതാപമുണ്ടായിരുന്ന കാലത്ത് തന്നിഷ്ട പ്രകാരം ജീവിച്ചിട്ട് വയ്യാതാകുമ്പോൾ ആരും നോക്കാനില്ലാത്ത അവസ്ഥയും, മറ്റുള്ളവർ എന്ത് ചെയ്തു കൊടുത്താലും തൃപ്തരല്ലാത്തവരും നമ്മുടെ ഇടയിലുണ്ട്. ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും നമ്മെ തേടിയെത്തുന്ന ഒരനിവാര്യതയാണ് വാർദ്ധക്യം. മാറി വരുന്ന സാഹചര്യത്തിൽ ഈ അവസ്ഥയെ എങ്ങനെ സന്തോഷകരമായി കൈകാര്യം ചെയ്യാമെന്ന വ്യക്തികളും സമൂഹവും ശ്രദ്ധാപൂർവ്വം പഠിക്കുകയും അതിനുവേണ്ട ക്രമീകരണങ്ങൾ ആവിഷ്കരിക്കുകയും വേണം. ജീവിതത്തിൽ ഓരോഘട്ടത്തിലേക്കും പ്രവേശിക്കാനുള്ള തയ്യാറെടുപ്പ് ആവശ്യമാണ്. ജീവിത സായാഹ്നത്തിലേക്കുള്ള ഒരുക്കം, മധ്യവയസിൽ ആരോഗ്യമുള്ള കാലത്ത് തന്നെ തുടങ്ങേണ്ടതാണ്. ആനന്ദകരമായ വാർദ്ധകൃത്തിന് സാമ്പത്തിക സുരക്ഷിതത്വം മാത്രം പോര; സാമൂഹിക ബന്ധങ്ങൾ സൂക്ഷിക്കുക, ഉന്മേഷം ലഭിക്കുന്ന അഭിരുചിയുള്ള ക്രിയാത്മകമായ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക, സമാനചിന്താഗതികളുള്ളവരുടെ കൂട്ടായ്മ രൂപീകരിക്കുക, ജീവിത പരിചയവും അനുഭവ സമ്പത്തും സമൂഹത്തിനു പ്രയോജനം ചെയ്യുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുക, ദൈവവുമായുള്ള ബന്ധത്തിൽ ജീവിതം ക്രമീകരിക്കുക തുടങ്ങിയ ഒരുക്കങ്ങൾ അനിവാര്യമാണ്.താമസക്രമീകരണത്തെകുറിച്ചുംമാറിചിന്തിക്കുന്നത് നല്ലതാണ്.വീടിനുള്ളിൽഅസ്വാരസ്യത്തോടെ കഴിയുന്നതിനേക്കാൾ സമാന ചിന്താഗതികളും ഒരേപ്രായവുമുള്ളവർ ഒരുമിച്ചു കഴിയുന്നത് അഭികാമ്യമാണ്.

അടുത്തതായി, വാർദ്ധകൃത്തിലായവരെ സംരക്ഷിക്കുക എന്നത് ഇളംതലമുറയുടെ ഉത്തരവാദിത്വത്തമാണ്. വയോജനങ്ങൾ സമാധാനമായി ജീവിക്കാൻ അവർക്ക് കരുതലും സ്നേഹവും ശുശ്രൂഷയും നൽകേണ്ടതുണ്ട്. അവർക്കാവശ്യമായ സാമ്പത്തിക ക്രമീകരണം, സാമൂഹികമായ ബന്ധം പുലർത്താനുള്ള സംവിധാനം, കുടുംബാംഗങ്ങൾ തമ്മിലുള്ള ഊഷ്മളമായ അടുപ്പം, അതുവഴി ലഭിക്കുന്ന മാനസിക വൈകാരിക സുരക്ഷിതത്വബോധം തുടങ്ങിയവ ഉറപ്പാക്കേണ്ടത് പുതിയ തലമുറയുടെ കടമയാണ്. അവർക്ക് പറയാനുള്ളത് കേൾക്കാനും അവർക്ക് പറ്റുന്ന രീതിയിൽ എന്തെങ്കിലും ചെയ്യാനും അതംഗീകരിക്കാനുമുള്ള ആരെങ്കിലുമൊക്കെയുണ്ടെങ്കിൽ അത് അവരുടെ self esteem വർദ്ധിക്കാൻ സഹായിക്കും. ജീവിതത്തിന്റെ വൈകിയവേളയിൽ ഏകാന്തത കൂടി വരുന്ന അവസ്ഥയുണ്ടാകാം. പ്രത്യേകിച്ച് പങ്കാളികൂടിനഷ്ടപ്പെടുമ്പോൾ ഒറ്റപ്പെടലിന്റെ ആക്കംകൂടും. പക്ഷെ ദൈവാഭിമുഖ്യത്തിൽ കഴിയുന്നവർക്ക് ദൈവിക സുരക്ഷിതത്വം അനുഭവിക്കാനും നല്ലൊരു അവസാനത്തിലേക്ക് ഒരുങ്ങാനും സാധിക്കും. ആയതിനാൽ ജീവിത സായാഹ്നത്തിലായവർക്കായി ഇങ്ങനെ പ്രാർത്ഥിക്കാം,' ഞങ്ങളോട് കൂടെ പാർക്ക, നേരം വൈകി, അസ്തമിപ്പാറായല്ലോ '

## Bride Wanted

നല്ല സാമ്പത്തിക ഭദ്രതയുള്ള ഓർത്തഡോക്സ് കുടുംബത്തിലെ ടെക്സ്റ്റൈൽസ് ബിസിനസ്സ് നടത്തുന്ന ബിരുദധാരിയായ യുവാവ് 29 വയസ്സ്, 168 cm. വെളുത്ത നിറം. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.

Contact No.:

**9961492110,**

**e-mail: kevin_thomas333@yahoo.com**

## Bride Groom Wanted

Orthodox Parents invite proposals for their daughter 24 yrs, 165 cm, Msc. Chemistry, QA officer at a Pharma Company, Bhopal from well educated & God fearing Boys.

Contact No.

**8889507782, 9669054041**

## Bride Wanted

ഓർത്തഡോക്സ് യുവാവ് 28 വയസ്സ്, 165 cm MBA ദുബായിൽ ജോലി, അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. ദുബായിൽ ജോലി യുള്ളവർക്ക് മുൻഗണന.

**Contact No.**

**9048382810**

## സഭാചരിത്ര പുസ്തകങ്ങൾ

കോവിഡ് കാരണം സഭാ ചരിത്ര പുസ്തകങ്ങൾ ഇക്കൊല്ലം പ്രിസിദ്ധീകരിക്കുന്നതല്ല. പുതിയ പുസ്തകങ്ങൾ കോട്ടയം എം.ഡി. കൊമേഴ്സ്യൽ സെന്ററിലെ *ഓർത്തഡോക്സ് ബുക്ക് സ്റ്റാളിൽ നിന്നും, മാങ്ങാനം, മന്ദിരം ജനതാ റോഡിലെ കോട്ടയ്ക്കൽ പബ്ലിഷിംഗ് ഹൗസിൽ നിന്നും 20% വില കുറവിൽ ലഭിക്കും. കെ.വി. മാമ്മൻ, കോട്ടയ്ക്കൽ, മാങ്ങാനം, കോട്ടയം 686018, ഫോൺ: 0481-2578936.* ഏറ്റവും പുതിയ പുസ്തകങ്ങൾ. 1. മലങ്കരസഭയും മാർത്തോമ്മാ കുട്ടായ്മയും -250 രൂപ; 2. ചേപ്പാടു തിരുമേനി - 150 രൂപ; പ. വട്ടശ്ശേരിൽ തിരുമേനി - 200 രൂപ; മലങ്കരസഭയും സംസ്ക്കാരവും - 750 രൂപ; ഫാ.സി.ഇ. ജോർജ്, കൊല്ലാട് - 100 രൂപ.


## ST. MARY'S EMBROIDERY

**Palace Road, Changanacherry-686101, Kerala**

**Prop: SAJU CHACKO** ✆ 0481-2425444, Res. 2724224, 2727788 (Mob.) 9447136388

**കാപ്പ, വിരിക്കുട്ട്, ചിത്തോല, തിരശീല, മുതലായവ ഓർഡർ അനുസരിച്ചും റെഡിമെയ്ഡും ലഭ്യമാണ്.**

**വിദേശ തുണിയിൽ തയ്ച്ച കാപ്പ എല്ലാ കളറിലും റെഡിമെയ്ഡ് ലഭ്യമാണ്.**

**ഇന്ത്യയിൽ ഏതുഭാഗത്തും ഓർഡർ അനുസരിച്ച് ഞങ്ങൾ സാധനങ്ങൾ എത്തിച്ചു തരുന്നു**


ഒന്നാം ചരമ വാർഷികം
05-10-2020



**അമ്മിണി പി.ജി.**

**മുക്കാഞ്ഞിരത്ത്**

**തിരുമൂലപുരം**

സന്തപ്ത കുടുംബാംഗങ്ങൾ

**21th Death Anniversary**

**27-10-2020**

**17.8.1912**



**27.10.1999**

# ALEYAMMA MATHEW


**VADAKKE VEEDU**

**ERUVA, KAYAMKULAM**

"നിന്റെ മഹത്വമുദിക്കും നാൾ
നില്ക്കണമിവൾ വലഭാഗത്തിൽ"

# മാർ തേവോദോസിയോസ് കാരുണ്യത്തിന്റെ കർമ്മയോഗി

ഫാ. രാജു തോമസ് റമ്പാൻ, ഭിലായി



ഭാരതത്തിന്റെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിജിയുടെയും പ്രധാന മന്ത്രിയായിരുന്ന ലാൽ ബഹദൂർ ശാസ്ത്രിയുടെയും ജന്മദിനമായ, ഒക്ടോബർ മാസം 2-ാം തീയതി, ഭൂജാതനായ വന്ദ്യ തേവോദോസിയോസ് തിരുമേനി, ജന്മം കൊണ്ടു മാത്രമല്ല കർമ്മം കൊണ്ടും ഗാന്ധിജിയെ സ്മരിപ്പിക്കുന്ന വ്യക്തിത്വമാണ്. ക്രിസ്തീയ സേവന പാതയിൽ തികഞ്ഞ ഗാന്ധിയിൻ ശൈലിയാണ് തിരുമേനി അവലംബിച്ചിട്ടുള്ളത്. ജാടകളില്ലാത്ത ആർഭാടരഹിതമായ ജീവിതരീതി, ആരെയും ആകർഷിക്കുന്ന സൗമ്യമായ പെരുമാറ്റം, ആലോചിച്ചു മാത്രം സംസാരിക്കുന്ന പ്രകൃതം, ഏതൊരു പ്രശ്നത്തിനും പരിഹാരം കണ്ടെത്താനും നിർദ്ദേശിക്കുവാനും അനായാസം സാധിക്കുന്ന ബുദ്ധിവൈഭവം ദൈവാശ്രയം, മലങ്കര സുറിയാനി സഭയുടെ ആചാരാനുഷ്ഠാനങ്ങളെക്കുറിച്ചും മഹത്വമേറിയ കൗദാശിക പാരമ്പര്യത്തെക്കുറിച്ചും, സഭാപിതാക്കന്മാരെയും ഗുരുക്കന്മാരെയും ഉദ്ധരിച്ചുകൊണ്ട്, സ്വജീവിതാനുഭവങ്ങളുടെ വെളിച്ചത്തിലും ആധികാരികമായി ശിഷ്യന്മാർക്ക് പറഞ്ഞുകൊടുക്കുന്നതിനുള്ള അനിതരസാധാരണമായ കഴിവ് എന്നിവ തിരുമേനിയെ അതുല്യനാക്കുന്നു. ഭാരതത്തിലെയും പാശ്ചാത്യനാടുകളിലെയും സർവ്വകലാശാലകളിൽ വേദശാസ്ത്രാഭ്യാസം നടത്തിയതു മൂലം വേദശാസ്ത്ര സംബന്ധമായ കാര്യങ്ങളിലെ ആഴമായ പരിജ്ഞാനം ലളിതവും സരളവുമായ വാക്കുകളിൽ പകർന്നു നൽകുവാൻ അദ്ദേഹത്തിനു സാധിച്ചിരുന്നു. 2000 വർഷങ്ങളായി ഭാരതത്തിൽ നിലനിൽക്കുന്ന സഭയുടെ ദൗത്യത്തെക്കുറിച്ചും ക്രൈസ്തവ ധർമ്മം, പ്രേഷിതവേല എന്നിവയെക്കുറിച്ചും തനതായ ദർശനവും വീക്ഷണവും പങ്കുവെയ്ക്കുന്ന തിരുമേനി താൻ അംഗമായിരിക്കുന്ന മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ഒരു ഭാരതീയ വീക്ഷണം ആർജിക്കുവാൻ ഇതുവരെയും സാധിക്കാത്തതിൽ അതിവ ദുഃഖിതനായിരുന്നു.

ഇന്ത്യയുടെ ആത്മാവിനെ ഗാന്ധിജി ദർശിച്ചത് ഗ്രാമങ്ങളിലാണ്. ഗ്രാമീണരുടെ ഉദ്ധാരണത്തിലൂടെയല്ലാതെ ഭാരതീയരുടെ വ്യക്തിത്വം പൂർണ്ണമാകുകയില്ലെന്നും ഗാന്ധിജി വിശ്വസിച്ചു. ഇതേ കാഴ്ചപ്പാടോടെയാണ് മാർ തേവോദോസിയോസ് തിരുമേനിയും പ്രവർത്തിച്ചത്. ഗ്രാമങ്ങളിൽ വസിക്കുന്ന പാവപ്പെട്ട ജനങ്ങൾക്ക് തങ്ങളെ വരിഞ്ഞു മുറുക്കിയിരിക്കുന്ന ബന്ധങ്ങളിൽ നിന്നും മോചനം ലഭിച്ചാലെ ഇന്ത്യയുടെ സമഗ്രമായ വികസനം സാക്ഷാത്കരിക്കാനാവൂ എന്ന് തേവോദോസിയോസ് തിരുമേനിക്ക് ബോദ്ധ്യമുണ്ടായിരുന്നു. വിദ്യാഭ്യാസത്തിലൂടെ മാത്രമേ ഭാരത സുവിശേഷീകരണം സാദ്ധ്യമാകു എന്ന് മനസ്സിലാക്കിയ തിരുമേനി വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കാൻ മുൻകൈയെടുത്തു.

ഇന്ത്യയിലെ ഒരു ക്രൈസ്തവ ബിഷപ്പിന് അർഹതപ്പെട്ട അലങ്കാരങ്ങളൊക്കെ മാറ്റിവച്ചുകൊണ്ട് ജനകീയനായി ഭാരതത്തിന്റെ ഉൾനാടൻ പ്രദേശങ്ങളിൽ അദ്ദേഹം ചുറ്റിസഞ്ചരിച്ചു. ആ ഗ്രാമങ്ങളുടെ ഇല്ലായ്മകളിൽ അദ്ദേഹം വിദ്യാഭ്യാസത്തിന്റെയും ആതുരസേവനത്തിന്റെയും പുതിയ വിത്തുകൾ പാകി എന്നു മാത്രമല്ല, അതിനെ നട്ടുനച്ചു വളർത്തുവാനും അഭിവന്ദ്യ തിരുമേനി ശ്രദ്ധ കാണിച്ചു. നെരിപ്പോടുകളിൽ നിന്നും മാത്രമേ പുതിയ അഗ്നിജ്വാലകൾ ഉണ്ടാകു എന്നദ്ദേഹം കണ്ടെത്തി. അനന്തമായ പ്രകാശകിരണങ്ങളിൽ നിന്നാണ് കൽക്കട്ട ഭദ്രാസനവും, ഭിലായി മിഷനും ആരുടെയും പ്രചോദനമോ പ്രോത്സാഹനമോ കിട്ടാത്ത വേളകളിലും തിരുമേനി കർത്താവിന്റെ വയൽക്കരകളിൽ മുഴുരാവത്രയും പ്രാർത്ഥിച്ചുകൊണ്ടിരിക്കുമായിരുന്നു. വരണ്ട ഊഷ്മ ഭൂമികളിൽ സ്നേഹത്തിന്റെയും, സേവനത്തിന്റെയും തെളിനീരുറവകൾക്ക് ചാലിറുക്കുവാൻ അദ്ദേഹത്തിനു തന്നെ കഴിഞ്ഞത് ഈ പ്രാർത്ഥനയുടെ മൂലധനമൊന്നുമാത്രമായിരുന്നു.

കൃതഹസ്തനായ ഉത്തമകാര്യവിചാരകനെപോലെ മാർ തേവോദോസിയോസ് തന്നിലേൽപ്പിച്ച സുവിശേഷ ദൗത്യത്തെ ഭാരതത്തിന്റെ അവികസിത മേഖലകളിൽ അവതരിപ്പിച്ചു. നാമൊക്കെ അടുത്തും അകലെയും നിന്ന് കണ്ട മാർതേവോദോസിയോസ് അല്ല, ഉത്തരഭാരത ബഡാ ബിഷപ്പ്. സ്വന്തം ഹൃദയത്തെ സാധാരണ ജനങ്ങൾക്ക് വേണ്ടി സമർപ്പിച്ച ക്രിസ്തു ശിഷ്യനാണ് അദ്ദേഹമെന്ന് ഉത്തരേന്ത്യയിലെ പാവപ്പെട്ട ജനങ്ങൾ വളരെ പെട്ടെന്ന് തിരിച്ചറിഞ്ഞു.

മാർ തേവോദോസിയോസിന്റെ പ്രവർത്തനരീതി ക്രിസ്തു മതം പ്രചരിപ്പിക്കുന്നതിനു വേണ്ടിയായിരുന്നില്ല. മറിച്ച് ക്രിസ്തു സ്നേഹത്തെ ലോകത്തിനു മുമ്പിൽ വെളിപ്പെടുത്തികൊടുക്കുന്നതിന് വേണ്ടിയായിരുന്നു. ഭാഷയും സംസ്ക്കാരവും എന്തെന്നറിയാത്ത ഉത്തരഭാരതത്തിലെ നൂറു കണക്കിന് ഗ്രാമങ്ങളിലെ ജനങ്ങൾക്ക് അത് മനസ്സിലാക്കുവാൻ കഴിഞ്ഞു.

Mission work is a very good Platform for the youngsters especially for those who are outside Kerala".

സേവനത്തിലൂടെ ജീവിതം ധന്യമാക്കി യേശുവന്റെ ശാന്തിയും സ്നേഹവും ചുറ്റുമുള്ള മനുഷ്യജീവിതത്തിലേക്ക് കൈമാറിക്കൊണ്ട് മനുഷ്യസേവനമാണ്, സ്നേഹമാണ് ജഗദീശ്വരന്റെ ഏക കൽപ്പന എന്ന് മനസ്സിലാക്കി, ലോകത്തിനുവേണ്ടി, ജീവിതം മുഴുവനും സമർപ്പിച്ച വന്ദ്യ പിതാവ്, ഉത്തര ഭാരതത്തിന്റെ ജ്യോതിസ്സായി ശോഭിക്കുന്നു.

ഫാ. ഷാലു ലൂക്കോസ്, തിരുമംഗലം

# അബ്ശലോമുകൾ ആഴപ്പെടുന്നു

അരമനയുടെ അകത്തളത്തിൽ
ദാവീദ് കവിണ് വീണു
പ്രാർത്ഥനാനിരതനായ്...
കണ്ണുനീർച്ചാലുകൾ തളം കെട്ടി
പ്രളയമായതും
ദീർഘനിശ്വസനങ്ങൾ
ഉച്ചച്ചൂട് പോലെ ആർത്തമായതും
ആർക്ക് വേണ്ടി...?

സിംഹാസനസ്ഥനെയാണ്
ലോകം കണ്ടത്
അൾത്താരയ്ക്ക് മുന്നിൽ
അകമനമുരുകി നിന്നവനെ
ദൈവമേ കണ്ടുള്ളൂ.

സിംഹാസനസ്ഥനെ കണ്ടവരിലെ
നിഴലാട്ടങ്ങളിൽ അബ്ശലോമുകൾ
പകർന്നാടുകയായിരുന്നു.
ചരിത്രത്തിന്റെ പടിക്കെട്ടുകളിൽ
ഇന്നും അബ്ശലോം ഉലാവുന്നത്
എന്തിന് വേണ്ടിയായിരുന്നു.?
ഒരുമിക്കാനും ഒരുമനപ്പെടലിനും
സാധ്യമല്ലെന്ന് ഉള്ളം കൊണ്ട്
നിശ്ചയിച്ചിരുന്നു അയാൾ!
ഞാനായിരുന്നെങ്കിൽ! ഞാനായിരുന്നെങ്കിൽ!
ഇതെല്ലാം പരിഹരിച്ചേനെയെന്ന്
ജനത്തോട് തേൻ വാക്കുകൾ
പൊഴിച്ചവരുടെ ഹൃദയത്തിലിടം
നേടി അയാളങ്ങനെ....?

ഒരേ അത്താഴമേശയിൽ നിന്ന്
അപ്പഖണ്ഡം പങ്കിട്ടവർ
പലവുരുവായി ഇരുളിലേക്ക്
യൂദയെ ഓർമ്മിപ്പിച്ച്
ഇറങ്ങിപ്പോയവർ...
മാതൃ ഹൃദയത്തെ മുറിവേൽപ്പിച്ചവർ
ആ മുറിവ് വെച്ച് കെട്ടാത്തവർ
വടിയും ചെങ്കോലുമേന്തി
ഇരുളിടങ്ങളിലിരുന്ന് അബ്ശലോമിനെ
ഉത്തേജിതനാക്കി സാന്ത്വനിപ്പിക്കുന്നത്
ആർക്ക് വേണ്ടി?

അകലങ്ങളിൽ യുദ്ധത്തിന് വേണ്ടി
കച്ചകെട്ടിയും ബലിവേദികളിൽ
അനുരഞ്ജനത്തിന് അരകെട്ടിയും
വിസ്മയ നടനം നടത്തുന്ന
അബ്ശലോമുകൾ!

അയാൾ എന്നും അമ്മവീടിന് പുറത്തായിരുന്നു.
ആരും പുറത്താക്കിയിട്ടല്ല
സിംഹാസനത്തിൽ കണ്ണുടക്കി
സ്വയം പുറത്ത് പോയതായിരുന്നു.
പുറത്ത് പോയവരുടെ
വീര ഇതിഹാസചരിതങ്ങൾക്കിടയിൽ
അയാളും രാജാവായി

അമ്മയോടുള്ള ഐക്യം
നഷ്ടപ്പെടുത്തിയതിന്റെ
ജാള്യത മറയ്ക്കാൻ
'പുനരൈക്യമെന്ന്'
'പതം' പറഞ്ഞാചരിക്കുന്നതാർക്കുവേണ്ടി?
വിരുന്നുകാരനാണ് വീട്ടുകാരനെന്ന്
വന്ന വഴികളിൽ
'പൊളി'യെഴുതി വച്ചതാർക്കുവേണ്ടി?
വികല ചരിത്രങ്ങളെ
സത്യ ചരിത്രമാക്കാൻ
വെകിളി പിടിക്കുന്നവരുടെ
മനോവിചാരങ്ങളിൽ
കരുവേലകങ്ങൾ ഇന്നും
ഇളകിയാടുന്നുണ്ടാകണം.

അവരുടെ പടയോട്ടങ്ങൾക്ക്
കരുവേലകത്തിന്റെ ചുവടു
വരെയെ ആയുസ്സുണ്ടായുള്ളൂ.



E-mail: fr.thirumangalam@gmail.com

# 63rd Wedding Anniversary on 22/09/2020



**JOHN K JOHN & AMMINI JOHN**
**KOOTTANICKAL, NARIYAPURAM**

*Best Compliments...*

*Children,*
*Grand Children*

**Alvin and Jubie Joseph, Alicia and Justin Cherian**
**Lyshus and Aby Augustin, Babily Shalomi Baby**
**Gregory K Johns, Basil K Johns**
**Alan K John, Alana Mariam John**

*Great Grand Children*
**Peyton Joseph**
**Roman Cherian**

# Connecting Indians Globally

**Colossians 3:14** " And over all these virtues put on love, which binds them all together in perfect unity."

Matrimonial website for all single Indians/ people of Indian background who are currently residing across the globe and looking to get married, in the near future. Please visit the website below:

www.overseasindianmatrimony.com




## വൈദിക ചരമം




വെട്ടിത്തറ കുഴിക്കണ്ടത്തിൽ ഫാ. പ്രൊഫ. എം.ജെ. ഗീവർഗീസ് (92) നിര്യാതനായി. കണ്ടനാട് ഭദ്രാസനത്തിലെ മുതിർന്ന വൈദികനും കോതമംഗലം എം.എ. കോളജ് ഇംഗ്ലീഷ് വിഭാഗം മുൻ മേധാവിയും വെട്ടിത്തറ മാർ മീഖായേൽ ഓർത്തഡോക്സ് പള്ളി മുൻ വികാരിയുമായിരുന്നു.



കടമറ്റം പുവത്തുംവീട്ടിൽ ഫാ. എം.വി. ഏബ്രഹാം (88) നിര്യാതനായി. കണ്ടനാട് ഭദ്രാസനത്തിലെ വിവിധ ദേവാലയങ്ങിൽ സേവനമനുഷ്ഠിച്ചു. കോലഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രി വൈസ് പ്രസിഡന്റ്, സഭാ മാനേജിംഗ് കമ്മറ്റിയംഗം, കോലഞ്ചേരി സെ. പീറ്റേഴ്സ് & സെ. പോൾസ് പള്ളി വികാരി എന്നീ നിലകളിൽ പ്രവർത്തിച്ചു. സഹധർമ്മിണി: പിറമാടം ഇടപ്പ ലക്കാട്ട് ഏലിയാമ്മ.



കുളനട കല്ലിനാൽ തോമസ് കോർ എപ്പിസ്ക്കോപ്പാ (86) നിര്യാതനായി തുമ്പമൺ, ചെങ്ങന്നൂർ ഭദ്രാസനങ്ങളിലായി നിരവധി ഇടവകകളിൽ സേവനമനുഷ്ഠിച്ചു. സഭയുടെ വിവിധ സ്ക്കൂളുകളിൽ അധ്യാപകനായി സേവനമനുഷ്ഠിച്ചു. പ. ഗീവർഗീസ് ദ്വിതീയൻ ബാവായിൽ നിന്ന് ശെമ്മാശുപട്ടവും പ. ഔഗേൻ ബാവായിൽ നിന്ന് കശ്ശീശാ പട്ടവും ലഭിച്ചു. സഹധർമ്മിണി: പരേതയായ അമ്മാൾ കെ. ഉമ്മൻ.



## 24-ാം ഓർമ്മപ്പെരുന്നാൾ
## നവംബർ 7, 8



**പരിശുദ്ധ ബസേലിയോസ്**
**മാർത്തോമ്മാ മാത്യൂസ് പ്രഥമൻ**
**കാതോലിക്കാ ബാവായുടെ**
**(വട്ടക്കുന്നേൽ ബാവാ)**

**24-ാം ഓർമ്മപ്പെരുന്നാൾ**
**നവംബർ 7, 8 തീയതികളിൽ**

ദേവലോകം കാതോലിക്കേറ്റ്
അരമനയിൽ

By,
Vattakkunnel Family

### വെരി. റവ. സിൽവാനോസ് റമ്പാൻ ചുമതലയേറ്റു



പുതുപ്പാടി സെന്റ് പോൾസ് ആശ്രമത്തിന്റെയും, അനുബന്ധ സ്ഥാപനങ്ങളുടേയും സുപ്പീരിയറായി ആശ്രമാംഗമായ വെരി. റവ. സിൽവാനോസ് റമ്പാൻ ചുമതലയേറ്റു. 1982 ൽ ആശ്രമാംഗമായ റമ്പാൻ ഹൈദ്രബാദ്, യാച്ചാരം ബാലഗ്രാം, ഇറ്റാർസി ബാലഗ്രാം, ഒറീസ്സ കലഹണ്ടി മിഷൻ പ്രൊജക്റ്റ്, പൂനാ സെന്റ് ജോർജ് ബാലഗ്രാം, തിരുവാതുക്കൽ സെന്റ് പോൾസ് ആശ്രമം, ബാലഗ്രാം എന്നീ സ്ഥാപനങ്ങളുടെ മാനേജരായും പ്രവർത്തിച്ചിട്ടുണ്ട്. ആഗോള ജോർ ജിയൻ തീർത്ഥാടന കേന്ദ്രമായ ചന്ദനപ്പള്ളി സെന്റ് ജോർജ് വലിയ പള്ളി ഇടവകയിൽ ചിറക്കരോട്ട് പരേതനായ റ്റി. റ്റി ജോഷ്വായുടെയും തങ്കമ്മജോഷ്വായുടെയും മകനുമാണ്.

### വിരമിച്ചു



**സൺഡേസ്ക്കൂൾ അദ്ധ്യാപകൻ**
**സൺഡേസ്ക്കൂൾ ഹെഡ്മാസ്റ്റർ**
**ഡിസ്ട്രിക് സെക്രട്ടറി**
**ഡിസ്ട്രിക് ഇൻസ്പെക്ടർ**
**എന്നീ സ്ഥാനങ്ങളിൽ**
**പ്രവർത്തിച്ച് സൺഡേസ്ക്കൂൾ**
**സേവനം 55 വർഷം പൂർത്തിയാക്കിയ**

**കെ. ജോസഫ്**
(Document writer)

**സെന്റ് മേരീസ് ഓർത്തഡോക്സ് സിറിയൻ**
**സൺഡേസ്ക്കൂൾ**
**താഴത്ത് വടക്ക് പി.ഒ.**
**പട്ടാഴി വടക്കേക്കര**
**(അടൂർ കടമ്പനാട് ഭദ്രാസനം)**


Thomas Philip
threadcorner2018@gmail.com
Mob :9947242905
9947112982



THREAD CORNER
All kinds of Tailoring & Church Cloth Materials
1st floor Marattukalam Buildings
Near K.S.R.T.C, Changanacherry

കാപ്പതുണി, വിദേശ കാപ്പതുണി, കുപ്പായതുണി,
തിരശ്ശീലയ്ക്ക് ആവശ്യമായ തുണിത്തരങ്ങൾ,
വെൽവെറ്റ്, കമ്പിളി നൂൽ, ലെയ്സ് ഐറ്റംസ്,
മുത്തുക്കുടയ്ക്ക് ആവശ്യമായ തുണിത്തരങ്ങളും ലഭ്യമാണ്.

## 9–ാം ചരമ വാർഷികം
## (30–10–2020)



# എം.സി. മാത്യു
## (അച്ചൻകുഞ്ഞ്)
**മാളിയേക്കമലയിൽ, പുറമറ്റം**

എന്ന്,
**സന്തപ്ത കുടുംബാംഗങ്ങൾ**

പുസ്തകശാല







**രണ്ട് സഭാചരിത്ര പഠനങ്ങൾ**

**1. പുണ്യ ചരിതനായിരുന്ന മലങ്കര മെത്രാപ്പോലീത്ത ചേപ്പാടു മാർ ദീവന്നാസ്യോസ്**

ഗ്രന്ഥകർത്താ: പി.എ. ഉമ്മൻ ജഡ്ജി

സത്യവിശ്വാസ സംരക്ഷകനായ മലങ്കര മെത്രാപ്പോലീത്താ അനുഷ്ഠിച്ച ത്യാഗങ്ങൾ നവീകരണക്കാരുടെ ദ്രോഹങ്ങളും. ഫാ. ഡോ. ഒ. തോമസിന്റെ വിലയിരുത്തലും. വില: 150 രൂപ

**2. മലങ്കരസഭയും മാർത്തോമ്മാ കൂട്ടായ്മയും താഴത്തച്ചന്റെ വിലാപങ്ങളും.**

ഗ്രന്ഥകർത്താ: ഫാ. ഡോ. ജോസഫ് ചീരൻ,
ഡോ. കുര്യൻ തോമസ്, വില: 250
പ്രസാധകൻ: കെ.വി. മാമ്മൻ, കോട്ടയ്ക്കൽ,
മാങ്ങാനം, കോട്ടയം–18, ഫോൺ: 0481–2578936

## 5–ാം ചരമ വാർഷികം, 31–10–2020



# കുഞ്ഞമ്മ ജോസഫ്
വാലുതുണ്ടിൽ ഷിബു ഭവൻ
താഴത്തുവടക്ക് പി.ഒ.
പട്ടാഴിവടക്കേക്കര

ഭർത്താവ്:
കെ. ജോസഫ് (DOCUMENT WRITER)

മക്കൾ:
ഷിബു ജോസഫ്, ഷാജി ജോസഫ്, ഷീജാ കുര്യൻ

ചെറുമക്കൾ:
എബിൻ ഷിബു, അലീനാ ഷിബു
ആരോൺ ഷാജി, അലോന ഷാജി
അനറ്റ് പി. കുര്യൻ
അബിയ പി. കുര്യൻ

## REV FR MATHAI PANAKKAL



# PANAKKAL HOUSE
YESUDAS ROAD
KUNNAMKULAM

11-10-2020
10th Anniversary Of Entering
The Heavenly Abode

Inserted by Loving Family



# നാം ഏക ശരീരം

ഫാ. കെ. എം. ജോർജ്

കുറെ നാളായി, ചുറ്റും പടരുന്ന ഇരുട്ട് കണ്ട് ഭയപ്പെട്ടും വിഷാദിച്ചുമിരുന്ന എനിക്ക്, ഇന്നു രാവിലെ നോബിൻ അച്ചന്റെ മൃദുവായ വിദൂരശബ്ദം ഫോണിലൂടെ വന്നപ്പോൾ സൂര്യൻ വീണ്ടും ഉദിച്ചതുപോലായി. ആ സൗമ്യമായ പ്രകാശം പുതിയ പ്രത്യാശയും സാന്ത്വനവും എനിക്കു നൽകി. 'ഭയപ്പെടരുത്' എന്ന് യേശു തന്നെ അഭയമുദ്ര കാട്ടി പറയുമ്പോലെ.

30 വയസ്സുകാരനായ ഒരു യുവ വൈദികൻ, വൃക്കകൾ രണ്ടും പ്രവർത്തനരഹിതമായ, തനിക്ക് ഒരു ബന്ധവുമില്ലാത്ത ഒരു വീട്ടമ്മയ്ക്ക് തന്റെ വൃക്കകളിലൊന്ന് പങ്കിട്ടു കൊടുത്തു. അച്ചൻ രാവിലെ ഫോണിലൂടെ പറഞ്ഞു, "വിശുദ്ധ കുർബാനയിൽ ഖണ്ഡിപ്പിന്റെ ശുശ്രൂഷയ്ക്ക് ഇടയിലാണ് ഇങ്ങനെയൊരു ചിന്തയും തീരുമാനവും ദൈവം എനിക്കു നൽകിയത്." ആരാധനയും ആത്മീയതയും ഇവിടെ അർത്ഥപൂർണ്ണമായിത്തീരുന്നു എന്നു നമുക്ക് സന്തോഷത്തോടെ പറയാം. മനുഷ്യവർഗ്ഗം മുഴുവനും ഒരു ശരീരമാണ് എന്ന സത്യം ഒരിക്കൽ കൂടി ഇവിടെ സാക്ഷാത്കരിക്കപ്പെടുന്നു. പലരായ നമ്മെ ഒരു ശരീരമാക്കിത്തീർക്കാൻ സ്വശരീരം ഖണ്ഡിച്ചു നൽകിയ കുരിശിലെ യാഗത്തിലുള്ള മനുഷ്യന്റെ പങ്കാളിത്തം.

ഒന്നോർത്തുനോക്കിയാൽ എന്താണ് ഇതിന്റെയൊക്കെ അർത്ഥം? അവയവദാനത്തെക്കുറിച്ചുള്ള വാദപ്രതിവാദങ്ങൾ എത്രയോ നാളായി രൂക്ഷമായി തുടരുന്നു. പെട്ടെന്ന് ഒരു നിമിഷം അതെല്ലാം അർത്ഥരഹിതമായിത്തീരുന്നു. ഒരാൾ മറ്റൊരാളെ സ്വന്തശരീരമായി കാണുന്ന ആ അനർഘ നിമിഷം. കൊടുക്കുന്ന ആളിനും സ്വീകരിക്കുന്ന ആളിനും അടുത്ത സാക്ഷികൾക്കും ഇത് ഏകശരീരത്തിന്റെ സാക്ഷാത്ക്കാരം. എങ്കിലും വേദപണ്ഡിതന്മാരും മതമേലദ്ധ്യക്ഷന്മാരും തർക്കം തുടർന്നു കൊണ്ടേയിരിക്കും. മൃതശരീരം ദഹിപ്പിക്കാമോ എന്ന തർക്കം നാളേറെയായി ക്രിസ്തീയ മതാധികാരികളെ അലട്ടുന്നുണ്ട്. അതിന്റെ പേരിൽ ചിലർ മനുഷ്യരെ വിരുദ്ധ ചേരികളിലാക്കുന്നു. പെട്ടെന്നൊരു നിമിഷം, നിനച്ചിരിയാതെ ഒരു വൈറസ് വന്നു. കാനോനാകളിലും വിശ്വാസപ്രമാണങ്ങളിലും തീർത്തും അജ്ഞനായ കൊറോണ. എല്ലാ തർക്കങ്ങളും പൊടുന്നനെ നിലച്ചു. കോവിഡ് പിടിച്ചു മരിച്ചാൽ ഏതു സ്ഥാനികളെയും സാധാരണക്കാരെയും ആരോരുമില്ലാതെ ദഹിപ്പിക്കും. എന്നാലും നാം തർക്കം തുടർന്നുകൊണ്ടേയിരിക്കും.

ഇതുപോലെ, അനുപേക്ഷണീയമെന്ന് നാം കരുതുന്ന പലതും താമസിയാതെ കടപുഴകിപ്പോകും. ഒന്നായിരിക്കുന്ന മനുഷ്യശരീരത്തെ, പലതിന്റെയും പേരിൽ നാം ഭിന്നിപ്പിക്കയും, അവയവങ്ങളെ വിരുദ്ധ ചേരികളിലാക്കി പോർവിളികൾ നടത്തുകയും പരസ്പരം വാളെടുപ്പിക്കയും ചെയ്യുന്നു. നിനച്ചിരിയാത്ത ഒരു നിമിഷം ചരിത്രത്തിന്റെ ഒരു ഉരുൾ പൊട്ടൽ നമ്മെയെല്ലാം കടപുഴക്കിയെറിയും. എല്ലാ അർത്ഥവും നമുക്കു നഷ്ടപ്പെടും. ജനങ്ങളും നേതാക്കളും ഒരുപോലെ അനാഥരായി അഭയമില്ലാതെ അലയും. എന്നാൽ ശുദ്ധമായ മനുഷ്യസ്നേഹവും കാരുണ്യത്തിന്റെ പ്രവർത്തികളും, വേലിക്കെട്ടുകൾക്കപ്പുറത്തേക്ക് പോകുന്ന ഏകശരീരബോധവും എന്നും നിലനിൽക്കും. ജീവിതത്തിൽ അർത്ഥം തേടുന്നവർക്കെല്ലാം അവയെന്നും തീർത്ഥമായിരിക്കും. അവിടെ ആയിരം സൂര്യന്മാർ ഉദിക്കും.


വൃക്ക സ്വീകരിച്ച പ്രിയ സഹോദരിക്ക് ദൈവം പൂർണ്ണമായ ആരോഗ്യവും ബലവും നൽകാൻ നമുക്ക് പ്രാർത്ഥിക്കാം. വൃക്ക നൽകി, പ്രകാശം പരത്തിയ നോബിൻ അച്ചനെ ദൈവം തന്റെ അദ്ഭുതകരമായ വഴികളിൽ തുടർന്നും നയിക്കുവാൻ നമുക്ക് അപേക്ഷിക്കാം.




മാർ ബസേലിയോസ് ശക്രള്ള ബാവാ 256-ാം ഓർമ്മ (ഒക്ടോ. 22, കണ്ടനാട് പള്ളി)



സഖറിയാ മാർ തെയോഫിലോസ് മെത്രാപ്പോലീത്താ (3-ാം ഓർമ്മ (ഒക്ടോ. 24, കോയമ്പത്തൂർ തടാകം ആശ്രമം)



കടവിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ (113-ാം ഓർമ്മ, നവം. 2, ആലുവ തൃക്കുന്നത്തു സെമിനാരി)



സ്തേഫാനോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്താ (13-ാംഓർമ്മ, നവം. 5, സെ.തോമസ് ആശ്രമം, ഭിലായ്



വയലിപ്പറമ്പിൽ ഗീവർഗീസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ (54-ാംഓർമ്മ, നവം. 6 ആലുവ തൃക്കുന്നത്തു (സെമിനാരി)



പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ (24-ാം ഓർമ്മ, നവം. 8, ദേവലോകം കാതോലിക്കേറ്റ് അരമന)

## പാവന സ്മരണയ്ക്ക്



**എ.കെ. കോശി**
15-10-1992

**ശോശാമ്മ കോശി**
28-8-1980

**അമ്പിയിൽ, പറക്കോട്**

അമ്പിയിൽ കുടുംബാംഗങ്ങൾ

**5-ാം ചരമ വാർഷികം (17-10-2020)**



## ഏലിയാമ്മ തോമസ്

W/o എ.കെ. തോമസ്,
അമ്പിയിൽ, പറക്കോട്

അമ്പിയിൽ കുടുംബാംഗങ്ങൾ



കൊമേഴ്സിൽ പി എച്ച് ഡി (എം ജി) നേടിയ വിൽസൺ സി. തോമസ്, കെ ജി കോളേജ്, പാമ്പാടി, കൊമേഴ്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ. പാമ്പാടി സെ. ജോൺസ് കത്തീഡ്രൽ ഇടവകാംഗം പാമ്പാടി തലയ്ക്കൽ പരേതനായ ടി. സി. തോമസിന്റെയും ശോശാമ്മയുടെയും മകനാണ്. അതിരമ്പുഴ റീജിയണൽ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് അക്കൗണ്ടന്റ് സിൽജ യാണ് ഭാര്യ.



## മണർകാട് പള്ളിയുടെ വിധി സമാധാനാന്തരീക്ഷം സൃഷ്ടിക്കുവാൻ കാരണമാവണം

**– യൂഹാനോൻ മാർ ദിയസ്കോറോസ്**

മണർകാട് സെന്റ് മേരീസ് പള്ളി മലങ്കര ഓർത്തഡോക്സ് സഭയുടെ ഭാഗമാണെന്നും, പള്ളി 1934-ലെ ഭരണ ഘടന അനുസരിച്ച് ഭരിക്കപ്പെടണമെന്നും കോട്ടയം സബ് കോടതി ഉത്തരവ് 1934-ലെ ഭരണഘടന അനുസരിക്കുന്നവരുടെ പൊതുയോഗം വിളിച്ചു കൂട്ടി അതേ ഭരണഘടന അനുസരിച്ച് ഭരണ സമിതിയെ തിരഞ്ഞെടുത്ത് പുതിയ ഭരണ സമിതിക്ക് അധികാരം കൈമാറണമെന്നും, നിലവിൽ വരുന്ന ഭരണ സമിതിയെ ആരും തടസപ്പെടുത്തരുതെന്നും കോടതി പ്രഖ്യാപിച്ചു.



സംസ്ഥാന അദ്ധ്യാപക അവാർഡിന് അർഹനായ അലക്സാണ്ടർ പി. ജോർജ്. 25 വർഷമായി സൺഡേസ്ക്കൂളിന്റെ ചെന്നിത്തല ഡിസ്ട്രിക്ട് ഇൻസ്പെക്ടറായി സേവനമനുഷ്ഠിച്ചു. 2015 മുതൽ പരുമല സെമിനാരി എൽ.പി. സ്ക്കൂളിന്റെ ഹെഡ്മാസ്റ്ററായി സേവനമനുഷ്ഠിക്കുന്നു. സ്ക്കൂളിനെ മികവിന്റെ കലാലയമായി ഉയർത്തുവാൻ നടപ്പാക്കിയ വ്യത്യസ്തമായ പ്രവർത്തനങ്ങളാണ് അദ്ദേഹത്തിന് ഈ അവാർഡിന് അർഹനാകക്കിയത്.



ഹൈദരാബാദ് ഒസ്മാനിയ യൂണിവേഴ്സിറ്ററിയിൽ നിന്നും ഇംഗ്ലീഷ് സാഹിത്യത്തിൽ Ph.D നേടിയ ക്ലിൻസാ കുര്യൻ.ക ഹൈദരാബാദ് സെ. ഗ്രീഗോറിയോസ് ഇടവക സെക്രട്ടറിയും ബാംഗ്ലൂർ ഭദ്രാസന കൗൺസിൽ അംഗവുമായ പാടാച്ചിറ പി.കെ. കുര്യന്റെയും ലിസി കുര്യന്റെയും മകളും ഇൻഡോർ പ്രസ്റ്റീജ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് & റിസർച്ചിലെ പ്രൊഫസറായ ഡോ. രാജു സി. ജോണിന്റെ ഭാര്യയുമാണ്.
മകൻ: പ്രിൻസ് ജോൺ.



Pace University Connecticut USA യിൽ നിന്നും Computer Science ൽ Ph.D നേടിയ ബിനു ജേക്കബ്, വാകത്താനം തൊണ്ടൻ കുളത്ത് വി. റ്റി. ചാക്കോയുടേയും സാറാമ്മ ചാക്കോയുടേയും പുത്രനാണ്. ഭാര്യ: ഷീനാ സൂസൻ ബിനു മാവിലശ്ശേരിൽ. മക്കൾ അലീന ജേക്കബ്, ആൽബർട്ട് ജേക്കബ്. വാകത്താനം വെട്ടിക്കുന്നേൽ സെ. ജോർജ് ഓർത്തഡോക്സ് ഇടവകാംഗം .



എം.ജി. യൂണിവേഴ്സിറ്റിയിൽ നിന്നും കോമേഴ്സിൽ ഡോക്ട്രേറ്റ് നേടിയ അനു അന്ന നൈനാൻ. കൊട്ടാരക്കര ഐപ്പള്ളൂർ സെന്റ് ജോർജ് ശാലേം ഇടവകാംഗം. മാവേലിക്കര തട്ടാരമ്പലം, ഈപ്പൻ പറമ്പിൽ, എസ്. നൈനാന്റെയും മോളി കുര്യന്റെയും മകളും, (ഇരുവരും എം.ജി. യൂണിവേഴ്സിറ്റി മുൻ ജോയിന്റ് രജിസ്ട്രാർ) കൊട്ടാരക്കര പുലമൺ പണയിൽ പുത്തൻ വീട്ടിൽ ഫാ. തോമസ് ജോൺ പണയിലിന്റെ (വികാരി അമ്പലത്തുംകാല സെന്റ് ജോർജ് ചർച്ച് ) ഭാര്യയുമാണ്.



സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിലെ മുതിർന്ന പൗരന്മാരുടെ ആരോഗ്യ സംരക്ഷണം എന്ന വിഷയത്തിൽ സാമ്പത്തിക ശാസ്ത്രത്തിൽ കേരള യൂണിവേഴ്സിറ്റിയിൽ നിന്നും ഡോക്ട്രേറ്റ് ലഭിച്ച ഷിജോ ഫിലിപ്പ്. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജ് അസി. പ്രൊഫസറും അടൂർ കണ്ണംകോട് സെ. മേരീസ് കത്തീഡ്രൽ ഇടവകാംഗവുമാണ്. തിരുവനന്തപുരം വൈ.എം.സി.എ. ഡയറക്ടർ ബോർഡ് അംഗം. ഭാര്യ: ഭാര്യ ഡോ. ബ്ലസ്സി പുലിക്കോട്ടിൽ, മകൻ: ആരോൺ ഷിജോ ഫിലിപ്പ്



പോണ്ടിച്ചേരി സെൻട്രൽ യൂണിവേഴ്സിറ്റിയിൽ നിന്നും ഫിസിക്സ് വിഷയത്തിൽ Ph. D നേടിയ ജോർജ് വി. അലക്സാണ്ടർ. കോട്ടയം ബസേലിയോസ് കോളേജ് മുൻ പ്രിൻസിപ്പൽ മാവേലിക്കര വടക്കേ ത്തലയ്ക്കൽ പറമ്പിൽ പ്രൊഫ. അലക്സാണ്ടർ വി ജോർജിന്റെയും, എലിസബേത്ത് അലക്സാണ്ടറിന്റെയും മകനാണ്. ഇദ്ദേഹത്തിന് ഇംഗ്ലണ്ടിലെ യൂണിവേഴ്സിറ്റി ഓഫ് ഷെഫീൽഡിൽ പോസ്റ്റ് ഡോക്ടറൽ റിസർച്ച് അസോസിയേറ്റ് ആയി അവസരം ലഭിച്ചിട്ടുണ്ട്.

# ഭാഗ്യസ്മരണാർഹനും
# കാരുണ്യത്തിന്റെ തേജസും
# അഭി. ഡോ. സഖറിയാ മാർ തെയോഫിലോസ് തിരുമേനി



ദയാനിധി, സൗമ്യശീലൻ, ശാന്തസ്വരൂപൻ പ്രാർത്ഥന ഉപവാസം ദാനധർമ്മം മൂവരും സദാ പിതാവിനോടൊപ്പം എന്നത്തെയും കൂടപ്പിറപ്പുകളായിക്കൂടി. വി. കുർബാനയെ പ്രണയിച്ച/പുണ്യശ്ലോകൻ ദൈവ സാന്നിധ്യം സദാ ആസ്വദിക്കുന്ന, ദൈവ സ്നേഹം സദാപകരുന്ന, ദൈവകൃപ സദാ വ്യാപരിക്കുന്ന ദൈവത്തിന്റെ പ്രതിപുരുഷൻ. മാരക രോഗത്തെ ദൈവാനുഗ്ര ഹവും, ദൈവസ്നേഹവുമായി കണ്ട സ്നേഹത്തിന്റെ ആൾരൂപം. രോഗത്തിന്റെ വേദനയിലും ആകർഷണീയമായ പുഞ്ചിരിയിലൂടെ, പൂർണ്ണ വിശ്വാസത്തോടെ, ജീവിത വിശുദ്ധിയിലൂടെ അത്ഭുതകരമായ പ്രവർത്തിയിലൂടെ അനേകരുടെ നന്മയ്ക്കായി ദൈവം തന്ന അനുഗ്രഹമാണിത്"എന്നോതിയ നല്ലിടയൻ, നമ്മുടെ മനസ്സുകളിൽ എന്നെന്നും നിറയട്ടെ ആ ദിവ്യരൂപം. നമ്മുടെ പാദങ്ങളെ പ്രകാശിപ്പിക്കട്ടെ ആ ദിവ്യശോഭ.

**മൂന്നാം ഓർമ്മപ്പെരുന്നാൾ**
**24 ഒക്ടോബർ 2020**

**Daniel Varghese and Family**
**'Kodiat', Peroorkada, Trivandrum**

**പിതാവേ അങ്ങു ഞങ്ങൾക്ക് മാർഗ്ഗദീപവും പ്രചോദനവും**
**ഞങ്ങൾക്കുവേണ്ടി മദ്ധ്യസ്ഥത അണയ്ക്കണമേ**

An Established Management : Dr C T Eapen Trust under Malankara Orthodox Syrian Church ; Since 1970

Excellence in Engineering Education : Since 2002

Green and Serene Campus : Situated along the backwaters of Sasthamcotta Lake

ISO 9001 : 2015 Certified :: STQC Certification

Comprehensive range of courses in different streams of Engineering :: AI & ML, CE, ME, EEE, ECE, CSE

State of the art infrastructure : Centralised Computer and Library facilities

Qualified & Experienced Faculties : Oriented to befit Industry Interactive Learning

Exemplary University Results : University Ranks and Department Rankings

Alumni association with notable alumni : Well positioned across the Globe

Venue of National level Conferences, Seminars and Symposiums

Innovation & Entreprenuership Development Centre (IEDC), Kerala Start Up Mission (KSUM), Govt of Kerala

Skill Training & Development Centre, Ministry of Rural Development (MoRD), Govt of India

Impeccable Placements : Career Guidance and Placement Unit (CGPU)

Extra curricular activities sanctify Academics : Technical Fests, NSS, Arts, Sports, Games, Gymnasium and so on

Hostel Facilities : Separate On & Off Campus Hostels for Boys and Girls

Transportation Facilities : College buses plying from/to various locations of Kollam, Pathanamthitta & Alleppey districts



**B-Tech Final Results : 2020**

**CE : 98.38%**

**ME : 98.15%**

**EEE : 96.45%**

**ECE : 100%**

**AEI : 93.75%**

**CSE : 100%**

NEW
**BTech in Artificial Intelligence & Machine Learning [AI & ML]**

**For online registration : Visit www.bmce.ac.in & use link https://bit.ly/2DRlxbT : Contact 94 96 32 80 09**

**For spot registration : Visit Admission Office at ORTHODOX BISHOP HOUSE, KOLLAM DIOCESE : Contact 82 81 80 15 79**

8281801579

8281289115

## BASELIOS MATHEWS II COLLEGE OF ENGINEERING

(Approved by AICTE, Affilliated to APJ Abdul Kalam Technological University)
An ISO 9001:2015 Certified Institution
Lake View, Muthupilakadu, Poruvazhy P O, Sasthamcotta, Kollam, Kerala 690520

**CODE : BMC**

**For Admissions**
8281801579 / 8281289115 / 8086434630

/Fax : +91-0476-2835579

bm2coe@gmail.com

THE MALANKARA SABHA,
CATHOLICATE ARAMANA,
KOTTAYAM-686 004

RNI No. 3076/57,
Registered No. KL/KTM/39/2018-20
License No. KL/CR/KTM/WPP-23/2018-20
Licensed to Post Without Pre-Payment

Published on
10 October/2020



# 13th Annual Remembrance Day

## H.G. Dr. Stephanos Mar Theodosius

Nov. 5
St. Thomas Ashram Bhilai

**Diocese of Calcutta**
**& St. Thomas Mission. Bhilai**

PRINTED & PUBLISHED BY FR.SHALU LUKOSE FOR AND ON BEHALF OF ORTHODOX SATHYA VISWASA PARIPALANA SAMITHY, CATHOLICATE ARAMANA, DEVALOKAM.P.O.,VIA MUTTAMBALAM, KOTTAYAM,KERALA-686004 AND PRINTED AT STERLING PRINT HOUSE (P) LTD., DOOR. NO.49/1849, PONEKKARA, CHERANALOOR ROAD, AIMS PONEKKARA. POST, COCHIN, KERALA-682041 AND PUBLISHED AT CATHOLICATE ARAMANA, DEVALOKAM P.O., VIA MUTTAMBALAM, KOTTAYAM, KERALA-686004.
EDITOR: FR. ZACHARIAH NINAN ALIAS FR.LIJESH C.RAJ.